സെപ്റ്റംബർ 2022

Price ₹25


# ജീവനും വെളിച്ചവും



# Jubilee Memorial Hospital

**Latin Archdiocese of Trivandrum**

## CARDIAC CATHLAB



## ANGIOGRAM, ANGIOPLASTY

*Little Flower College of Nursing*




**College Code - JBN.**




- **Departments :** General Medicine, General Surgery, Gynec, Pediatric, Eye, Ent, Dental, Skin, Ortho, Plastic & Cosmetic Surgery, Neurology, Neuro Surgery, Cardiology, Urology, Gastroenterology, Oncology, Psychiatry, Psychotherapy, Dialysis, Physiotherapy, Orthopaedic, Obstetric & Gynacology, Ophthalmology, Dermatology, Chest Medicine, Dentistry, Anaesthesiology, Minimally Invasive Surgery, Bariatric Surgery
- **Supportive Services :** 24 Hours Casuality, Pharmacy, Lab, CT Scan, ICU, Well Equipped OT, ECG & X-Ray, Mortuary, Ambulance(Mobile ICU), Echo, TMT, Ultra Sound Scan, Clinical Laboratory, Operation Theatre Complex, Cathlab, ESWL, Holter Facility
- **Jubilee's Pride:** Arthoscopy & Joint Replacement, Radio Frequency Ablation for Varicose Vein, Reconstractive Cancer Surgery and World Class ENT Facility

Mead's Lane, Palayam, Thiruvananthapuram - 695 034, Tel: 0471 - 3080300, 2334561, 6452020, Fax: 0471- 2330925
E-mail: jubileehospital@hotmail.com, www.jubileehospital.org

## ജീവനും വെളിച്ചവും

**തിരുവനന്തപുരം**
**ലത്തീൻ അതിരൂപത**
**പ്രസിദ്ധീകരണം**

2022 സെപ്റ്റംബർ
പുസ്തകം - 46 ലക്കം - 9
വില 25 രൂപ (വാർഷിക വരിസംഖ്യ: 300 രൂപ)

ആർച്ച്ബിഷപ്സ് ഹൗസ്
വെള്ളയമ്പലം, തിരുവനന്തപുരം-695 003.
ഫോൺ: 2724001.
www.latinarchdiocesetrivandrum.org
jeevanumvelichavum@gmail.com
www.archtvmnews.com



**രക്ഷാധികാരി**
മോസ്റ്റ് റവ. ഡോ. തോമസ് ജെ. നെറ്റോ
**സഹ രക്ഷാധികാരി**
റൈറ്റ് റവ. ഡോ. ക്രിസ്തുദാസ്
മോൺ. യൂജിൻ എച്ച് പെരേര
**ഉപദേശക സമിതി**
ഫാ. ലോറൻസ് കുലാസ്
ഫാ. ഡാർവിൻ പീറ്റർ
ഫാ. ഡാനിയേൽ ആർ.
ഫാ. ഡൈസൺ
ഫാ. സാബാസ് ഇഗ്നേഷ്യസ്
ഫാ. മൈക്കിൾ തോമസ്
ഫാ. സന്തോഷ്കുമാർ പനിയടിമ
ഫാ. ക്രിസ്റ്റിൽ റൊസാരിയോ
ഫാ. ഷാജിൻ ജോസ്
ഫാ. സിൽവസ്റ്റർ കുരിശ്
ഫാ. നിജു അജിത്
പി. ശശിധരൻ
**പത്രാധിപർ**
ഫാ. ദീപക് ആന്റോ
**സഹ പത്രാധിപർ**
ഫാ. ലെനിൻ ഫെർണാണ്ടസ്
ബർഗ്മാൻ തോമസ്
**മാനേജർ (പരസ്യവിഭാഗം)**
ഫാ. മനീഷ് പീറ്റർ
**പത്രാധിപ സമിതി**
മോൺ. ജെയിംസ് കുലാസ്
അഡ്വ. എം.എ.ഫ്രാൻസിസ്
ഇഗ്നേഷ്യസ് തോമസ്
ഡോ. സീന ഫെലിക്സ്
**ആർട്ടിസ്റ്റ്**
വർഗീസ് ജോർജ്
**ഡിറ്റിപി & ലേ-ഔട്ട്**
സുനിൽകുമാർ
**ഓഫീസ് നിർവഹണം**
ടെൽമ ജെ.വി.



*Account Details:*
State Bank of India
A/C No. 57027220934
IFSC : SBIN0070308
A/C Name : Editor, Jeevanum Velichavum


## മുഖവിചാരം

# ‘എന്റെ സമൂഹത്തിനുവേണ്ടിയാണ് എന്റെ സമരം’

തിരകൾക്കും തീരത്തടുക്കിയ ബാരിക്കേഡിനുമൊന്നും തടുക്കാനാകാതെ കേരളം മുഴുവൻ കത്തിപ്പടരുകയാണ് വിഴിഞ്ഞത്തെ സമര പോരാട്ടം.

ആരും തുണയില്ലാത്തവന് ദൈവമുണ്ടെന്ന് പറയുന്നത് സത്യമാണെന്ന് സമരത്തിന്റെ നാൾവഴികൾ പരിശോധിക്കുമ്പോൾ തോന്നിപ്പോകും. നാലാളറിയാതെ അടിച്ചമർത്താനും അവഗണിക്കാനും കിണഞ്ഞു പരിശ്രമിച്ചെങ്കിലും മത്സ്യത്തൊഴിലാളികളുടെ സമരാഗ്നി ആളിപ്പടർന്നു. അവഗണനകളിൽ നിന്നും കരുത്താർജ്ജിച്ച സമൂഹമാണ് ഈ സമരത്തിന് പിന്നിലെന്ന് അധികാരികൾക്കിപ്പോൾ ഓർമ്മ വന്നിട്ടുണ്ടാകണം.



ആരോപണങ്ങളും, അവഗണനയും, പാർട്ടി തിട്ടൂരങ്ങളും, സൈബർ ഗുണ്ടകളുടെ ആക്രമണങ്ങളും നേരിട്ടിട്ടും തങ്ങളുൾപ്പെടുന്ന സമൂഹത്തിന്റെ നിലനിൽപ്പിനായി രാവും പകലും എന്ന് നോക്കാതെ സമരച്ചൂടിലേക്ക് എടുത്തുചാടി പ്രവർത്തിച്ച അതിരൂപതയിലെ വൈദികർ തിരുവനന്തപുരം രൂപതയുടെ മാത്രമല്ല സഭാസമൂഹത്തിന്റെ മുഴുവൻ അഭിമാനമാണെന്നതിൽ സംശയമില്ല. വേണ്ടിവന്നാൽ പ്രാർത്ഥനയും, കിടപ്പുമെല്ലാം സമരപ്പന്തലിലേക്ക് മാറ്റുമെന്ന് ശക്തമായ സ്വരത്തിൽ പിതാക്കന്മാരും നിലാപാടെടുത്തതും സമരത്തിൽ രാഷ്ട്രീയം കലർത്തില്ലെന്ന ദൃഢനിശ്ചയവും കണ്ടതോടെ സമരം കേരളത്തിലെ പൊതുസമൂഹത്തിന് അവഗണിക്കാൻ പറ്റാത്തതായി.

പക്ഷേ ആരോടാണ് നമ്മളെതിരിടുന്നതെന്നത് മറക്കാനാവില്ല. ഭാരതത്തിന്റെ ചരിത്രമിന്നുവരെ കണ്ടിട്ടുള്ളതിൽവച്ചേറ്റവും ശക്തനായ അധികാരിയുടെ ഏറ്റവും ശക്തനായ പിന്തുണക്കാരൻ, തൊഴിലാളിപ്പാർട്ടിയെന്ന് വിളിപ്പേരുള്ള പാർട്ടിയെയും, തെറ്റുകളെ എതിർക്കേണ്ട പ്രതിപക്ഷ പാർട്ടികളെയും ഒരേ കുടക്കീഴിൽ നിർത്തുന്ന മായാജാലക്കാരൻ. മൂല്യങ്ങളില്ലാതെ പണംകൊണ്ട്മാത്രം പടുത്തുയർത്തിയ ഈ ബൃഹദ്സംവിധാനത്തോടാണ് സത്യവും നീതിയും മാത്രം കൈമുതലാക്കി നാം പോരാടുന്നത്.

ട്രോളിങ് നിരോധന സമരത്തിലേതുപോലെയോ, മദ്യവിരുദ്ധ സമരത്തിലേതുപോലെയോ അല്ല, ഇത് കുറച്ചുകൂടി ജനങ്ങളുടെ നിലനിൽപ്പിനുവേണ്ടിയുള്ള സമരമാണെന്ന് സമരത്തിനെത്തുന്ന സാധാരണക്കാരായ വീട്ടമ്മമാർവരെ തിരിച്ചറിയുന്നു. തിരുവനന്തപുരത്തെ മത്സ്യത്തൊഴിലാളിയെന്ന അസ്തിത്വം ഉന്മൂലനം ചെയ്യപ്പെടുമെന്ന ബോധ്യം ജനങ്ങളിൽ രൂപപ്പെട്ടു എന്നതാണ് ഈ പോരാട്ടത്തിന്റെ ഏറ്റവും വലിയ ധീരത.

എല്ലാ ദിവസവും ബസ് കയറി സമരവേദിയിലെത്തിക്കൊണ്ടിരിക്കുന്ന റൈത്ത അമ്മച്ചിക്ക് വീടും മണ്ണെണ്ണയും കിട്ടില്ലെന്ന് പറഞ്ഞപ്പോൾ അവർ പറഞ്ഞ മറുപടി അവരുടെ സ്വരത്തെക്കാളേറെ ശക്തമായിരുന്നു; ‘എന്റെ സമൂഹത്തിന് വേണ്ടിയാണ് ഞാൻ സമരത്തിന് വരുന്നത്.’

– പത്രാധിപർ

# പ്രതികരണങ്ങൾ




## ദ്രൗപതി മുർമു

'അരികുവൽക്കരിക്കപ്പെടുന്നവരിലെ അധികാരപങ്കാളിത്തം' എന്ന സിന്ധു മരിയയുടെ ആഗസ്റ്റ് ലക്കം 'ജീവനും വെളിച്ചവും' ലേഖനം, സ്വാതന്ത്ര്യഭാരതത്തിന്റെ 15-ാമത് രാഷ്ട്രപതിയായി ഒറീസയിലെ സങ്കാൾ ഗോത്രത്തിൽപ്പെട്ട ദ്രൗപതി മുർമുവിന്റെ തിരഞ്ഞെടുപ്പിനെ ലഘൂകരിച്ചുകണ്ടത് ശരിയായില്ല. തിരഞ്ഞെടുപ്പിൽ അവരെ പിന്തുണയ്ക്കേണ്ടത് എല്ലാ രാഷ്ട്രീയ പാർട്ടികളും ഏകകണ്ഠേന ആയിരുന്നില്ലേ? കോൺഗ്രസിനോടൊപ്പം ചേർന്ന് കേരളത്തിൽ മാത്രം ഒതുങ്ങിയ സിപിഎം എന്ന ഇടതുപക്ഷ പാർട്ടിപോലും ഈ തിരഞ്ഞെടുപ്പിൽ അവർക്കെതിരെ വോട്ടുചെയ്തു എന്നത് സൗകര്യപൂർവം വിസ്മരിച്ചത് ശരിയാണോ? ആ പൊള്ളത്തരത്തെയല്ലേ നാം എടുത്തുകാട്ടേണ്ടത്? അരികുവൽക്കരിക്കപ്പെട്ട മത്സ്യത്തൊഴിലാളി വർഗത്തിൽ ഒരാൾ നാളെ 'മറ്റൊരു തെരഞ്ഞെടുപ്പു ഗിമ്മിക്കിലൂടെ' ഈ സ്ഥാനത്തിൽ എത്തിയാലും നാം ഇത്തരം വാദമുഖങ്ങൾ ഉന്നയിക്കുമോ?

**- സൂബൽ ബ്രിട്ടോ**
മരിയനാട്

## മത്സ്യത്തൊഴിലാളികൾ തീരംവിടാൻ ഇടവരരുത്

**തീ**രത്ത് താമസിക്കുന്ന ഓരോ മത്സ്യത്തൊഴിലാളിയും സ്വന്തം യാനത്തിന്റെ കാവൽക്കാരൻ കൂടിയാണ്. ഏത് രാത്രിയിലും കടലിന്റെ ഇരച്ചിലും ഓങ്ങിയുള്ള അടിയും ചെവിയിൽ പതിച്ചാൽ, തിര തിട്ടക്ക് മേലെ എത്തിനോക്കിയോ അതോ കൊട്ടാങ്കളം തീർക്കുന്നുവോ എന്ന് മനസിലാക്കുവാൻ ഈ കാവൽക്കാരന് നിഷ്പ്രയാസം സാധിക്കുമെന്നതിൽ തർക്കമുണ്ടാകില്ലെന്നറിയാം.

ആനിയാടിയാകുമ്പോൾ ഉണ്ടാകുന്ന ശക്തമായ വേലിയേറ്റം കരയിൽ കയറ്റിവെച്ചിരിക്കുന്ന യാനങ്ങളെ വലിച്ചുകൊണ്ട് പോകാനോ കൂട്ടിയിടിപ്പിക്കാനോ ഇടയാക്കും. ഇത് ഒരുപക്ഷേ അർദ്ധരാത്രിയിലുമാകാമെന്നത് ഓർക്കണം. യാനങ്ങൾ നഷ്ടപ്പെട്ടാൽ ഉണ്ടാകുന്ന ആ കുടുംബത്തിന്റെ തൊഴിൽ നഷ്ടവും സാമ്പത്തിക സംഘർഷവും നികത്തുവാൻ ആരുണ്ടാകും? പൂർണമായും തീരം വിട്ട് പോകണമെന്ന് ശഠിക്കുന്നവർ പോകുമ്പോൾ യാനങ്ങൾ കൂടി കൊണ്ടുപോകണമോ എന്നതിന് ഉത്തരം നൽകാൻ തയാറാകണം. ഇനി, തീരത്തെ മുഴുവൻ യാനങ്ങളെയും സംരക്ഷിക്കാൻ ഉതകുന്ന എന്തെങ്കിലും മാർഗം ഗവണ്മെന്റ് തേടുമെന്ന് ന്യായീകരിക്കാൻ ആണോ ഉദ്ദേശിക്കുന്നത്?

മീൻ കെമ്പുന്നത് കണ്ട് കരമടി ഉച്ചവെയിലത്തും തള്ളിയിറക്കുന്നത് കണ്ടവരല്ലേ നമ്മളിലേറെയും. തീരം വിട്ട് മുകളിൽ എവിടെയോ താമസിക്കുന്ന മത്സ്യത്തൊഴിലാളിക്ക് വേളാവ്, ചൂര, നെത്തോലി ഒക്കെ കെമ്പുന്നത് കാണാൻ തീരത്ത് cctv ഒന്നും ഘടിപ്പിച്ചു പോകാൻ സാധിക്കില്ലല്ലോ? വയസായവർക്കും വലിയ രീതിയിൽ അസുഖബാധിതർക്കും ഇപ്പോൾ ആയിരിക്കുന്ന ചുറ്റുപാടിൽ നിന്നും മറ്റൊരിടത്തേക്ക് നിർബന്ധിത ഒഴിപ്പിക്കൽ സമ്മാനിക്കുന്നതിനെ വിശദീകരിക്കാൻ ഈ പോസ്റ്റ് മതിയാകില്ല. മത്സ്യബന്ധനത്തിൽ ഏർപ്പെടുന്നവർക്ക് തീരത്ത് തന്നെ താമസിക്കാൻ കഴിയണം അതിനായി തീരം സംരക്ഷിക്കപ്പെടുക തന്നെ വേണം.

**പ്രവീൺ പി. പൂവാർ**

## സ്വാതന്ത്ര്യദിനചിന്തകൾ

**ആ**ഗസ്റ്റ് ലക്കം 'ജീവനും വെളിച്ചത്തിന്റെ' 'മുഖവിചാരം' ഏറെ യാതനകളിലൂടെ രാജ്യം നേടിയെടുത്ത സ്വാതന്ത്ര്യത്തിന്റെ 75-ാം വാർഷികത്തിലൂടെ നാം കടന്നുപോകുമ്പോൾ ഭരണാധികാരികൾ മാത്രമല്ല, ഓരോ പൗരനും നാളെകളിൽ 'ഭാരതത്തിന്റെ വ്യക്തിത്വം' എന്തായിരിക്കണം എന്ന ആശങ്ക ചിന്തോദ്ദീപകമായി പറഞ്ഞുവച്ചു. പിന്നിട്ട വഴികൾ തിരിഞ്ഞുനോക്കുമ്പോൾ, മുന്നിൽ നയിക്കപ്പെടുന്ന വഴിത്താരകൾ ആശങ്ക ഉളവാക്കുന്നു. 'തീരദേശത്തിന് നേരെ തിരിഞ്ഞു നിൽക്കരുതേ' എന്ന ഫാ. ഷാജിൻ ജോസിന്റെ ലേഖനം സമാധാനപ്രിയരായ മത്സ്യത്തൊഴിലാളികളെ മുമ്പൊരിക്കലും കാണാത്ത വിധം ഈ വറുതിക്കാലത്ത് സമരങ്ങളിലേക്ക് നിർബന്ധിക്കുന്നതിന്റെ കാര്യകാരണം വിശദീകരിക്കുന്നു. സാധാരണക്കാരുടെയും പാർശ്വവൽക്കരിക്കപ്പെട്ടവരുടെയും നീറുന്ന പ്രശ്നങ്ങളോട് തീർത്തും സംവേദനക്ഷമത കാണിക്കുന്ന, അഴിമതിയും സ്വജനപക്ഷപാദവും മുഖമുദ്രയും, പേഴ്സണൽ സ്റ്റാഫ് പോലും പങ്കിട്ടെടുത്ത്, ഉറ്റവർക്കും ഉടയവർക്കും പെൻഷൻ വരെ ഉറപ്പാക്കാൻ വ്യഗ്രത കാട്ടുന്ന സർക്കാർ, തീർത്തും ലാഭകരമല്ലാത്ത വിഴിഞ്ഞം തുറമുഖവും സിൽവർ ലൈനും ഏതു രീതിയിൽ ജനങ്ങളെ ദുരിതത്തിൽ ആക്കുന്നുവെന്ന് ഈ ലേഖനം തുറന്നു കാട്ടുന്നു.

**നോയൽ പാട്രിക്**, ശ്രീകാര്യം

## ഒളിപ്പോര്

**ബ**ർണാർഡ് മൊറൈസിന്റെ കവിത: 'ഒളിപ്പോര്' (ആഗസ്റ്റ് ലക്കം) ജീവന്റെ വേവും നോവും ഉപ്പുമണവും മീൻമണവും അധികാരികളോടുള്ള അമർഷവും പ്രതിഷേധവും വളരെ തന്മയത്വത്തോടെ വരച്ചിടുന്നു. ഇവ്വിധം എത്രകാലം സഹിക്കും എന്ന് അധികാരികളുടെ നേർക്ക് കാർക്കിച്ചുതുപ്പുന്നത് നാളെ ഒരുപക്ഷേ, സംഭവിക്കാനിരിക്കുന്നതാകാം. കവി അത് മുൻകൂട്ടി കണ്ടു.

**- സോയ തോമസ്**

# താളുകളിൽ


**ഒരു ജനതയെ അന്യവൽക്കരിക്കാൻ 'ഒരു പദ്ധതി'** 6
എം. ജോൺസൺ റോച്ച്

**കടലിന്റെ മക്കളുടേത് നിലനിൽപ്പിനായുള്ള പോരാട്ടം** 10
മോൺ. യൂജിൻ എച്ച്. പെരേര

**ആദാനി തുറമുഖവും ദേശാഭിമാനിയും** 16
എ.ജെ. വിജയൻ

**കേരളസഭാ നവീകരണം** 20
ഫാ. എഡിസൻ വൈ.എം.

**വർത്തമാനം** 22
ബർഗ്മാൻ തോമസ്

*കഥ:*

**വെള്ളക്കാരൻ** 14
പ്രവീൺ

**ആലിംഗനം** 24
ഫൗസ്റ്റിൻ ജോസഫ്

*കവിത:*

**കണക്കിൽപ്പെടാത്തവർ** 15
ഡോ. ഐറിസ് കൊയ്‌ലിയോ

**കടൽത്തീരത്ത് ഒറ്റയ്ക്ക്** 19
ഡിക്സൺ ജോർജ്

**വായന** 25
സിന്ദുമോൾ തോമസ്

**ചരിത്രപഥം** 26
ഇഗ്നേഷ്യസ് തോമസ്

**വാർത്തകൾ** 28

**സിനിമ** 32
സുനിൽ സി. ഇ

**നീർച്ചാൽ** 34

**വചനജ്വാല** 40

**നേർക്കാഴ്ച** 42
ജെ.സി.











**വിഴിഞ്ഞം വാണിജ്യതുറമുഖം നാടിന് വികസനമല്ല സമ്മാനിക്കാൻ പോകുന്നത്, വിനാശമാണ്.**

# ഒരു ജനതയെ അന്യവൽക്കരിക്കാൻ 'ഒരു പദ്ധതി'



**എം. ജോൺസൺ റോച്ച്**

വികസനത്തിന്റെ അയഥാർത്ഥ വാദമുഖങ്ങൾ ഉന്നയിച്ച്, ഭരണകൂടവും കോർപ്പറേറ്റുകളും മാധ്യമങ്ങളും ഒന്നുചേർന്ന് പൊതുജനബോധത്തെ അട്ടിമറിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് വിഴിഞ്ഞം തുറമുഖം. പ്രതിവാദമുഖങ്ങൾ തുറക്കുന്നവരെ 'വികസനവിരോധി'കളെന്ന് ചാപ്പകുത്തി തുരത്തി ഓടിച്ചുകൊണ്ടിരിക്കുന്നു. ഒരു കാലഘട്ടത്തിന്റെ നേർക്കാഴ്ചയായി വികസന വ്യാമോഹങ്ങൾ കുത്തിനിറച്ച് വിഴിഞ്ഞം തുറമുഖമെന്ന വ്യാമോഹപ്പക്ഷിയെ നമ്മുടെ മുന്നിലേക്ക് തുറന്നുവിട്ടിരിക്കുകയാണ്. ഇതിനായി ആദാനിക്ക് പൊതുഖജനാവും, പൊതുവിഭവങ്ങളും, ഭൂമിയും പരസ്യമായി തന്നെ കൈമാറ്റം ചെയ്യപ്പെട്ടിരിക്കുകയാണ്.

വിഴിഞ്ഞം വാണിജ്യതുറമുഖം ഒട്ടും ലാഭകരമല്ലെന്ന് ഉറപ്പുള്ളതുകൊണ്ടാണ് നാലുപ്രാവശ്യം ഓപ്പൺ ടെൻഡർ വിളിച്ചിട്ടും ലാഭക്ഷമതയില്ലെന്നും, നഷ്ടമുണ്ടാകുമെന്നും ലോകത്തിലെ പ്രമുഖ ട്രാൻസ്ഷിപ്പ്മെന്റ് കമ്പനികളെല്ലാം വിലയിരുത്തിയതിനുശേഷം അവർ മുഖം തിരിച്ചുകളഞ്ഞു. ആ സ്ഥാനത്തേക്കാണ് ആദാനി സ്വന്തം താല്പര്യങ്ങളും ലക്ഷ്യങ്ങളും പൂർണമായും സംരക്ഷിച്ചുകൊണ്ട് രംഗപ്രവേശനം ചെയ്തിരിക്കുന്നത്. ഈ സംരക്ഷണത്തിൽ മുഖ്യമായും നിഴലിക്കുന്നത് തുറമുഖത്തിനായി ഏറ്റെടുക്കുന്ന ഭൂമിയുടെ മൂന്നിലൊന്നായ 128 ഏക്കർ, തുറമുഖേതര ആവശ്യങ്ങൾക്കായി ഉപയോഗിക്കാമെന്ന വ്യവസ്ഥയാണ്. ഫീസി

ബിലിറ്റി റിപ്പോർട്ടിന്റെ 12-ാം പേജിൽ റിയൽ എസ്റ്റേറ്റ് ഡവലപ്മെന്റ് നമ്മുടെ ഭൂമിയിൽ എങ്ങനെയാണ് ആദാനി ഗ്രൂപ്പ് നടപ്പിലാക്കുന്നതെന്ന് വിവരിക്കുന്നത് ഇങ്ങനെയാണ്: "റസിഡൻഷ്യൽ ഫ്ളാറ്റുകൾക്ക് 45.42ലക്ഷം ചതുരശ്ര അടി, ചെലവ് 1172 കോടി രൂപ. റീട്ടെയിൽ ഷോപ്പിംഗ് മാളുകൾക്ക് 38.41 ലക്ഷം ചതുരശ്ര അടി, ചെലവ് 1055 കോടി രൂപ. ആഡംബര ഹോട്ടലിന് 2.59 ലക്ഷം ചതുരശ്ര അടി, ചെലവ് 180 കോടി രൂപ. വാണിജ്യ ഓഫീസ് കെട്ടിടങ്ങൾക്ക് 13.7 ലക്ഷം ചതുരശ്ര അടി, ചെലവ് 459 കോടി രൂപ. മിഡ് മാർക്കറ്റ് ഹോട്ടലിന് 1.83 ലക്ഷം ചതുരശ്ര അടി, ചെലവ് 81 കോടി രൂപ". മുകളിൽപ്പറഞ്ഞവയ്ക്ക് 105 ഏക്കർ ഉപയോഗിക്കുമ്പോൾ ടൂറിസ്റ്റ് കെട്ടിടങ്ങൾക്ക് 23 ഏക്കറും 413 കോടി രൂപയുമാണ് ചെലവഴിക്കുന്നത്. റിയൽ എസ്റ്റേറ്റ് വികസനത്തിനായി 3380 കോടി രൂപയാണ് ആദാനി നിക്ഷേപിക്കാൻ പോകുന്നത്.

എന്നാൽ ആദാനിക്ക് നമ്മിൽ നിന്നും കിട്ടുന്ന ഭൂമിയിൽ റസിഡൻഷ്യൽ ഫ്ളാറ്റ്, അഡംബര ഹോട്ടൽ മുതലായ റിയൽ എസ്റ്റേറ്റ് വ്യവസായം കൊഴുക്കുമെന്നതിൽ സംശയമില്ല. അതിനായി ആദാനി കുറഞ്ഞ കൂലിക്ക് ഉത്തരേന്ത്യയിൽ നിന്നും തൊഴിലാളികളെ കൊണ്ട് നിറയ്ക്കാനാണ് സാധ്യത. തുറമുഖ നിർമ്മാണവുമായി നടന്നുകൊണ്ടിരിക്കുന്ന തൊഴിലുകളിലും തദ്ദേശവാസികളെ കാണാനില്ല. തുറമുഖത്തിൽ ഉണ്ടാകുന്ന തൊഴിലുകൾക്കേ നാം ഉണ്ടാക്കിയ തൊഴിൽ കരാർ വ്യവസ്ഥ ബാധകമാവുകയുള്ളൂ. പദ്ധതി റിപ്പോർട്ടിൽപ്പോലും തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് 200 ലധികം തൊഴിൽ സാധ്യത പറഞ്ഞിട്ടില്ല. ഇതിൽ തുറമുഖത്തിൽ സ്ഥിരം തൊഴിലാളികൾ 600 ന് താഴെയും അസ്ഥിര തൊഴിലാളികൾ 1300 ന് താഴെയുമേ പരമാവധി ഉണ്ടാവുകയുള്ളൂ. 2000 ത്തിന് താഴെയുള്ള തൊഴിലിനുവേണ്ടി ഉറപ്പുള്ളൊരു സമൂഹമായി ജീവിക്കുന്ന മത്സ്യത്തൊഴിലാളികളുടെ തൊഴിലും, അതിനോടനുബന്ധിച്ച് തൊഴിലെടുക്കുന്ന നിരവധിപേരുടെ തൊഴിലുമാണ് നഷ്ടപ്പെടാൻ പോകുന്നത്. വന്നെത്താൻ സാധ്യതയുണ്ടെന്ന് പറയുന്ന മദർഷിപ്പുകളിൽ നിന്നും ചെറിയ ഫീഡർ ഷിപ്പുകളിലേക്ക് ക്രെയിൻ ഉപയോഗിച്ച് കണ്ടെയ്നറുകൾ മാറ്റുന്നതിനാൽ മനുഷ്യാധ്വാനം വളരെ കുറച്ചേ വേണ്ടിവരുന്നുള്ളൂ. പുതിയ തൊഴിൽ കിട്ടുമെന്ന് മത്സ്യത്തൊഴിലാളികൾക്കിടയിൽ വ്യാജ പ്രചരണം നടത്തി കബളിപ്പിക്കുകയാണ്.

വിഴിഞ്ഞം പ്രകൃതിദത്ത തുറമുഖമാണെന്ന് പ്രചരിപ്പിച്ചത് കള്ള പ്രചരണമായിരുന്നു. പ്രകൃത്യാ തന്നെ സുരക്ഷിതമായ ഇടങ്ങളിൽ കപ്പലുകൾക്ക് അടുപ്പിക്കാൻ കഴിയുന്നവിധമുള്ള തുറമുഖങ്ങളാണ് പ്രകൃതിദത്ത തുറമുഖങ്ങൾ, മുംബൈ, കൊച്ചി, ഗോവ തുറമുഖങ്ങൾ പ്രകൃതി ദത്തമാണ്. അവയ്ക്ക് പുലിമുട്ടുകൾ നിർമ്മിക്കേണ്ട ആവശ്യമില്ല. ബർത്തുകൾ മാത്രം നിർമ്മിച്ചാൽ മതി. നദികൾ കടലുമായി സന്ധിക്കുന്നിടവും, ചെറുദ്വീപുകൾ ഉള്ള മേഖലയുമാണ് പ്രകൃതിദത്ത തുറമുഖങ്ങളായി രൂപപ്പെടുന്നത്. വിഴിഞ്ഞം വാണിജ്യ തുറമുഖമാകട്ടെ വിഴിഞ്ഞം മത്സ്യബന്ധന തുറമുഖത്തുനിന്നും 450 മീറ്റർ തെക്കുഭാഗത്തെ മുല്ലൂർ കടപ്പുറത്തുനിന്നും 165 ഏക്കർ കടൽ നികത്തി 1.20 കിലോമീറ്റർ കടലിന് നേർദിശയിൽ പുലിമുട്ടുകൾ നിർമ്മിച്ചശേഷം 3.2 കിലോമീറ്റർ കടൽ തീരത്തിന് സമാന്തരമായി നീളത്തിൽ തെക്കോട്ട് പുലിമുട്ട് നിർമ്മിച്ച് ചൊവ്വരയിൽ നിർമ്മാണം അവസാനിപ്പിച്ച് 400 മീറ്റർ വീതിയുള്ള പ്രവേശന കവാടത്തിലൂടെ 16 മീറ്റർ ഡ്രാഫ്റ്റുവരെയുള്ള (കപ്പൽ വെള്ളത്തിനടിയിൽ താഴ്ന്നു നിൽക്കുന്ന അളവ്) മദർഷിപ്പുകൾ പ്രവേശിക്കാനും കടന്നുപോകാനുമുള്ള കൃത്രിമ നിർമ്മാണ ട്രാൻസ്ഷിപ്പ്മെന്റ് തുറമുഖമാണ് വിഴിഞ്ഞം വാണിജ്യ തുറമുഖം.

ഈ കൃത്രിമ തുറമുഖ നിർമ്മാണത്തിലൂടെ പരിസ്ഥിതിക്ക് സംഭവിക്കുന്ന പ്രത്യാഘാതങ്ങളും മത്സ്യമേഖലയിലെ തൊഴിൽ ഭീഷണിയും അവരുടെ അവാസവ്യവസ്ഥയും കണക്കിലെടുക്കാതെയാണ് സർക്കാർ പദ്ധതിയുമായി മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്നത്. തീരദേശവാസികളുടെ ആശങ്കയിൽ പ്രധാനമായും മുന്നിട്ടു നിൽക്കുന്നത് പുലിമുട്ടു നിർമാണവുമായി ബന്ധപ്പെട്ടതാണ്. പുലിമുട്ട് നിർമ്മിക്കുന്നതിന്റെ വടക്കുഭാഗത്ത് വ്യാപകമായ രീതിയിൽ കര കടലെടുത്ത് തീരശോഷണം ഉണ്ടാകുന്നതായും, പുലിമുട്ടിന് തെക്കു തീരങ്ങളിൽ മണൽ വന്നടിയുന്നതുമായാണ് കണക്കാക്കപ്പെടുന്നത്. വിഴിഞ്ഞം മത്സ്യബന്ധന തുറമുഖം വന്നതിനുശേഷമാണ് തുറമുഖത്തിന് വടക്കുഭാഗത്തെ പനത്തുറ മുതൽ വലിയതുറ വരെ വൻതോതിൽ കടൽ കരയെ വിഴുങ്ങിയത്. ഇതിനെ പ്രതിരോധിക്കാനായി



പലതവണ കടൽഭിത്തി കെട്ടിയിട്ടും അതെല്ലാം തകർത്തുകൊണ്ട് ഈ ഭാഗത്തേക്ക് കടൽ ഇരച്ചുകയറുകയാണ് ഉണ്ടായത്. മറിച്ചൊരു പ്രതിഭാസം കൂടി സൃഷ്ടിക്കപ്പെട്ടത് അടിമലത്തുറ മുതൽ പൂവാർ വരെ പുത്തൻകര വച്ചതാണ്. ഇത് രണ്ടും കേന്ദ്രസർക്കാരിന്റെ ഓദ്യോഗിക പഠനവും ശരിവച്ചിട്ടുണ്ട്. എന്നാൽ ഈ പ്രശ്നം പദ്ധതിയുടെ പാരിസ്ഥിതിക ആഘാതപഠനത്തിൽ ഉൾപ്പെടുത്തിയിരുന്നില്ല. ഇക്കാര്യങ്ങൾ പബ്ലിക് ഹിയറിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നെങ്കിലും ഈ പരാമർശം അടങ്ങിയ ഭാഗം നീക്കം ചെയ്ത റിപ്പോർട്ടാണ് കേന്ദ്രസർക്കാരിന് നൽകി പാരിസ്ഥിതിക അനുമതി നേടിയത്.

വിഴിഞ്ഞം മാതൃകയിൽ തിരുവനന്തപുരം ജില്ലയിലെ മുതലപ്പൊഴിയിൽ 200 മീറ്റർ പുലിമുട്ട് നിർമ്മിച്ചപ്പോൾ തന്നെ വടക്കുഭാഗത്തെ താഴംപള്ളി, പൂന്തുറ, അഞ്ചുതെങ്ങ് കടലോരങ്ങൾ കടൽ കവർന്നെടുക്കുകയുണ്ടായി. കന്യാകുമാരി ജില്ലയിലെ ഇരയിമ്മൻ തുറയിൽ ഫിഷിംഗ് ഹാർബറിനായി പുലിമുട്ട് നിർമ്മാണം തീർന്നപ്പോൾ തന്നെ തൊട്ടുവടക്കോട്ടുള്ള തൂത്തൂർ, ചിന്നത്തുറ, പുത്തൻതുറ, വള്ളവിള തീരഗ്രാമങ്ങൾ കടലാക്രമണത്തിനിരയായി. വടക്കുനിന്നും തെക്കോട്ട് പുലിമുട്ട് നിരമ്മിച്ചിട്ടുള്ള പൊന്നാനി, ബേപ്പൂർ തുറമുഖങ്ങൾ, കണ്ണൂർ മാപ്പിള ഫിഷിംഗ് ഹാർബർ എന്നിവിടങ്ങളിൽ വടക്കുഭാഗങ്ങളിലെ കരയെ കടൽ കവർന്നതായി സെന്റർ ഫോർ സസ്റ്റൈനബിൾ കോസ്റ്റൽ മാനേജ്മെന്റിന്റെ പഠനം ചൂണ്ടിക്കാണിക്കുന്നുണ്ട്.

തെക്കോട്ട് പുലിമുട്ട് നിർമ്മിക്കുമ്പോൾ വടക്കുഭാഗത്ത് തീരശോഷണം ഉണ്ടാകാൻ കാരണം മൺസൂൺ കാലത്തെ മഴവെള്ളപ്പാച്ചിലിൽ തെക്കുഭാഗത്തെ കടലിൽ മണൽ നിക്ഷേപിക്കപ്പെടുന്നതുകൊണ്ടാണ്. തുടർന്ന് കടലിന്റെ സ്വാഭാവികമായ പ്രക്രിയ എന്ന നിലയിൽ തെക്കുനിന്നും മൺസൂൺകാലം കഴിഞ്ഞ് ശക്തികുറഞ്ഞ കടലൊഴുക്ക് വടക്കോട്ട് തുടങ്ങുമ്പോൾ തെക്കുനിന്നുമെത്തുന്ന മണലിന് സഞ്ചരിക്കാൻ പുലിമുട്ട് തടസം സൃഷ്ടിക്കുന്നു. തുറമുഖത്തിന്റെ വടക്കുഭാഗത്തു നിലനിൽക്കുന്ന മണൽ ഈ തിരിച്ചുള്ള ഒഴുക്കിൽ അവിടെനിന്ന് വീണ്ടും വടക്കുഭാഗങ്ങളിലേക്ക് ഒലിച്ചുപോവുകയും ചെയ്യുമ്പോൾ ഹാർബറുകളുടെ തെക്ക്-വടക്ക് ഭാഗങ്ങളിൽ കര നഷ്ടപ്പെടുന്നതായാണ് കണക്കാക്കപ്പെടുന്നത്. അത് എന്തുതന്നെയായാലും ഹാർബറുകളുടെ വടക്കുഭാഗങ്ങളിൽ കര നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നതാണ് അനുഭവം പഠിപ്പിച്ചിരിക്കുന്നു.വടക്കുഭാഗം പദ്ധതി പ്രദേശങ്ങളിൽ ഉൾപ്പെട്ടുവരാത്തതിനാൽ തുറമുഖപദ്ധതിമൂലമുള്ള ദുരന്തമായി കണക്കാക്കപ്പെടാനുള്ള സാധ്യതയുമില്ല.

പുലിമുട്ടുനിർമാണത്തിന്റെ ഫലമായി വിഴിഞ്ഞം ഷിപ്പിംഗ് തുറമുഖ മേഖലയിലേക്ക് കൂടുതൽ കടലൊഴുക്ക് ഉണ്ടാകുമെന്നും ഈ മേഖലയിൽ കടൽ പ്രക്ഷുബ്ധമാകുമെന്നും സമുദ്രശാസ്ത്രജ്ഞന്മാർ ചൂണ്ടിക്കാണിക്കുന്നുണ്ട്. വിഴിഞ്ഞത്ത് നിലവിലുള്ള മത്സ്യബന്ധന തുറമുഖത്തേക്കാൾ 800 മീറ്റർ കൂടുതൽ കടലിന് നേർദിശയിൽ കടലിലേക്ക് പുലിമുട്ട് നിർമ്മിക്കുന്നതിനാൽ മത്സ്യബന്ധന തുറമുഖത്ത് കടൽക്ഷോഭം ഉണ്ടാകുമെന്ന് 2011 ൽ കേന്ദ്രപരിസ്ഥിതി മന്ത്രാലയം സമ്മതിച്ചതാണ്. വാണിജ്യതുറമുഖം വരുന്നതോടെ വിഴിഞ്ഞം മത്സ്യബന്ധന തുറമുഖത്തിൽ നിന്നും മീൻപിടുത്തത്തിനായുള്ള പോക്കുവരവ് കടൽക്ഷോഭം മുഖേന നിലയ്ക്കുമെന്നാണ് സമുദ്ര വിദഗ്ധർ കണക്കുകൂട്ടുന്നത്. ഇപ്പോൾ കടൽ ക്ഷോഭകാലഘട്ടങ്ങളിൽ പൊഴിയൂർ മുതൽ അഞ്ചുതെങ്ങുവരെയുള്ള പ്രദേശത്തെ മത്സ്യത്തൊഴിലാളികൾ മീൻപിടിക്കാൻ പോകുന്നത് വിഴിഞ്ഞം മത്സ്യബന്ധന തുറമുഖം വഴിയാണ്. വാണിജ്യതുറമുഖം നിമിത്തം അതും അസാധ്യമാകാൻ പോകുകയാണ്.

വിഴിഞ്ഞം വാണിജ്യ തുറമുഖത്തിലേക്ക് കപ്പലുകൾക്ക് പ്രവേശിക്കാനും മടങ്ങിപ്പോകാനും കപ്പൽചാലിനായി നിശ്ചയിച്ചിട്ടുള്ളത് തെക്കുഭാഗത്തെ പൂവാർ മുതൽ അടിമലത്തുറ വരെയുള്ള കടൽമേഖലയാണ്. ഈ കപ്പൽ ചാലിനായി 24 മീറ്റർ ആഴം വേണമെന്നാണ് ഡ്രാഫ്റ്റ് കൺസ്ട്രക്ഷൻ എഗ്രിമെന്റിന്റെ 180-ാം പേജിൽ പറഞ്ഞിരിക്കുന്നത്. എന്നാൽ ഈ ഭാഗത്തിനും പുലിമുട്ടിനും ബർത്തിനുമിടയിലും 16 നും 20 നും മീറ്ററിനും ഇടയ്ക്കാണ് ആഴം ഉള്ളത്. നിർദ്ദിഷ്ട ആഴത്തിനായി ഡ്രെഡ്ജിംഗ് വേണ്ടിവരുമെന്ന് തുറമുഖത്തിന്റെ പരിസ്ഥിതി പഠന റിപ്പോർട്ടിൽ തന്നെ പറയുന്നുണ്ട്. നമ്മുടെ ഭൂമിയുടെ പ്രത്യേകത അനുസരിച്ച് മഴവെള്ളത്തോടൊപ്പം എത്തുന്ന മണൽ പുലിമുട്ട് നിർമ്മാണത്തോടെ കടലിന്റെ ഒഴുക്കിനനുസരിച്ച് സഞ്ചരിക്കാത്തതിനാൽ ഇടയ്ക്കിടെ ഡ്രഡ്ജിംഗ് നടത്തേണ്ടിവരുമെന്ന് സമുദ്രവിദഗ്ധർ ചൂണ്ടിക്കാണിക്കുന്നു. ഡ്രഡ്ജിംഗ് നിമിത്തം ഈ ഭാഗത്തെ ജൈവവൈവിധ്യം പൂർണമായും നശിക്കും. മത്സ്യസമ്പത്ത് ഇല്ലാതാകും. പൂവാർ മുതൽ അടിമലത്തുറവരെയുള്ള മത്സ്യത്തൊഴിലാളികൾക്ക് ഈ ഭാഗത്ത് മത്സ്യബന്ധനം അസാധ്യമാകും. മാത്രമല്ല, ഇവർക്ക് മത്സ്യബന്ധനത്തിന് പോകാൻ തടസങ്ങളും ഉണ്ടാകും. പ്രത്യേകിച്ചും, ചെറുകിട മീൻപിടുത്തക്കാരുടെ മത്സ്യബന്ധനത്തെ തടസപ്പെടുത്തിക്കൊണ്ടിരിക്കും. കടൽ അപകടങ്ങൾ ഒരു തുടർക്കഥയാകും. മത്സ്യത്തൊഴിലാളികളുടെ ജീവൻ അപകടത്തിലും, യാനങ്ങളുടെ തകർച്ചയിലും പര്യവസാനിക്കും. അപകടങ്ങൾ വർധിക്കുമ്പോൾ ഭാവികാലത്ത് പോർട്ടുമേഖലയിലും നിർദ്ദിഷ്ട കപ്പൽ ചാലിലും മത്സ്യബന്ധനം നിരോധിക്കാനാണ് സാധ്യത.

ഈ കപ്പൽചാൽ പ്രദേശം അതിസമ്പന്നമായ ജൈവവൈവിധ്യം നിലനിൽക്കുന്ന മേഖലയാണ്. സമുദ്ര ആവാസവ്യവസ്ഥയുടെ സുസ്ഥിരത നിലനിർത്താനായി നിരവധി സമുദ്രജീവികളും സസ്യങ്ങളും ഈ മേഖലയിലുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. കടൽ നികത്തിയുള്ള ബർത്തുനിർമാണവും, പുലിമുട്ടുനിർമാണവും ഈ ഭാഗത്തെ ജൈവവ്യവസ്ഥയെയാണ് നഷ്ടപ്പെടുത്താൻ പോകുന്നത്. സമുദ്രജീവികളുടെ നിലനിൽപ്പിന്റെ ആധാരം സമുദ്രത്തിന്റെ അടിത്തട്ടിലെ ജൈവാവസ്ഥയാണ്. കപ്പലുകളിൽ നിന്നും വിസർജ്ജിക്കുകയും, തള്ളപ്പെടുകയും ചെയ്യുന്ന മാലിന്യങ്ങൾ മുഖേന മത്സ്യങ്ങൾ ഈ ഭാഗത്ത് തങ്ങാനും സാധ്യതയില്ല. പവിഴപ്പുറ്റുകളും കടൽക്കാടുകളും കൊണ്ട് സമ്പന്നമായ വാഡ്ജ്




**ഒരു കാലഘട്ടത്തിന്റെ നേർക്കാഴ്ചയായി വികസന വ്യാമോഹങ്ങൾ കുത്തിനിറച്ച് വിഴിഞ്ഞം തുറമുഖമെന്ന വ്യാമോഹപ്പക്ഷിയെ നമ്മുടെ മുന്നിലേക്ക് തുറന്നുവിട്ടിരിക്കുകയാണ്**

ബാങ്കും വിഴിഞ്ഞത്തിന്റെ ഉൾക്കടലിലാണ്. ഇവിടമാണ് മത്സ്യസമ്പത്ത് പെരുകുന്ന മത്സ്യപ്രജനനം നടക്കുന്ന സ്ഥലം. ഈ ഭാഗത്തെ ജൈവവൈവിധ്യം വാഡ്ജ്ബാങ്കിന്റെ സ്ഥാനവുമാണ് നമുക്ക് എല്ലാക്കാലവും മത്സ്യം ലഭിക്കാൻ കാരണമായി തീർന്നുകൊണ്ടിരിക്കുന്നത്. വാണിജ്യതുറമുഖം വരുന്നതോടുകൂടി നമ്മുടെ കടലിലെ മത്സ്യം നമുക്ക് വിലകൊടുത്ത് വാങ്ങാൻ പോലും കിട്ടാതെയാകും. മദർഷിപ്പുകളുടെയും മറ്റു കപ്പലുകളുടെയും നിരന്തരമായ പോക്കുവരവ് വാഡ്ജ്ബാങ്കിന്റെ നിലനിൽപ്പിനേയും ഇല്ലാതാക്കും.

ഈ വാണിജ്യതുറമുഖത്തിന് രണ്ടുതവ കേന്ദ്ര പരിസ്ഥിതി മന്ത്രാലയം അനുമതി നിഷേധിച്ചതാണ്. നിഷേധിക്കാൻ പറഞ്ഞ പ്രധാനകാരണം ഇതാണ്. വിഴിഞ്ഞം മണ്ണൊലിപ്പ് കൂടുതലുള്ള തീരമാണ്. അത്തരം തീരങ്ങൾ തുറമുഖത്തിന് യോഗ്യമല്ല. പതിനായിരങ്ങൾ തിങ്ങിപ്പാർക്കുകയും മത്സ്യബന്ധനം ഉപജീവനമായി സ്വീകരിക്കുകയും ചെയ്യുന്നതിനാൽ അവരുടെ തൊഴിലിനും ഭീഷണിയാകും. വാണിജ്യ തുറമുഖ നിർമ്മാണം തൊട്ടടുത്ത മത്സ്യബന്ധന തുറമുഖത്തെ കാര്യമായി ബാധിക്കും. ജനനിബിഡമായി തിങ്ങി ജീവിക്കുന്നവരുടെ ആവാസവ്യവസ്ഥയ്ക്ക് താളം തെറ്റും. ജയറാം രമേശിനെ പരിസ്ഥിതി മന്ത്രാലയത്തിൽ നിന്നും ഒഴിവാക്കിയതോടെയാണ് ഈ പരിസ്ഥിതി പ്രശ്നങ്ങളെല്ലാം തൃണവത്ഗണിക്കപ്പെട്ടത്.

തീരദേശ പരിപാലന നിയമപ്രകാരം, അസാധാരണ സ്വാഭാവിക സൗന്ദര്യമുള്ള കടലോരങ്ങളിൽ, 2011 വരെ വിഴിഞ്ഞം ഉൾപ്പെട്ടിരുന്നു. പദ്ധതിപ്രദേശം പാറകൾ കടലിലേക്ക് തള്ളിനിൽക്കുന്ന പ്രദേശമായതിനാൽ അതിലോല പട്ടികയിൽ ഉൾപ്പെടുത്തിയിരുന്നതാണ്. തീരദേശ പരിപാലന നിയമഭേദഗതിയിലൂടെ ഈ പ്രദേശത്തെ സിആർഇസഡ് ഒന്നിൽ നിന്നും ഒഴിവാക്കിയശേഷം എൽ ആന്റ് റീ റാബോളിനെ ഈ മേഖലയിലെ പരിസ്ഥിതി പഠനത്തിനായി നിയോഗിക്കുകയും ചെയ്തു. പബ്ലിക് ഹിയറിംഗിൽ വിഴിഞ്ഞത്തെ മണ്ണൊലിപ്പ് പ്രശ്നങ്ങളും വാണിജ്യതുറമുഖം മൂലം മത്സ്യബന്ധനത്തിന് ഉണ്ടാകുന്ന ബുദ്ധിമുട്ടുകളും, ഹരിത ട്രൈബ്യൂണലിൽ വിദഗ്ധർ ബോധിപ്പിച്ചതാണ്. എന്നാൽ, ഇവിടത്തെ കടലിലെ ജൈവ വൈവിധ്യങ്ങളും, മനുഷ്യരുടെ ആവാസവ്യവസ്ഥയും മറച്ചുവച്ച് പരിസ്ഥിതി മന്ത്രാലയത്തിന് റിപ്പോർട്ട് സമർപ്പിക്കുകയാണുണ്ടായത്.

വിഴിഞ്ഞം തുറമുഖം പ്രവർത്തിച്ചുതുടങ്ങിയാൽ പദ്ധതിയുടെ ഭാഗമല്ലാത്ത സ്വാഭാവിക പ്രക്രിയ എന്ന നിലയിൽ ഒരു ജനത മുഴുവൻ അന്യവൽക്കരിക്കപ്പെടാൻ പോകുന്ന കാഴ്ചയാണ് കാണാൻ പോകുന്നത്. ഇതുവരെ സ്വന്തം അസ്തിത്വം നഷ്ടപ്പെടുത്താതെ മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുന്ന ഒരു ജനത ഇവിടെ നിന്ന് ചിന്നിച്ചിതറി പലായനം ചെയ്യുന്ന കാഴ്ച ഭാവിയിലുണ്ടാകും. വിനാശകരമായൊരു വികസനത്തിന്റെ പേരിൽ ഒരു തൊഴിലാളി വർഗത്തിന്റെ ജീവിക്കാനുള്ള അവകാശത്തിന്മേലുള്ള കടന്നുകയറ്റാണ് വിഴിഞ്ഞം വാണിജ്യതുറമുഖം. ഇത് നമ്മുടെ നാടിന് വികസനമല്ല സമ്മാനിക്കാൻ പോകുന്നത്, വിനാശമാണ്. ■

ലേഖനം



**പോർട്ട് നിർമ്മാണം സൃഷ്ടിക്കുന്ന പാരിസ്ഥിതിക ആഘാതം വളരെ വലുതാണ്. പുലിമുട്ട് നിർമ്മാണവും പശ്ചിമഘട്ട മലനിരകൾ തകർത്തുകൊണ്ട് നടത്തുന്ന ഖനനവും പ്രകൃതി ദുരന്തങ്ങൾക്കിടയാക്കും**

# കടലിന്റെ മക്കളുടേത് നിലനിൽപ്പിനായുള്ള പോരാട്ടം



മോൺ. യൂജിൻ എച്ച്.പെരേര

**ക**ടൽ കടലിന്റെ മക്കൾക്കും കാട് കാടിന്റെ മക്കൾക്കും എന്നും പറഞ്ഞിടത്ത് തീരദേശവാസികളെയും, കാടിന്റെ മക്കളെയും അവരുടെ ജന്മഭൂമിയിൽ നിന്നും ആട്ടിപായിക്കാനുള്ള നിഗൂഢനീക്കങ്ങളാണ് നടന്നുവരുന്നത്. വനവാസികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനായി പോരാടിക്കൊണ്ടിരുന്ന, സ്റ്റാൻ സ്വാമി എന്ന ഈശോ സഭാ വൈദീകനെ അന്യായമായി ജയിലിലിലടച്ചു. 'എനിക്ക് ദാഹിക്കുന്നു' എന്നു പറഞ്ഞ വയോധികന് ഒരു സ്ട്രോ പോലും നിഷേധിച്ച ഭരണകൂട ഭീകരത. ഈ ഭീകര സമീപനം തന്നെയാണ് കടലിന്റെ മക്കളോടും ഭരണകൂടം സ്വീകരിച്ചു വരുന്നത്. കടൽത്തീരവും തീരദേശ വാസികളും നിലനിൽപ്പിന്റെ വലിയ ഭീഷണി നേരിടേണ്ടിവരും എന്ന് കൃത്യമായി റിപ്പോർട്ടുകൾ ലഭിച്ചി



**വരും തലമുറയ്ക്ക് കൂടി അവകാശപ്പെട്ട ഭൂമിയെയും, കടലിനെയും, കടലിന്റെ ജൈവ ആവാസ വ്യവസ്ഥകളെയും പരിസ്ഥിതിയെയും സംരക്ഷിക്കാൻ കടലിന്റെ സ്നേഹിതരും, ശുദ്ധമത്സ്യം ഭക്ഷിക്കാനാഗ്രഹിക്കുന്ന മത്സ്യോപഭോക്താക്കളും പ്രകൃതിയെയും മണ്ണിനെയും കടലിനെയും സംരക്ഷിക്കണമെന്ന് പറയുന്ന പരിസ്ഥിതി പ്രേമികളും ജീവന്മരണ പോരാട്ടത്തിലേർപ്പെട്ടിരിക്കുന്ന കടലിന്റെ മക്കളുമായി കൈകോർക്കും എന്ന് പ്രതീക്ഷിക്കുന്നു.**

രുന്നെങ്കിൽപോലും വൻകിട കോർപ്പറേറ്റുകൾക്ക് തീരത്തിന്റെ മക്കളെ വലിച്ചെറിഞ്ഞതിന്റെ വലിയ ഉദാഹരണമാണ് വിഴിഞ്ഞം വിവിധോദ്ദേശ്യ തുറമുഖ നിർമ്മാണത്തിന് നൽകിയ അനുമതി. പദ്ധതി ചർച്ചകൾ പുരോഗമിക്കുമ്പോൾ 2013-ൽ പബ്ലിക് ഹിയറിംഗ് സമിതി മുമ്പാകെയും 2015-ൽ തിരുവനന്തപുരം രൂപതാദ്ധ്യക്ഷൻ ഇടയലേഖനത്തിലൂടെയും അനേകം ലഘുലേഖകളിലൂടെയും പദ്ധതി സൃഷ്ടിക്കാവുന്ന ഭയാനകമായ പാരിസ്ഥിതിക-സാമൂഹ്യ-തൊഴിൽപരമായ ആഘാതങ്ങളെക്കുറിച്ച് ആവർത്തിച്ചാവർത്തിച്ച് ഭരണാധികാരികളെയും പൊതുസമൂഹത്തെയും തീരദേശവാസികളെയും ബോധ്യപ്പെടുത്തിയിരുന്നു.

## വിഴിഞ്ഞം പോർട്ട് നിർമ്മാണത്തിന്റെ പശ്ചാത്തലം

കേരളത്തിന്റെ സ്വപ്ന പദ്ധതി എന്ന് കൊട്ടിഘോഷിച്ചുകൊണ്ട്, എല്ലാ വ്യവസ്ഥാപിത - നിയമ മര്യാദകളെയും അവഗണിച്ചുകൊണ്ടാണ് ലേലത്തിന് എതിരാളിയില്ലാതെ ഒരാൾക്ക് 2015-ൽ പോർട്ട് നിർമ്മാണ അനുമതി നൽകിയത്. കൂടാതെ തീരത്തിന്റെയും കടലിന്റെയും പാരിസ്ഥിതിക, ജൈവ ആവാസ വ്യവസ്ഥകളെ പണയപ്പെടുത്തി 66 ഹെക്ടർ കടൽ നികത്തുന്നതുൾപ്പെടെ റിയൽ എസ്റ്റേറ്റ് കച്ചവടമാണ് അദാനിയുമായി നടത്തിയത്. 7525 കോടി മുതൽ മുടക്കുള്ള പദ്ധതിയിൽ 4750 കോടിയും കേരള സർക്കാരാണ് മുടക്കുന്നത്. ശേഷിക്കുന്ന 2500 കോടി രൂപ കേരള സർക്കാർ നൽകുന്ന 351 ഏക്കർ സ്ഥലം ഈടുവച്ച് ബാങ്കുകളിൽ നിന്നും വായ്പയ്ക്കുള്ള അനുമതിയും കൊടുത്തു. കൂടാതെ കേന്ദ്ര സർക്കാരിന്റെ 817 കോടി വയബിലിറ്റി ഗ്യാപ് ഫണ്ടും കേരള സർക്കാരിന്റെ 817 കോടിയും കൂടിയാകുമ്പോൾ മുതൽ മുടക്കിന്റെ ഏറിയ പങ്കും സർക്കാരിന്റേതാണ്. വയബിലിറ്റി ഗ്യാപ് ഫണ്ട് എന്നു പറയുമ്പോൾ ലാഭകരമല്ലാത്ത പദ്ധതി നടപ്പിലാക്കാൻ കരാറുകാരന് സർക്കാർ നൽകുന്ന അധികതുകയുടെ ഓമനപ്പേരാണ്.

വിഴിഞ്ഞം ട്രാൻസ്മെന്റ് ഷിപ്പ് പോർട്ട് പദ്ധതി സംബന്ധിച്ച ചർച്ചകൾ സജ്ജീവമാകുന്നത് 1995 മുതലാണ്. അപ്പോൾത്തന്നെ തീരദേശവാസികളും മത്സ്യത്തൊഴിലാളികളും, പരിസ്ഥിതി പ്രവർത്തകരും വരാനിരിക്കുന്ന ദുരന്തങ്ങൾ ചൂണ്ടിക്കാണിച്ചതിന്റെ ഫലമായി ഹൈദരാബാദിൽ നിന്നുള്ള കുമാർ കമ്പനി പിൻവാങ്ങി. 1999-ൽ വീണ്ടും ഇടതുപക്ഷ സർക്കാർ കുമാർ കമ്പിനിയുമായി ചർച്ചകൾ ചെയ്തെങ്കിലും അത് ഉപേക്ഷിക്കുകയാണുണ്ടായത്. 2015 മുതൽ അദാനി ഗ്രൂപ്പുമായി ചർച്ചകളാരംഭിക്കുമ്പോൾ തന്നെ പോർട്ട് നിർമ്മാണം സൃഷ്ടിക്കാവുന്ന ഭയാനകമായ ആഘാതങ്ങൾ ചൂണ്ടിക്കാണിച്ചിരുന്നു. ഇക്കാര്യം കേരള സർക്കാർ നിയോഗിച്ച വിഴിഞ്ഞം അന്താരാഷ്ട്ര സീ പോർട്ട് ലിമിറ്റഡ് കമ്പനിയോട് അവർതന്നെ നിയോഗിച്ച പാരിസ്ഥിതിക - സാമൂഹ്യ ആഘാത പഠന ഏജൻസികൾ റിപ്പോർട്ടുകളിലൂടെ അറിയിച്ചിരുന്നു. പദ്ധതി ലാഭകരമാകില്ല എന്ന് ഇന്റർനാഷണൽ ഫിനാൻസ് കോർപ്പറേഷൻ (IFC), എയ്ക്കോം (AECOM), ഏർണസ്റ്റ് ആന്റ് യംഗ് തുടങ്ങിയ ഏജൻസികൾ അവരുടെ സാമൂഹ്യ-പാരിസ്ഥിതിക ആഘാത റിപ്പോർട്ടുകളിൽ പറഞ്ഞിരുന്നു. സർക്കാരിന്റെ തന്നെ ഭാഗമായ കൺട്രോളർ ആന്റ് ആഡിറ്റർ ജനറൽ (CAG) നൽകിയ റിപ്പോർട്ടും മറിച്ചായിരുന്നില്ല. എന്നാൽ പുറംവാതിലിലൂടെ കേന്ദ്രം ഭരിച്ചിരുന്ന ഐക്യജനാധിപത്യ സർക്കാരിനെയും ദേശീയ പരിസ്ഥിതി മന്ത്രാലയത്തെയും, ദേശീയ ഹരിത ട്രൈബ്യൂണലിനെയും, സുപ്രീം കോടതിയെപ്പോലും സ്വാധീനിച്ചുകൊണ്ടാണ് പോർട്ട് നിർമ്മാണത്തിനുള്ള കരാർ അദാനിയുമായി ഒപ്പുവച്ചത്. നിയമവ്യവസ്ഥയെയും, സ്വാഭാവിക നടപടികളെയും തകിടം മറിച്ചുകൊണ്ടാണത്.

പദ്ധതി പ്രദേശവും തിരുവനന്തപുരം കടൽത്തീരവും വലിയ തീരശോഷണത്തിന് വിധേയമാണെന്ന് 2010-ൽ തന്നെ സെന്റർ ഫോർ സ






സ്റ്റൈനബിൾ കോസ്റ്റൽ മാനേജ്മെന്റ് (NCSCM) പറഞ്ഞിരുന്നു. കൂടാതെ കേരളത്തിന്റെ തീരപ്രദേശങ്ങളിൽ ഇനി ഏതെങ്കിലും നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിന് മുമ്പ് ഗൗരവമുള്ള ശ്രദ്ധ ഉണ്ടാകണമെന്നും പറഞ്ഞു. കേന്ദ്രപരിസ്ഥിതി മന്ത്രാലയം 2009–ലെ ഉത്തരവ് പ്രകാരം തിരുവനന്തപുരത്തെ തീരശോഷണത്തിന്റെ ഗൗരവം പരിഗണിച്ച് പോർട്ടുകളുടെ വികസനമോ നിർമ്മാണമോ പാടില്ല എന്നും പറഞ്ഞിരുന്നു. കൂടാതെ ഇപ്പോൾതന്നെ വലിയ തീരശോഷണം നേരിടുന്ന പോർട്ടിന്റെ വലതുഭാഗത്ത് അടിക്കടി ഉണ്ടാകുന്ന കടൽ കയറ്റം 500 ലേറെ ഭവനങ്ങൾ നശിക്കുന്നതിനും 600 മീറ്ററിലേറെ കടൽത്തീരം നഷ്ടമാകുന്നതിനും ഇടയാക്കി. നിലവിലുള്ള വിഴിഞ്ഞം മത്സ്യബന്ധന തുറമുഖത്തിന്റെ നിലനിൽപ്പും അപകടത്തിലായി. ഇതിനകം തിരയിളക്കം കാരണം 5 മരണങ്ങളും അനേകം വള്ളങ്ങൾ കൂട്ടിയിടിച്ച് നശിക്കാനും ഇടയാക്കി. തൊഴിൽ നഷ്ടമാകുന്ന മത്സ്യത്തൊഴിലാളികൾക്ക് കൂടി പ്രയോജനമാകുന്ന രീതിയിൽ ധാരാളം തൊഴിലവസരങ്ങൾ നിർദ്ദിഷ്ട ട്രാൻസ്മെന്റ് ഷിപ്പ് പോർട്ട് നിർമ്മാണം പൂർത്തിയാക്കുന്നതോടെ ഉണ്ടാകും എന്ന് പറഞ്ഞിടത്ത് വിദഗ്ധ തൊഴിലാളികളുൾപ്പെടെ 550 തൊഴിൽ സാധ്യതയേ പഠന റിപ്പോർട്ട് പറയുന്നുള്ളൂ.

## പാരിസ്ഥിതിക – സാമൂഹ്യ – സാമ്പത്തിക ആഘാതം

പോർട്ട് നിർമ്മാണം സൃഷ്ടിക്കുന്ന പാരിസ്ഥിതിക ആഘാതം വളരെ വലുതാണ്. നാലു കിലോമീറ്റർ വരുന്ന കടലിൽ കല്ലിട്ടുള്ള പുലിമുട്ട് നിർമ്മാണവും പശ്ചിമഘട്ട മലനിരകളും ചുറ്റുപാടുമുള്ള പാറക്കെട്ടുകളും തകർത്തുകൊണ്ട് നടത്തുന്ന ഖനനം വലിയ പ്രകൃതി ദുരന്തങ്ങൾക്കിടയാക്കും. ദശലക്ഷക്കണക്കിന് ടൺ പാറകളാണ് പുലിമുട്ടു നിർമ്മാനത്തിന് വേണ്ടി വരുക.

പോർട്ട് നിർമ്മാണത്തിന്റെ മൂന്നിലൊന്ന് നിർമ്മാണം പൂർത്തിയായപ്പോഴുണ്ടായ പ്രത്യാഘാതം ഭയാനകമാണ്. പനത്തുറ, പൂന്തുറ, ബീമാപള്ളി, ചെറിയതുറ, വലിയതുറ, കൊച്ചുതോപ്പ്, തോപ്പ്, കണ്ണാന്തുറ, വെട്ടുകാട്, വലിയവേളി പ്രദേശങ്ങളിൽ നിന്ന് അനേകം വീടുകൾ തകർന്ന് പോവുകയും, ഭയാനകമായ തീരശോഷണം നേരിടുകയും ചെയ്യുന്നു. തിരുവനന്തപുരം പട്ടണത്തിലെ ജനങ്ങൾക്ക് ആശ്വാസമായിരുന്ന ശംഖുമുഖം ബീച്ച് തകർന്നു. ശംഖുമുഖം കടൽത്തീരത്തെ സംരക്ഷിക്കാനായി ഈ അടുത്ത കാലത്ത് നിർമ്മിച്ച ഡയഫ്രം വാൾ മറികടന്ന് റോഡ് കടലെടുത്തു. എയർപ്പോർട്ടിന്റെ നിലനിൽപ്പുതന്നെ അപകടത്തിലാകും എന്ന സ്ഥിതി എത്തിക്കഴിഞ്ഞു. കോവളം ടൂറിസ്റ്റ് പ്രദേശത്തിന്റെ കടൽ ഭിത്തികൾ തകർന്ന് നാമാവശേഷമായിരിക്കുന്നു. വേളി ടൂറിസ്റ്റ് ഗ്രാമത്തിന്റെയും ഇന്ത്യൻ ബഹിരാകാശ ഗവേഷണ കേന്ദ്രത്തിന്റെയും നിലനിൽപ് അപകടത്തിലാണ്. അനേകം മത്സ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന പൂന്തുറ മുതലുള്ള തീരദേശ ജനതയും നിലനിൽപ്പ് ഭീഷണി നേരിടുകയാണ്. വിഴിഞ്ഞം വലിയ കടപ്പുറം മുതൽ കപ്പൽ ചാനൽ ആയി മാറുന്നതോടെ അടിമലത്തുറ മുതൽ പൊഴിയൂർവരെയുള്ള മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനം അസാദ്ധ്യമായിത്തീരും. അങ്ങനെ അമ്പതിനായിരത്തിലേറെ ഇപ്പോൾ മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്നവരുടെ തൊഴിൽ ഇല്ലാതാകും.

സാമ്പത്തികാഘാതം, പാരിസ്ഥി

തിക ആഘാതം, സാമൂഹ്യ ആഘാതം എന്നിവ പഠിച്ചെങ്കിലും കടലിന്റെ ജൈവ ആവാസ വ്യവസ്ഥയെ കുറിച്ചും മത്സ്യസമ്പത്തിന്റെ ശോഷണത്തെ കുറിച്ചും ആധികാരികമായ ഒരു പഠനവും നടന്നിട്ടില്ല. തിരുവനന്തപുരം കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്ന ഫ്രൻഡ്സ് ഓഫ് മറൈൻ നടത്തിയ പഠനത്തിൽ പോർട്ട് നിർമ്മാണം ആരംഭിച്ചതോടെ സമ്പുഷ്ടമായ ഖനിജ മത്സ്യ ആവാസ വ്യവസ്ഥകളുള്ള കടലിന്റെ അടിത്തട്ട് തകർന്നുകൊണ്ടിരിക്കുന്നു എന്ന് കണ്ടെത്തി. പോർട്ട് നിർമ്മാണത്തോടനുബന്ധിച്ച് നടത്തുന്ന ഡ്രഡ്ജിംഗ് കടലിന്റെ ജൈവ ആവാസ വ്യവസ്ഥകളുടെ തകർച്ചയ്ക്ക് കാരണമാകുന്നു. കടലിന്റെ ഉഷ്ണ സ്ഥിതി ഉയരുകയും ആവർത്തിച്ചാവർത്തിച്ചുണ്ടാകുന്ന ചുഴലിക്കാറ്റ്, കൊടുങ്കാറ്റ്, പേമാരി എന്നിവ ജനജീവിതം താറുമാറാക്കും. ഇത്തരം ഗൗരവമേറിയ പ്രശ്നങ്ങളും 2018 മുതൽ മനുഷ്യോചിതമല്ലാത്ത പുനരധിവാസ ക്യാമ്പുകളിൽ കഴിയുന്ന തീരവാസികളുടെ രോദനത്തിൽ നിന്നുയരുന്ന വികാരമാണ് തീരജനതയുടെ അനിശ്ചിതകാല സമരം. ഇത്തരം വസ്തുതകളംഗീകരിക്കാതെയാണ് സമരം ആസൂത്രിതമാണ്, പ്രദേശവാസികളല്ല സമരം നടത്തുന്നത് തുടങ്ങിയ ബാലിശമായ പ്രസ്താവനകൾ നടത്താൻ മുഖ്യമന്ത്രിയെപ്പോലും പ്രേരിപ്പിച്ചത്. ഗോഡൗണിലും മറ്റും കഴിയുന്ന കുടുംബങ്ങളെ അടിയന്തിരമായി പുനരധിവസിപ്പിക്കണമെന്നാവശ്യപ്പെട്ട് മുഖ്യമന്ത്രിയുമായും ക്യാബിനറ്റ് സബ് കമ്മിറ്റികളുമായും പലവട്ടം ചർച്ചകൾ നടന്നെങ്കിലും കേരളത്തിന്റെ ഭരണ സിരാകേന്ദ്രത്തിന് 6 കിലോമീറ്ററിനുള്ളിൽ ക്യാമ്പുകളിൽ നാലു വർഷമായി കഴിയുന്ന മത്സ്യത്തൊഴിലാളികളുടെ പ്രശ്നം പരിഹരിക്കാനുള്ള ഇച്ഛാശക്തി ഭരണാധികാരികൾ കാണിച്ചിട്ടില്ല. സമരമാരംഭിച്ച ശേഷം ജനങ്ങളെ കബിളിപ്പിക്കാനായി വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ടധികാരികൾ (വിസിൽ) നൽകിയിരിക്കുന്ന പത്രക്കുറിപ്പിലൂടെ (ദേശാഭിമാനി, ആഗസ്റ്റ് 2) തുറമുഖ നിർമ്മാണമല്ല തീര ശോഷണത്തന് കാരണമെന്ന് സ്ഥാപിക്കാനുള്ള ശ്രമമാണ് നടത്തുന്നത്. സുനാമി തിരകളെയും ഓഖിചുഴലിക്കാറ്റിനെയും അതിജീവിച്ച കോവളം, ശംഖുമുഖം തീരങ്ങൾ കടലെടുത്തത് വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിന്റെ ഫലമായല്ല എന്ന് അദാനിയുടെ സ്തുതിപാഠകരായ ശാസ്ത്രജ്ഞന്മാർ പറഞ്ഞു എന്നത് ശാസ്ത്രലോകത്തിന് തന്നെ അപമാനമാണ്. കേരള ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ പ്രമേയത്തിൽ 'തിരുവനന്തപുരം തീരം മനുഷ്യനിർമ്മിത ദുരന്തമാണ് അനുഭവിക്കുന്നത് എന്ന് നിസ്സംശയം പറയാം' എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ജനങ്ങളുടെയും സംസ്ഥാനത്തിന്റെയും താല്പര്യം സംരക്ഷിക്കാൻ നിയോഗിക്കപ്പെട്ട വിസിൽ അദാനിയുടെ കുഴലൂത്തുകാരായി മാറിയതിന്റെ പ്രതിഫലനമാണത്. കേന്ദ്ര പരിസ്ഥിതി മന്ത്രാലയം തന്നെ വിഴിഞ്ഞം പോർട്ടിന്റെ പത്തു കിലോമീറ്ററിനുള്ളിലുള്ള പ്രദേശം അതീവ തീരശോഷണമുള്ള പ്രദേശമാണെന്നും, നിർമ്മാണ പ്രവർത്തനങ്ങൾ ഒന്നും പാടില്ല എന്ന് ചൂണ്ടിക്കാണിച്ചിരുന്നത് വിസിൽ അധികാരികളുടെ ശ്രദ്ധയിൽ വന്നില്ലായിരിക്കും. വരും തലമുറയ്ക്ക് കൂടി അവകാശപ്പെട്ട ഭൂമിയെയും, കടലിനെയും, കടലിന്റെ ജൈവ ആവാസ വ്യവസ്ഥകളെയും പരിസ്ഥിതിയെയും സംരക്ഷിക്കാൻ കടലിന്റെ സ്നേഹിതരും, ശുദ്ധമത്സ്യം ഭക്ഷിക്കാനാഗ്രഹിക്കുന്ന മത്സ്യോപഭോക്താക്കളും പ്രകൃതിയെയും മണ്ണിനെയും കടലിനെയും സംരക്ഷിക്കണമെന്ന് പറയുന്ന പരിസ്ഥിതി പ്രേമികളും ജീവന്മരണ പോരാട്ടത്തിലേർപ്പെട്ടിരിക്കുന്ന കടലിന്റെ മക്കളുമായി കൈകോർക്കും എന്ന് പ്രതീക്ഷിക്കുന്നു.



സംസ്ഥാനത്തിനും തീരജനതയ്ക്കും വലിയ സാമ്പത്തിക ഭാരമാകാൻ പോകുന്ന വിഴിഞ്ഞം വാണിജ്യ തുറമുഖ നിർമാണം കരാറുകാരൻ വാഗ്ദാനം ചെയ്ത ആയിരം ദിവസങ്ങൾ കഴിഞ്ഞിട്ടും, അതായത് 2019 ന് ശേഷവും ഒരു പ്രതീക്ഷയുമില്ലാതെ ഇഴഞ്ഞുനീങ്ങുന്ന സാഹചര്യത്തിൽ കരാറിൽ നിന്ന് സർക്കാർ പിൻവാങ്ങുന്നതാണ് കേരള ജനതയ്ക്കും നിലനില്പ് ഭീഷണി നേരിടുന്ന തീരദേശവാസികൾക്കും അഭികാമ്യം. ഇക്കാര്യം ഗൗരവത്തോടെ സംസ്ഥാനം ഭരിക്കുന്ന സർക്കാരും പ്രതിപക്ഷവും ഗൗരവപൂർവ്വം പരിഗണിക്കണം. സംസ്ഥാനത്തിന് ലാഭകരമല്ലാത്ത, കനത്ത സാമ്പത്തിക ബാധ്യതയായി മാറുന്ന പദ്ധതി ഉപേക്ഷിക്കാൻ സർക്കാർ മുൻകൈ എടുക്കും എന്ന് പ്രത്യാശിക്കുന്നു. ■

കഥ

# വള്ളക്കാരൻ



പ്രവീൺ പി.


രായിക്കുഴിയിൽ കച്ചി എറിയുന്ന ഇളയ മകൻ ലോറിയിൽ പുതിയൊരു വള്ളവുമായി അപ്പൻ വരുന്നതുകണ്ട് ചിരിക്കുന്നത് രണ്ട് തേങ്ങായുടച്ചാല്പോലും തീരാത്തത്ര സന്തോഷത്തിലായിരുന്നു. പൊരിക്കാൻ മീനിലരപ്പ് തേക്കുന്ന ഭാര്യക്ക് വീട്ടുമുറ്റത്തെത്തി നിൽക്കുന്ന പുതിയ വള്ളം കണ്ടിട്ട് ചിരിയടക്കാനാകുന്നില്ലെങ്കിലുമത് പുറമേ കാട്ടുന്നില്ല. മരുമകനുകൊടുത്ത സ്ത്രീധനം നഷ്ടപ്പെട്ടില്ല എന്ന് പറഞ്ഞമ്മായിയമ്മ സ്വയം ആശ്വസിക്കുന്നു. തട്ടുമടി കളറിൽ മുക്കിയെടുത്ത് ഉണങ്ങാൻ വെയിലത്ത് വിരിക്കുന്നു കൂലിക്കാർ. എഞ്ചിൻ കടവള്ളത്തിന്റെ ഒരുഭാഗത്തായി ഉയർത്തി വെച്ചിരിക്കുന്നു. വള്ളം വെഞ്ചരിക്കാൻ വികാരിയച്ചൻ കപ്യാരുമായി വരുന്നുണ്ട്. മേക്കേയുള്ളൊരു ഹാർബറിൽ ജോലിക്ക് പോയി വന്ന വീരനായൊരാളെ മുമ്പനായി തിരഞ്ഞെടുക്കുക പതിവാണ്. പുതുതായി യാനം വാങ്ങിയാൽ മണലിൽ വിരിച്ച തട്ടുമടി വലയിൽ കരുപ്പെട്ടിക്കഷ്ണവും തേങ്ങാപ്പൂളും മുമ്പൻ തിരിഞ്ഞ് നിന്നെറിഞ്ഞു കൊടുക്കുമ്പോൾ നാട്ടിലെ കൊച്ചുപിള്ളേർ പെറുക്കിയെടുക്കാൻ വല മെതിക്കുന്നത് യാനത്തിനൈശ്വര്യം കൈവരുമെന്നൈതീഹ്യമുണ്ട്. മുമ്പനായി തിരഞ്ഞെടുത്തതിനാലാവാം ഒളികണ്ണുകൊണ്ട് വള്ളക്കാരന്റെ ഇളയ മകനെ കൂട്ടത്തിൽ കണ്ടെത്തി അവന്റെ മീതെയയാൾ കൂടുതലെറിഞ്ഞു കൊടുത്തതെന്ന് വികാരിയച്ചൻ കപ്യാരുടെ കാതിൽ പറഞ്ഞു. മുണ്ട് മടുത്തുകുത്തി കൈ പിന്നിൽ കെട്ടി ഗാംഭീര്യം കാട്ടി അപ്പൻ നടക്കാൻ കാരണം നാട്ടിലെ പെണ്ണുങ്ങൾ മുട്ടാങ്കിടുന്നവേളയിൽ പോലും കുശലം പറയുക അപ്പന്റെ വള്ളക്കാരൻ പദവിയെ ചൊല്ലിയാകാമെന്നു കരുതിയിട്ടാണ്. ചീട്ട് കളിക്കുന്ന തിരയെ പേടിയുള്ള കെളത്തുമ്പിയാളുകൾ അപ്പന്റെ ഉയർച്ചയിൽ ആക്ഷേപം കാട്ടി കണ്ണ് പെടുന്നത് വൻ തിര താണ്ടി വള്ളം കടലിൽ ശക്തമായി പതിക്കുവാൻ കാരണമാകാതിരുന്നാൽ മതിയായിരുന്നു. കടലിൽ ചാകരയില്ല കയ്യിൽ കാശുമില്ല പക്ഷെ പ്രളയം അപ്പനെ ജോലിത്തിരക്കിലാക്കി. മധ്യകേരളത്തിൽ പൊങ്ങിക്കിടന്ന അപ്പന്റെ വള്ളത്തിൽ തട്ടിനിന്നു പുത്തനൊരു കാറ്. ചന്തിപൊക്കിയ കാറും പൊന്തിവന്ന ടീവിയും അപ്പന്റെ കണ്ണിലുടക്കിയില്ല. അപ്പൻ അവിടെ ജനങ്ങളെയെടുക്കാൻ ചെന്നതാണ്. മുട്ടാങ്ക് വേളയില്പോലും പെണ്ണുങ്ങളിപ്പോഴും അപ്പന്റെ വീരകഥകൾ തന്നെയാണ് കുശലം കൂടുക. തട്ടുമടിവലയിൽ കെളത്തുമ്പികൾ കണ്ണ് പെട്ടതു മാറ്റാൻ ഇളയമകൻ വയമ്പ് വെള്ളത്തിൽ കലർത്തി ഉരിഞ്ചിട്ടടിനടത്താൻ പോയിട്ടുണ്ട്. ■



## കവിത

# കണക്കിൽ പെടാത്തവൾ

അന്നയോ മേരിയോ
പനിയമ്മയോ
ഏത് പേരായാലെന്ത്
മര്യനാട്ടുകാരി
അഞ്ചുതെങ്ങുകാരി
അതല്ലെങ്കി
പൂന്തുറയോ തുമ്പയോ പൂവാറോ
കടൽവാരമേതായാലെന്ത്
മീങ്കാരി
ചരുവം തലച്ചുമടാക്കി
ആയത്തിൽ കൈവീശി
വ്യാകുലക്കൊന്തചൊല്ലി
ഓ എന്റെ ഈശോയേ എന്ന്
വീർപ്പിട്ട്
കർത്താവിന്റെ ശിലുവയുടെ
കനപ്പാടിനോട്
പെണ്ണിനെകെട്ടിച്ചതും
കെട്ട്യോൻ കടലിൽ താണതും
കുടി പണിതീരാത്തതും
ചേർത്തുവച്ച്
കിതപ്പാറ്റി
വഴിച്ചന്തയിലെത്തുമോ
കാശ് കിട്ടുമോ
കടം തീരുമോ എന്ന്
എടയ്ക്ക് വയറ്റിൽ പിടുത്തമിടും
മിന്നൽവലിയിൽത്തട്ടി
കണ്ണീരുപ്പ് വറ്റി
തേക്കമിറക്കി
പട്ടണത്തിന്റെ
ഒത്തനടുക്ക്
മീൻവണ്ടിയിറങ്ങി
കണ്ണില്ലാ പാച്ചിലുകൾ
വഴിതടയലുകൾ
കൊടിനിറങ്ങൾ
മൈക്കിന്നൊച്ചകൾ
പലപാട് പ്രാന്തെടുത്തോടും ആളോര്
ഒരുതിര മറുതിരയെന്ന്
മുങ്ങിനിവർന്ന്
ഉടുചേല മുറുക്കി
ചെരുപ്പിന്റെ വാറ്
ഇറുക്കിപ്പിടിച്ച്
പോണൊണ്ട്
കണ്ടാലുമറിയാത്ത
അന്തമില്ലാ
പെരുവഴി നോക്കി
ഒറ്റനടത്തം
ചുവന്ന റേഷൻകാർഡ്
മത്സ്യഫെഡ് നമ്പര്
എസ്സ് എച്ച് ജി കടക്കുറി
പള്ളിക്കങ്ങേശം ബിസിസി
അക്കണക്ക് ഏതായാലെന്ത്
മീഞ്ചൂര്
ഐസിട്ട ഒടല്
ചരുവത്തിൽ
നെറയണതും
ഒഴിയണതും
വീഴുവോളം
പങ്കപ്പാട്
അതിനുമില്ല കണക്ക്.



ഡോ. ഐറിസ് കൊയ്‌ലിയോ

## ലേഖനം

**തീരദേശവാസികളെ ഒറ്റുകൊടുത്ത് അധികകാലം അധികാരവർഗത്തിന് മുന്നോട്ടു പോകാൻ കഴിയില്ല എന്നാണ് തീരദേശത്ത് ഉയർന്നുവരുന്ന ജനകീയ പോരാട്ടം പറയുന്നത്**

# ആദാനി തുറമുഖവും ദേശാഭിമാനിയും

വിഴിഞ്ഞം അദാനി തുറമുഖ നിർമ്മാണം മൂലം തിരുവനന്തപുരം ജില്ലയിലെ തീരദേശങ്ങളിൽ ഉണ്ടായിരിക്കുന്ന കെടുതികൾ സഹിക്കവയ്യാതെ തീരദേശ ജനത സമരത്തിന്റെ പാതയിലാണ്. ജൂൺ 5 മുതൽ ശംഖുമുഖത്ത് അദാനിയുടെ വിമാനത്താവള ഗേറ്റിന് മുമ്പിൽ മത്സ്യത്തൊഴിലാളി സംഘടനകളും കാർഷികപരിസ്ഥിതി മേഖലയിലെ സംഘടനകളും ജനാധിപത്യ സംരക്ഷണ പ്രവർത്തകരുമാണ് വിഴിഞ്ഞം അദാനി തുറമുഖ പദ്ധതി നിർത്തിവയ്ക്കണമെന്നും തൽഫലമായി കടലേറ്റത്തിൽ വീടുകളും ഭൂമിയും നഷ്ടപ്പെട്ടവരെ മാന്യമായ നഷ്ടപരിഹാരത്തോടെ പുനരധിവസിപ്പിക്കണമെന്നും ആവശ്യപ്പെട്ട് സമരം തുടങ്ങിയത്. ജൂലായ് 20 മുതൽ തിരുവനന്തപുരം സമരം; ലത്തീൻ അതിരൂപതയുടെ നേതൃത്വത്തിൽ സമരം 'അതിജീവന ഭീഷണി നേരിടുന്ന തീരദേശം' സെക്രട്ടറിയേറ്റിന് മുന്നിലേക്ക് വ്യാപിപ്പിച്ചു. വിഴിഞ്ഞം അദാനി തുറമുഖ നിർമ്മിതിയുടെ പ്രശ്നങ്ങളാണ് ആ സമരത്തിന്റെയും പ്രധാന പരിഗണനയിലുള്ളത്. തീരദേശ സമൂഹത്തിന്റെ വാസസ്ഥലങ്ങളും ഉപജീവനവും നിലനിർത്താനുള്ള സമരങ്ങളെ അവഗണിക്കുന്ന നിലപാടാണ് സംസ്ഥാന ഭരണാധികാരികൾ ആദ്യമൊക്കെ സ്വീകരിച്ചത്. എന്നാൽ സമരം ജനപിന്തുണയോടെ വളർന്നു വ്യാപിച്ചു തുടങ്ങിയപ്പോൾ അതിനോട് പ്രതികരിക്കാൻ കഴിയാത്ത സ്ഥിതി ഇപ്പോൾ ഉണ്ടായിരിക്കുന്നു.

ഈ പ്രതികരണത്തിന്റെ ഭാഗമായാണ് ദേശാഭിമാനി ദിനപത്രം ആദ്യമായി തീരശോഷണവും വിഴിഞ്ഞം തുറമുഖനിർമ്മാണവും തമ്മിൽ ഒരു ബന്ധവുമില്ലെന്ന് സൂചിപ്പിച്ച് ഒരു വാർത്ത പ്രസിദ്ധീകരിച്ചത്. ഈ വാർത്തയിൽ ഒരു കാര്യം പ്രത്യേകമായി ശ്രദ്ധിച്ചത്, വാർത്തയിൽ ഒരിടത്തും അദാനിയുടെ പേരില്ല എന്നതാണ്. 60 വർഷത്തേക്ക് പ്രവർത്തിപ്പിച്ച് വരുമാനമുണ്ടാക്കാനുള്ള ഒരു തുറമുഖം നിർമ്മിക്കാൻ വിഴിഞ്ഞം തീരവും കടലും അദാനിക്കാണ് നൽകിയിരിക്കുന്നതെന്ന് (വരുമാനത്തിൽ ആദ്യ 15 വർഷം വരെ ഒരു പൈസാ അദാനി സർക്കാരിന് നൽകേണ്ടതില്ല എന്നും അറിയുക) ദേശാഭിമാനിക്ക് അറിയില്ലെന്നുണ്ടോ?

ശംഖുമുഖത്തും സെക്രട്ടറിയേറ്റ് നടയിലും നടക്കുന്ന സമരങ്ങൾ മുഖ്യധാരാ പത്രദൃശ്യമാധ്യമങ്ങൾ മിക്കതും ആദ്യമൊക്കെ റിപ്പോർട്ട് ചെയ്തിരുന്നപ്പോഴും ദേശാഭിമാനി അത് കണ്ടില്ല, കേട്ടില്ല. ഈയിടെ കരൺ



**എ.ജെ.വിജയൻ**


സ്വന്തം ലേഖകൻ

കൊച്ചി മെട്രോയിൽ പിഴച്ചത് വിഴിഞ്ഞത്ത് നടപ്പാക്കി


തീരശോഷണം

# തുറമുഖ നിർമാണമല്ല കാരണം

സ്വന്തം ലേഖകൻ

നൽകിയത് 100 കോടി

28 കോടിയുടെ മണ്ണെണ്ണ

ലൈഫിൽ വീട്

100 കിടക്കയുള്ള ആശുപത്രി

ദേശാഭിമാനി Tue, 02 August 2022 https://epaper.deshabhimani.com/c/69525062

*ദേശാഭിമാനി @ 2022 ആഗസ്റ്റ് 2*


# ...ക്കൊള്ള

...ട്ടത് 5000 കോടിയുടെ ഭൂമി തട്ടിപ്പ്

# മത്സ്യബന്ധനത്തിന് മരണമണി

വിഴിഞ്ഞം മത്സ്യബന്ധന തുറമുഖത്ത് കടലിലിറങ്ങാത്ത വള്ളങ്ങളേ കാണാനുള്ളൂ. തീരദേശത്തെ മത്സ്യത്തൊഴിലാളികളെ മുഴുവൻ പുകച്ചുപുറത്തു ചാടിച്ച് പ്രദേശം അദാനിക്ക് തീറെഴുതാനുള്ള എല്ലാ ഒത്താശയും സർക്കാർ ചെയ്തത്

*ദേശാഭിമാനി @ 2016*

അദാനി തിരുവനന്തപുരത്ത് മുഖ്യമന്ത്രി പിണറായി വിജയനെ കാണാൻ വന്നപ്പോൾ 'അദാനി ഗോ ബാക്ക്' എന്ന മുദ്രാവാക്യവുമായി തീരദേശവാസികൾ സെക്രട്ടറിയേറ്റ് നടയിൽ പ്രതിഷേധമാർച്ച് നടത്തിയപ്പോൾ ഒരു ദേശീയ ദിനപത്രമായ ദി ഹിന്ദു പോലും അതിന്റെ ചിത്രം പ്രസിദ്ധീകരിച്ചെങ്കിലും ദേശാഭിമാനിയും മറ്റ് മിക്ക പത്രങ്ങളും കണ്ണടച്ചു.

എന്നാലിപ്പോൾ തീരശോഷണത്തിനും തന്മൂലം വലിയതുറയിലെ ക്യാമ്പുകളിൽ നൂറുകണക്കിന് തീരദേശ കുടുംബങ്ങൾ അഭയാർത്ഥികളായി കഴിയുന്നതിനും വിഴിഞ്ഞത്ത് അദാനിയുടെ തുറമുഖ നിർമ്മിതിയുമായി ബന്ധമുണ്ടെന്ന് തീരദേശ ജനത തിരിച്ചറിഞ്ഞതോടെ, ശാസ്ത്രജ്ഞ വേഷമണിഞ്ഞ് ആടിനെ പട്ടിയാക്കാൻ ദേശാഭിമാനി മുന്നിട്ടിറങ്ങിയിരിക്കുന്നു. അദാനി കമ്പനി എഴുതി നൽകിയിരിക്കാവുന്ന ഈ വാർത്ത ദേശാഭിമാനി സ്വന്തം ലേഖകൻ എന്ന പേരിൽ പ്രസിദ്ധീകരിച്ചിരിക്കുന്നു.

ഈയവസരത്തിൽ ദേശാഭിമാനി ദിനപത്രത്തിൽ വന്ന മറ്റൊരു ചെറിയ വാർത്ത ഇന്നലത്തെ 'ശാസ്ത്ര' വാർത്തയോട് താരതമ്യം ചെയ്ത് വായിക്കുന്നത് രസകരമായിരിക്കും. തിരുവനന്തപുരത്തെ മുതലപ്പൊഴി തുറമുഖവും തീരശോഷണവുമാണ് ആ വാർത്തക്ക് ആധാരം. ആ വാർത്തയിൽ വ്യക്തമായി പറയുന്ന ഒരു കാര്യമുണ്ട്, 'മുതലപ്പൊഴി ഹാർബർ നിർമ്മാണം മൂലം താഴമ്പള്ളി, മുഞ്ഞമൂട്, പള്ളിത്തുറ, കോട്ട മേഖലകളിൽ കടൽക്ഷോഭം രൂക്ഷമാണ്.' മുതലപ്പൊഴിയിൽ സർക്കാർ നിർമ്മിച്ച തുറമുഖം കാരണം അതിനു വടക്കുള്ള തീരങ്ങളിൽ തീരശോഷണം ഉണ്ടാകുന്നു എന്ന് സമ്മതിക്കുന്ന ദേശാഭിമാനി പക്ഷേ, വിഴിഞ്ഞത്ത് അദാനിയുടെ തുറമുഖ നിർമ്മാണമല്ല വലിയതുറ, ശംഖുമുഖം മേഖലയിലെ തീരശോഷണത്തിന് കാരണമെന്നാണ് നമ്മെ പഠിപ്പിക്കാൻ ശ്രമിക്കുന്നത്.

നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന പുലിമുട്ട് ഇതുവരെ എവിടം വരെ എത്തിയെന്ന് ദേശാഭിമാനി പറയുന്നത് കൂടി നോക്കുക. 'തുറമുഖത്തിന്റെ ഭാഗമായി 900 മീറ്റർ പുലിമുട്ടിന്റെ നിർമ്മാണമാണ് പൂർത്തിയായത്'



എന്ന് ദേശാഭിമാനി പറയുമ്പോൾ ആകെ നീളം വേണ്ടത് പദ്ധതി പ്ലാൻ പ്രകാരം 3100 മീറ്ററാണ്. ഉടനെ ഇപ്പോൾ കപ്പൽ വരും, തുറമുഖം ഉൽഘാടനം ചെയ്യും എന്നെല്ലാം വാദിക്കുന്നവർ പ്രധാന നിർമ്മിതിയുടെ മൂന്നിലൊന്ന് പോലും പൂർത്തിയാക്കിയിട്ടില്ല എന്നറിയുന്നത് നന്നായിരിക്കും.

മറ്റൊരു പ്രധാന കാര്യം ഇതിൽ സൂചിപ്പിക്കുന്ന പഠനത്തിലെ കാര്യങ്ങളാണ്. ദേശാഭിമാനി പത്രം എന്തായാലും ശംഖുമുഖം മേഖലയിൽ തീരശോഷണം ഉണ്ടെന്ന് സമ്മതിക്കുന്നുണ്ട്. പക്ഷേ അദാനി തുറമുഖ നിർമ്മാണത്തെയല്ല, പകരം ഓഖി തുടങ്ങിയ ചുഴലിക്കാറ്റിനെയാണ് ഇതിന് പഴി പറയുന്നത്. യഥാർത്ഥത്തിൽ ദേശാഭിമാനി വാർത്തയിൽ പറയുന്ന എൻ.ഐ.ഓ.ടി (നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യൻ ടെക്നോളജി) പഠന റിപ്പോർട്ട് എന്താണ് പറയുന്നത് എന്ന് നോക്കാം. (2021 ജൂൺ മാസം ഇവർ നൽകിയ റിപ്പോർട്ടിന്റെ കവർ പേജും അതിലെ രത്നച്ചുരുക്കവും ഇവിടെ ചേർത്തിരിക്കുന്നത് നോക്കുക.) അതു പ്രകാരം വലിയതുറ, ശംഖുമുഖം, പൂന്തുറ പോലെ തീരശോഷണമുള്ള മേഖലകളിൽ 2005 മുതൽ 2020 വരെയുള്ള സ്ഥിതിയുമായി താരതമ്യം ചെയ്തപ്പോൾ പോർട്ട് നിർമ്മാണം തുടങ്ങിയതു (2015 ഡിസംബർ) മുതലുള്ള കാലത്തെ തീര അവസ്ഥ ഇപ്പോഴും മുൻകാലത്തെന്ന പോലെ നിലനിൽക്കുകയാണത്രെ. തീരശോഷണം അൽപ്പമെങ്കിലും ഉണ്ടായത് തുമ്പ മുതൽ വെട്ടുകാട്‌വരെയാണെന്നും ഇതിൽ പറയുന്നത് കാണുക. എത്ര വിചിത്രമാണ് ഈ പഠനത്തിന്റെ കണ്ടെത്തൽ എന്ന് പറയേണ്ടതില്ല. പഠന റിപ്പോർട്ടിന്റെ കവർ ചിത്രത്തിൽ ഉള്ളതു പോലെ ഈ പഠനം ശരിക്കും അദാനിക്ക് വേണ്ടിയാണ് നടത്തിയതെന്ന് പറയാം.

ഇനി എന്തുകൊണ്ടാണ് തീരശോഷണം തുറമുഖ നിർമ്മാണവുമായി ബന്ധമില്ലെന്ന് സ്ഥാപിക്കാൻ അദാനി ഇത്രമാത്രം വ്യഗ്രത കാണിക്കുന്നത് എന്നുകൂടി നമ്മൾ തിരിച്ചറിയണം. ഹരിത ട്രൈബ്യൂണൽ നടത്തിയ വിധി പ്രസ്താവനയിൽ ഒരു കാര്യം ശ്രദ്ധേയമാണ്. തീരരേഖാ പഠനങ്ങളുടെ അടിസ്ഥാനത്തിൽ തീരശോഷണം നിരീക്ഷിക്കപ്പെടുകയാണെങ്കിൽ പദ്ധതി നടത്തുന്നവർ ഉചിതമായ പരിഹാര നടപടികൾ പദ്ധതി നടത്തുന്നവരുടെ ചെലവിൽ ചെയ്യണം എന്നാണ് ഹരിത ട്രൈബ്യൂണൽ വിധിയിലുള്ളത്. അപ്പോൾ പ്രശ്നമിതാണ്, തുറമുഖ നിർമ്മാണത്തെ തുടർന്ന് തീരശോഷണം ഉണ്ടായെന്ന് കണ്ടാൽ ഭവനങ്ങൾ നഷ്ടപ്പെട്ടവരുടെ പുനരധിവാസം ഉൾപ്പെടെ ചെയ്യേണ്ട ബാധ്യത അദാനിക്കു വന്നു ചേരും. ഇതുകൊണ്ടു മാത്രമാണ് തീരശോഷണം ഇല്ലെന്നോ ഉണ്ടെങ്കിൽ അത് തുറമുഖ നിർമ്മാണം കാരണമല്ലെന്നോ വരുത്തിത്തീർക്കാൻ ഇവിടെ ദേശാഭിമാനി ഉൾപ്പെടെയുള്ളവർ ശ്രമിക്കുന്നത്. അദാനിക്ക് വേണ്ടി എത്രമാത്രം ദേശാഭിമാനി (ഇടതു സർക്കാരും) തരം താഴുന്നു എന്നു അറിയുക!

മുതലപ്പൊഴിയുടെ കാര്യത്തിൽ തുറമുഖവും തീരശോഷണവും തമ്മിൽ പരസ്പരബന്ധമുണ്ടെന്ന് ദേശാഭിമാനി പറയുമ്പോഴും ചില ന്യായീകരണക്കാർ അത്തരം ഒരു ബന്ധം ഒരിടത്തും ഇല്ലെന്ന് സ്ഥാപിക്കാനാണ് ഇപ്പോഴും സാമൂഹ്യ മാധ്യമങ്ങളിലൂടെ ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

2016ൽ കേന്ദ്ര ജലക്കമ്മിഷൻ തീരശോഷണം സംബന്ധിച്ച് ഇറക്കിയ ഒരു റിപ്പോർട്ട് ഇക്കൂട്ടർ വായിക്കുന്നത് നന്നായിരിക്കും. പ്രസക്ത ഭാഗമടങ്ങിയ ഖണ്ഡികയുടെ തലക്കെട്ട് മനുഷ്യ പ്രേരിത തീരശോഷണം (man induced erosion) എന്നാണ്. അതിൽ പറയുന്നു, ഉരുക്കളുടെ സുരക്ഷിതത്വത്തിനായി ഹാർബറുകൾക്കും പോർട്ടുകൾക്കും വേണ്ടി തീരക്കടലിൽ ലംബമായി നിർമ്മിക്കുന്ന പുലിമുട്ടുകൾ പോലെയുള്ള ഘടനകൾ മണൽ നീക്കത്തെ തടസ്സപ്പെടുത്തുകയും തൽഫലമായി ഒരു വശത്ത് തീരശോഷണവും മറുവശത്ത് തീരം വയ്പും ഉണ്ടാക്കുന്നു. മണൽ നീക്കം ചെയ്യുന്നതും തീരശോഷണത്തിന് മറ്റൊരു കാരണമായി ഇതിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഇത് രണ്ടും അദാനി തുറമുഖ നിർമ്മാണത്തിന്റെ ഭാഗമായി ചെയ്തിട്ടുണ്ട്, ഇനിയും ഏറെ ചെയ്യാനുമുണ്ട്. കേന്ദ്ര ജല കമ്മിഷൻ ഇതൊക്കെ പറഞ്ഞാലും അദാനി അത്തരം പ്രവൃത്തികൾ ചെയ്യുമ്പോൾ ഒന്നും സംഭവിക്കില്ല എന്നു കൂടി ഈ ന്യായീകരണക്കാർ പറയുമായിരിക്കും.

തീരദേശവാസികളെ ഒറ്റുകൊടുത്ത് അധികം കാലം ഈ ന്യായീകരണക്കാർക്ക് മുന്നോട്ടു പോകാൻ കഴിയില്ല എന്നു തന്നെയാണ് തീരദേശത്ത് ഉയർന്നു വരുന്ന ജനകീയ പോരാട്ടം നമ്മോട് പറയുന്നത്. അതിന് ശക്തി പകരുകയാണ് യഥാർത്ഥ ഇടതുപക്ഷ രാഷ്ട്രീയ പ്രവർത്തനത്തിന്റെ കടമ. തീരദേശത്തെ വലതുപക്ഷ രാഷ്ട്രീയക്കാരും വീണ്ടുവിചാരമില്ലാതെ ഈ തീരക്കടൽ മേഖല നേരത്തേ അദാനിക്ക് തീറെഴുതിയത് തെറ്റായി പോയി എന്ന ബോധ്യത്തോടെ ഈ ജനകീയ സമരത്തിന്റെ ഭാഗഭാക്കാകണം. ■

കവിത

# കടൽതീരത്ത് ഒറ്റക്ക്

**അ**ന്തിയായി, ചായുന്ന
സൂര്യന്റെ മങ്ങിയ
ചോപ്പിൽ കാറ്റടങ്ങി
നിറംകെട്ട ചെറുതിരകളെ
നോക്കിയിരിക്കവേ,
തിരകൾ ഉയർത്തിയ
മൺതിട്ടയ്ക്കപ്പുറത്തു നിന്ന്
ഒരുകുട്ടി നടന്നു വന്നു

കടൽ തീരത്ത്
പന്തുകളിക്കുന്ന കുട്ടികളെ
അവൻ നോക്കിനിന്നു

ഇപ്പോൾ അവൻ
കക്കപെറുക്കയാണ്
കക്കകൊണ്ട് മണ്ണു കോരി
കളിക്കുന്നു, കളി കാണുന്നുമുണ്ട്

കളിക്കുന്ന കുട്ടികൾ
ആർത്തുചിരിക്കുന്നു
കയർക്കുന്നു, എല്ലാം നോക്കി
അവൻ ഇരിക്കുന്നു

ഇപ്പോൾ അവൻ മണലിൽ
ഉരുളുന്നു, സ്വയം കളിക്കയാവാം

പന്തുകളികഴിഞ്ഞു കുട്ടികൾ
കളം ഒഴിഞ്ഞപ്പോൾ
അവൻ മായികമായ
ഒരു പന്ത് തട്ടിക്കളിക്കുന്നു

ഇപ്പോൾ അവൻ എന്നെ
കണ്ടെന്നു തോന്നുന്നു
മണലിൽ കറങ്ങിചാടി
മലക്കം മറിഞ്ഞു
എന്റടുത്തുവന്നു

എന്താ ഒറ്റയ്ക്കിരിക്കുന്നേ?
അവൻ ചോദിച്ചു
അവനോടു ചോദിക്കാൻ
ഞാൻ കരുതിവച്ച ചോദ്യം

മടക്കിയ ഒരു കാൽമുട്ടിനു മേൽ
മറ്റേക്കാൽ വച്ച്
കരയിലേക്ക് പതുങ്ങിപ്പതുങ്ങി

ഇരുട്ട് വരുന്നത് നോക്കി കിടന്നപ്പോൾ
ആ കുട്ടി എങ്ങോട്ടോ മറഞ്ഞു

ഇരുട്ടിനോട് ഞാൻ ചോദിച്ചു:
കാഴ്ച മറിഞ്ഞ്, എന്തേ
ഞങ്ങളെ ഒറ്റയ്ക്കാക്കുന്നത്?

ഒറ്റയ്ക്ക് കിടക്കുമ്പോൾ, ദൂരെ
നിന്ന് ഒരു ഒറ്റ നക്ഷത്രം
എന്നെ നോക്കുന്നത് കണ്ടു





ഡിക്സൺ ജോർജ്

ലേഖനം

# കേരളസഭാ നവീകരണം

"സഭ ക്രിസ്തുവിനാൽ പണിയപ്പെട്ടുകൊണ്ടിരിക്കുന്ന ഭവനം" (എഫേ 2:20-22)

ക്രിസ്തു സ്ഥാപിച്ച സഭ ഒന്നേയുള്ളു; അത് കത്തോലിക്കാസഭയിൽ അന്തർലീനവുമാണ്. എന്നാൽ പ്രാദേശികമായും ഭാഷാപരമായും ഭരണസംവിധാനത്തിനുമായി ആഗോളസഭ, ഇന്ത്യൻ സഭ, കേരളസഭ എന്നിങ്ങനെ കത്തോലിക്കസഭയെ നാം മനസ്സിലാക്കുന്നു. "കേരള സഭാ നവീകരണം 2022-25" എന്നത് കേരളത്തിലെ മൂന്ന് റീത്തുകളിലെയും സഭാ മേലധ്യക്ഷന്മാരുടെ മെത്രാൻ സമിതിയായ കെസിബിസി നിർദ്ദേശിക്കുന്ന സഭാ നവീകരണ പദ്ധതിയാണ്. "സഭ ക്രിസ്തുവിനാൽ പണിയപ്പെട്ടുകൊണ്ടിരിക്കുന്ന ഭവനം" എന്ന ആപ്തവാക്യവുമായി ഈ നവീകരണദൗത്യത്തിന്റെ ഉദ്ഘാടനം ഇക്കഴിഞ്ഞ ജൂൺ 7 ന് പാലാരിവട്ടം പിഒസിയിൽ നിർവഹിക്കപ്പെട്ടു. കേരള സഭാ നവീകരണത്തിന് വേണ്ടി തയ്യാറാക്കിയ മാർഗരേഖ (Lineamenta) ലളിതമായി പരിചയപ്പെടുത്തുകയാണ് ഈ ലേഖനത്തിന്റെ ലക്ഷ്യം.




## "പോയിടേണ്ട പാതകൾ"

36 പേജുകളുള്ള കേരള സഭാ നവീകരണ മാർഗരേഖയ്ക്ക് മൂന്നുഭാഗങ്ങൾ, 12 ശീർഷകങ്ങൾ, 64 നമ്പരുകൾ എന്നിവയുണ്ട്. പരിശുദ്ധാത്മാവാൽ നയിക്കപ്പെടുന്ന സഭയെ ശുശ്രൂഷിക്കുന്ന, സഹഗമിക്കുന്ന, അനുരഞ്ജനപ്പെടുന്ന, സാക്ഷ്യം നൽകുന്ന സഭയായി നാം കാലാകാലങ്ങളിലായി മനസ്സിലാക്കിവരുന്നു. കേരള പശ്ചാത്തലത്തിൽ കാലോചിതമായി സഭാദൗത്യം മനസ്സിലാക്കുവാനും പോയിടേണ്ട പാതകളിൽ അവ പ്രാവർത്തികമാക്കുവാനും വേണ്ടിയുള്ള ശ്രമമാണ് ഈ നവീകരണത്തിന്റെ ലക്ഷ്യം.



ഫാ. എഡിസൻ വൈ.എം.

## "സഭ എന്റെ ഭവനം"

ക്രിസ്തുവിൽ വിശ്വസിക്കുന്നവരുടെ കുടുംബമാണ് സഭ. ആയതിനാൽതന്നെ അത് കാണപ്പെടുന്ന സാമൂഹ്യസംവിധാനത്തിൽ നിന്നും ഉപരിയാണ്. ജ്ഞാനസ്നാനം സ്വീകരിച്ചവരെല്ലാം സഭാശരീരത്തിലെ അവയവങ്ങളാണ്, (1 കൊറി. 12: 12-16). സഭാംഗങ്ങൾക്ക് വിവിധ അവകാശങ്ങൾ ലഭ്യമാണ്. ആയതിനാൽ തന്നെ വിവിധ കടമകൾ നിർവഹിക്കുവാനും സഭാമക്കൾ ബാധ്യസ്ഥരാണ്. സഭ എന്റെ സ്വന്തമാണ്, കുടുംബമാണ് എന്ന അവബോധത്തിലൂടെ മാത്രമേ ഇവ സാധ്യമാകുയുള്ളൂ.

## "5 പശ്ചാത്തലങ്ങൾ"

കേരളസഭാ നവീകരണത്തിന് അഞ്ചു പശ്ചാത്തലങ്ങൾ മാർഗരേഖ സൂചിപ്പിച്ചിരിക്കുന്നു. അവ 1. മെത്രാന്മാരുടെ സിനഡ് - ഒരു സിനഡാത്മക സഭയ്ക്കുവേണ്ടി കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതത്വം എന്നിവയുടെ ആഗോള സിനഡിനായി ഒരുങ്ങുന്ന പശ്ചാത്തലത്തിൽ, കേരളസഭ കൂടുതൽ നവചൈതന്യത്തിലേക്ക് എത്തേണ്ട ആവശ്യകത മനസ്സിലാക്കുന്നു. 2. കൊവിഡാനന്തര കേരളസഭ - മനുഷ്യനെ ബന്ധങ്ങളിൽ നിന്നും കൂട്ടായ്മയിൽ നിന്നും അകറ്റിയ, കൊവിഡ് മഹാമാരി സൃഷ്ടിച്ച വിശ്വാസ ജീവിതത്തിന്റെ മുറിവുകൾ ഇനിയും ഉണങ്ങിയിട്ടില്ല. കൂടാതെ സമാന അനുഭവങ്ങളിലൂടെ കടന്നുപോകുമ്പോൾ സഭയുടെ വിശ്വാസ ജീവിതവും എങ്ങനെ മെച്ചപ്പെടുത്താം. 3. കേരളസഭയിൽ വന്നുചേരുന്ന അപചയങ്ങൾ - മിശ്രവിവാഹങ്ങൾ, സെക്കുലറിസ ചിന്ത, വിശ്വാസം ഉപേക്ഷിക്കൽ, കമ്പോളമനഃസ്ഥിതി, മെഗാമാനിയ, ആഴമില്ലാത്ത ആത്മീയത, വികല നവസുവിശേഷകർ, പാഷണ്ഡ

പ്രസ്ഥാനങ്ങൾ, ഡിജിറ്റൽ മീഡിയുടെ നെഗറ്റീവ് സമീപനങ്ങൾ എന്നിവ. 4. 2025 ലെ "പ്രത്യാശയുടെ തീർത്ഥാടകർ" എന്ന ആപ്തവാക്യത്തോടെ ആഘോഷിക്കുന്ന ആഗോളസഭാ ജൂബിലി. 5. 2033 ലെ 'രക്ഷ'യുടെ മഹാജൂബിലി.

## "മൂന്നുഘട്ടങ്ങൾ"

കേരളസഭാ നവീകരണം മൂന്നുഘട്ടങ്ങളിലൂടെയാണ് വിഭാവന ചെയ്തിരിക്കുന്നത്.

(a) ഒന്നാംഘട്ടം (2022-2023) - ശ്രവണവും ആസൂത്രണവും
(b) രണ്ടാംഘട്ടം (2023-2024) - നവീകരണം നടപ്പിൽവരുത്തൽ
(c) മൂന്നാംഘട്ടം (2024-2025) - നവീകരണത്തിന്റെ വിലയിരുത്തലുകളും തുടർനടപടികളും.

ശ്രവണകാലത്തിൽ സ്ഥിരം കേൾക്കുന്നവരെ തന്നെ കേൾക്കാതെ വിവിധ തലങ്ങളിലുള്ളവരുടെ അഭിപ്രായ സമന്വയം നടത്തുക. ഈ അവസരത്തിൽ വിവിധ വേദികൾ, സമിതികൾ, സംഘടനകൾ, ഇടവക-ഫൊറോന എന്നിവയെ ഒഴിവാക്കുവാനും സാധിക്കുകയില്ല. ശ്രവണഘട്ടത്തിൽ ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് നവീകരണവും തുടർനവീകരണവും നടക്കേണ്ടത്. അതിനായി നവീകരണമേഖലകളുടെ മുൻഗണന നിർണയിച്ച്, അവയെ വീണ്ടും അപഗ്രഥിച്ച് ചോദ്യങ്ങൾ രൂപപ്പെടുത്തി ചർച്ചചെയ്ത് പരിഹാര നിർദ്ദേശങ്ങൾ കണ്ടെത്തുമ്പോഴേ നവീകരണത്തിനുള്ള രൂപരേഖ തയ്യാറാക്കുവാൻ സാധിക്കുകയുള്ളൂ. തുടർന്ന് അത് പ്രാവർത്തികമാക്കുവാനുള്ള ആർജ്ജവവും സന്നദ്ധതയും കേരളസഭയ്ക്കുണ്ടാകണം.

## "കൂട്ടായ്മ"

ദൈവം നമ്മെ വെളിച്ചത് ഒരു ജനത എന്നനിലയിലാണ്. (GS.22) സഭ എന്ന വാക്കിന്റെ അർത്ഥം 'വിളിച്ചുകൂട്ടപ്പെട്ടവരുടെ സമൂഹം' എന്നാണ്. സഭയിലെ 'പുതിയ രീതി' അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങളുടെ കൂട്ടായ്മയിൽ വചനം മനനം ചെയ്ത് ജീവിത പ്രശ്നങ്ങളെ മനസ്സിലാക്കി അവയെ പരിഹരിക്കുക എന്നതാണ്. പരസ്പരം ശ്രവിക്കൽ, സംവാദം, വിവേചിച്ചറിയൽ, സമവായം, പങ്കാളിത്തം, കൂട്ടുത്തരവാദിത്തം എന്നിവയിൽ സഭാതനയർ പരിശീലിക്കപ്പെടുമ്പോൾ സഭയിലെ കൂട്ടായ്മാനുഭവം പരിശുദ്ധാത്മാവിന്റെ ഇടപെടലിന്റെ അനുഭവമായി മാറുന്നു.

## "പ്രേഷിതാഭിമുഖ്യവും സഭാസംവിധാനങ്ങളും"

സഭ സുവിശേഷകയാണ്. താൻ വിശ്വസിക്കുന്ന കാര്യങ്ങൾ കേൾക്കണം. ഈ കേൾവി പ്രേഷിത പ്രവർത്തനങ്ങളിലേക്ക് നമ്മെ നയിക്കുന്നു. സഭ സഭയോടുതന്നെ സുവിശേഷം പ്രസംഗിച്ചില്ലെങ്കിൽ അതൊരു എൻജിഒയോ, സമുദായ സംഘടനയോ സാമ്രാജ്യശക്തിയോ ആയി ചുരുങ്ങിപ്പോകും. സുവിശേഷീകരണത്തിലുള്ള സംവിധാനമാണ് പ്രാദേശിക സഭകൾ. രൂപതകൾ മെത്രാന്റെ നേതൃത്വത്തിൽ പ്രേഷിതത്വ മാനസാന്തരത്തിനായി വിളിക്കപ്പെട്ടിരിക്കുന്നു. വൈദികർ മെത്രാന്റെ സഹപ്രവർത്തകരെന്ന നിലയിൽ തീഷ്ണതയോടെ പ്രേഷിതദൗത്യവും അജപാലന ശുശ്രൂഷയും നിർവഹിക്കുന്നു. സ്വജീവിതത്തിലെ വ്രതത്രയങ്ങൾ വഴി സന്യസ്തർ ഈ ശുശ്രൂഷകൾക്ക് ആക്കമേകുന്നു. അൽമായരും സഭയുടെ പ്രേഷിതദൗത്യത്തിൽ തങ്ങളുടെ പങ്ക് നിർവഹിക്കുന്നു. ഉചിതമായ പരിശീലനങ്ങൾ വഴിയും ശുശ്രൂഷകളിൽ പങ്കുകാരായും ജീവിതത്തിൽ സുവിശേഷദൗത്യം നിറവേറ്റിയും കുദാശ അനുഭവം സ്വന്തമാക്കിയും സഭാമക്കൾ തങ്ങളെത്തന്നെ പ്രേഷിതരായി സമർപ്പിക്കുന്നു.


## "നവീകരണത്തിന്റെ മേഖലകൾ"

കേരളസഭാ നവീകരണ മാർഗരേഖ 14 വിവിധ മേഖലകളിലേക്ക് നമ്മുടെ ശ്രദ്ധ ക്ഷണിക്കുന്നു. അവ: ദൈവജനം, പ്രേഷിത ശുശ്രൂഷാ, പ്രാർത്ഥനാജീവിതം, വിശ്വാസ പരിശീലനം, അനുരഞ്ജനം, ദരിദ്രസേവനം, വൈദികസന്യസ്ത പ്രേഷിതത്വം, കുടുംബപ്രേഷിതത്വം, അൽമായ ശുശ്രൂഷ, യുവജനശുശ്രൂഷ, സ്ത്രീശക്തീകരണം, ദേശാന്തരവാസം, പരിസ്ഥതിപരമായ മാനസാന്തരം, സംവാദത്തിന്റെ മേഖലകൾ എന്നിവയാണ്. ഇവകൂടാതെ മാർഗരേഖയുടെ ഉപസംഹാരത്തിൽ വിവിധ പശ്ചാത്തലങ്ങളെയും കുറിച്ചിട്ടുണ്ട്. അവ: വർഗീയത, പരിസ്ഥിതി നാശം, മലിനീകരണം, ലിംഗ അസമത്വം, കുറയുന്ന ജനനനിരക്ക്, കുടുംബ ബന്ധങ്ങളുടെ തകർച്ച, ലൈംഗിക അരാജകത്വം, കുടിയേറ്റം, ദാരിദ്ര്യം, ഒഴിഞ്ഞുപോക്ക്, ആത്മീയതയ്ക്കു സ്ഥാനമില്ലാത്ത ഉപഭോഗ തൊഴിൽ സംസ്കാരം, വിശ്വാസരാഹിത്യവും ആജ്ഞേയവാദവും, തൊഴിൽ മേഖലകളിലെ അസ്ഥിരതയും അതുണ്ടാക്കുന്ന വിഫലതകളും തുടങ്ങി എല്ലാ വെല്ലുവിളികളും ആശങ്കകളും കേരളസഭാ നവീകരണ പശ്ചാത്തലത്തിൽ വിശദമായി പരിഗണിക്കപ്പെടണം.

## ഉപസംഹാരം

സഭയിൽ വിവിധ വിലയിരുത്തലുകളും കൂട്ടായ്മാ യോഗങ്ങളും ഇപ്പോൾ പതിവാണ്. എങ്കിലും സഭാ ജീവിതത്തിനും ആത്മീയതയ്ക്കും തീഷ്ണത ലഭിക്കാത്ത ഇന്നത്തെ പശ്ചാത്തലത്തിൽ 'സഭ എന്റെ സ്വന്തമാണ്' എന്ന ഉൾച്ചേർക്കപ്പെടുന്ന അനുഭവം ലഭ്യമാക്കാനുള്ള ശ്രമമാണ് കേരളസഭാ നവീകരണത്തിന്റെ ഒരു പ്രത്യേകത. ഇക്കഴിഞ്ഞ നാളുകളിൽ സിനഡ് ഏകീകൃത കുർബാന വിഷയത്തിൽ അനുകൂലികളും പ്രതികൂലികളുമായ അൽമായ സഭാംഗങ്ങൾ 'ഞങ്ങളാണ് സഭ, ഞങ്ങൾ പറയുന്നതുപോലെ നടക്കണം' എന്ന് വാശിപിടിക്കുന്നത് നാം കണ്ടു. ഇവിടെ ഉൾച്ചേർക്കപ്പെടുന്നതിന്റെ സമീപനം ഉചിതമായ പരിശീലനങ്ങളിലൂടെയും, ശുശ്രൂഷകൾക്ക് നേതൃത്വം നൽകുന്ന വൈദിക-സന്യസ്ത ജീവിത സാക്ഷ്യങ്ങളിലൂടെയും കേരള സഭയ്ക്ക് ലഭിക്കണം. ഒരു വ്യവസ്ഥാപിത സ്ഥാപനവൽക്കരിക്കപ്പെട്ട പ്രൊഫഷണൽ സംവിധാന സഭയിൽ നിന്നും കേരള സഭ ക്രിസ്തുവിന്റെ മൂല്യങ്ങളുടെ ഉറവിടങ്ങളിലേക്ക് തിരികെ നടക്കണം. മാനസാന്തര അനുഭവവും വിവേചനം നൽകുന്ന പരിശുദ്ധാത്മാവിന്റെ ഇടപെടലനുഭവവും വഴി വ്യക്തികൾ, കൂട്ടായ്മകൾ എന്നിവ തങ്ങളെ തന്നെ രൂപപ്പെടുത്തുമ്പോൾ നമ്മുടെ കേരളസഭാ നവീകരണം ലക്ഷ്യം കൈവരിക്കും. ■


> **സഭാ ജീവിതത്തിനും ആത്മീയതയ്ക്കും തീഷ്ണത ലഭിക്കാത്ത ഇന്നത്തെ പശ്ചാത്തലത്തിൽ 'സഭ എന്റെ സ്വന്തമാണ്' എന്ന ഉൾച്ചേർക്കപ്പെടുന്ന അനുഭവം ലഭ്യമാക്കാനുള്ള ശ്രമമാണ് കേരളസഭാ നവീകരണത്തിന്റെ ഒരു പ്രത്യേകത**



# ഒരു ജനതയെ കടലെടുക്കുന്നു

**Lightning makes no sound until it strikes.**

*-Martin Luther King*



ബർഗ്മാൻ തോമസ്

**ഭൂ**മിയും ആകാശവും കടലും അതിന്റെ ജൈവികതയും പ്രകൃതിയും അതിലെ ജീവജാലങ്ങളും തലമുറകളുടെ അനന്തമായ സമ്പത്താണ്. നമ്മുടെ പൂർവികർ നമുക്കായി കരുതലോടെ കണ്ടുവച്ചവ. കാത്തുപരിപാലിച്ചുപോന്നവ. നാം ഇന്ന് വാരിക്കോരി അനുഭവിക്കുന്നതെല്ലാം ഭൂമിയിൽ ഇതുവരെ വന്നുപോയവരും ഇനി വന്നുചേരാനുള്ളവരുമായ സർവ ജീവരാശികളുടേതുമാണ്. കാടും കടലും കരയും പുഴയും മണ്ണും വായുവും എല്ലാം. ഇക്കാര്യങ്ങൾ ഉൾക്കൊണ്ട് പാരിസ്ഥിതിക ദർശനം നൂറ്റാണ്ടുകൾക്ക്മുൻപ് മുന്നോട്ടുവച്ച സിയാറ്റിൽ മൂപ്പന്റെ ചരിത്രപ്രസിദ്ധമായ പ്രസംഗമാണ്; 'ഞങ്ങൾ നിങ്ങൾക്ക് ഭൂമി വിറ്റാൽ...' അമേരിന്ത്യൻ ഗോത്രവർഗ നേതാവാണ് സിയാറ്റിൽ മൂപ്പൻ. ഭൂമി വിലയ്ക്ക് തരണമെന്ന് ആവശ്യപ്പെട്ട അന്നത്തെ അമേരിക്കൻ പ്രസിഡണ്ടിനോട് പ്രസംഗരൂപത്തിൽ പറഞ്ഞ ഓരോ വാചകവും ആവാസവ്യവസ്ഥയുടെ അവസാനത്തെ കണികവരെ വൻലാഭത്തിനുവേണ്ടി വിറ്റുകൊണ്ടിരിക്കുന്ന ഇന്നത്തെ ഭരണകൂടങ്ങളുടെ കണ്ണുതുറപ്പിക്കാൻ പോന്നവയാണ്. സിയാറ്റിൽ മൂപ്പൻ ചോദിക്കുന്നു; 'എങ്ങനെ



യാണ് നമ്മുടെ ഭൂമിക്കും ആകാശത്തിനും വെള്ളത്തിനും വിലയിടുക. ഇതൊക്കെ എങ്ങനെ വില്ക്കാനും വാങ്ങാനും കഴിയും...”

മൂപ്പന്റെ ആ ചോദ്യം നൂറ്റാണ്ടുകൾക്കിപ്പുറം ആവർത്തിക്കപ്പെടുകയാണ്; ‘തിരിച്ചു തരൂ, തിരിച്ചു തരൂ, ഞങ്ങട കടലും കരയും തിരിച്ചു തരൂ, ഞങ്ങട ജീവിതം തിരിച്ചു തരൂ...’ എന്ന മുറവിളിയുമായി തിരുവനന്തപുരത്തെ തിരദേശജനത, അശാസ്ത്രീയമായ വിഴിഞ്ഞം തുറമുഖ നിർമ്മാണംമൂലം കടലിലേയും കരയിലേയും ജീവിതം നഷ്ടപ്പെടുന്നതിനെതിരെ നിതാന്ത സമരത്തിനിറങ്ങിയിരിക്കുകയാണ്. നിശ്ശബ്ദ നിലവിളികളും ചെറുത്തുനില്പുകളും നിറഞ്ഞ ഒരു വർത്തമാനകാലസമരം. തൊഴിലിനോ സ്ഥാനമാനങ്ങൾക്കോ ശമ്പള വർദ്ധനവിനോ വേണ്ടിയല്ല ഈ സമരം. തങ്ങളുടെ തൊഴിലിടം നഷ്ടപ്പെടാതിരിക്കാനുള്ള പോരാട്ടമാണ് അഥവാ വികസനത്തിന്റെപേരിൽ മുതലാളിത്തവും ഭരണകൂടവും ചേർന്ന് സർവവും കവർന്നെടുക്കുന്ന ഒരു മിണ്ടാജനതയുടെ അതിജീവനത്തിനായുള്ള ചെറുത്തുനില്പാണ്. അവരുടെ ആവലാധി ഇങ്ങനെ; ‘ഞങ്ങട കടല് നിങ്ങ കട്ടോണ്ട് പോണ്... ഞങ്ങട വേല നിങ്ങ ഇല്ലാതാക്കണ്... ഞങ്ങള ഓടിച്ചുവിടാൻ നോക്കണ്... കൊല്ലാക്കൊല ചെയ്യണ്...’

ഓഖി ദുരന്തത്തിന്റെ തിക്തഫലങ്ങൾ മുഴുവൻ ഏറ്റുവാങ്ങിയവരാണ് തീരദേശ ജനത. കടലിലുണ്ടാകുന്ന ഏത് അസാധാരണചലനവും തങ്ങളുടെ അടിത്തറയിളക്കുന്നതാണെന്നും കടലിനുമീതെ പടുത്തുയർത്തുന്ന എന്തും അതിന്റെ ആവാസവ്യവസ്ഥയ്ക്ക് ഏല്പിക്കുന്ന ആഘാതമാണ് എന്നും ഓരോ കടൽപ്പണിക്കാരനും അറിയാം. കാരണം അവരുടെ ജീവിതം കടലിലാണ്. കടൽ അവർക്ക് അമ്മയാണ്. കടലമ്മ എന്ന് പ്രാർത്ഥനാപൂർവം വിളിക്കും. അമ്മയെ തീറെഴുതിക്കൊടുക്കുക എന്നാൽ കടലമ്മയെ മാനഭംഗം ചെയ്യുക എന്നാണ് ഇവർ അർത്ഥമാക്കുക. ഇതൊരു കാഴ്ചപ്പാടല്ല, അറിവും അനുഭവവും അവർക്ക് പകർന്നേകിയതാണ്.

കടൽകയറ്റവും അതിന്റെ ഭാഗമായുണ്ടാകുന്ന തീരശോഷണവുമാണ് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നങ്ങൾ. പതിനായിരക്കണക്കിനാളുകളെ ഇപ്പോൾതന്നെ ഈ ദുരിതം ബാധിച്ചു കഴിഞ്ഞു. അഞ്ഞൂറിലധികം ആളുകൾക്ക് അവരുടെ വീടുകൾ ഭാഗികമായോ പൂർണമായോ നഷ്ടപ്പെട്ടിട്ടുണ്ട്. അനേകമാളുകൾക്ക് തൊഴിൽ സാഹചര്യങ്ങൾ ഇല്ലാതായിട്ടുണ്ട്. ഇത്തരം സാഹചര്യത്തിൽ വികലവും പ്രകൃതിവിരുദ്ധവുമായ വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിനെതിരെ തീരദേശജനത നടത്തുന്ന അനിശ്ചിതകാലസമരം അതിന്റെ നാലാംഘട്ടം പിന്നിട്ടിട്ടും മത്സ്യത്തൊഴിലാളികളുടെ ആശങ്ക ഗൗരവത്തിലെടുത്ത് പരിഹരിക്കാനോ വിശദപഠനം നടത്താനോ സർക്കാർ തയ്യാറായിട്ടില്ല. എന്നാൽ കാലാവസ്ഥാവ്യതിയാനംമൂലം കടലിലെ താപനില വ്യത്യാസവും അതുമൂലമുള്ള കടൽക്ഷോഭവും എല്ലാ സ്ഥലത്തുമുണ്ടായിട്ടുണ്ടെന്ന മറുവാദമാണ് സർക്കാരിന്റേത്. നീതികേടാണിത്. സമരങ്ങൾകൊണ്ട് പടുത്തുയർത്തിയ ഒരു പ്രസ്ഥാനം ഭരിക്കുമ്പോൾ പ്രത്യേകിച്ചും. തുടർച്ചയായ കടൽക്ഷോഭങ്ങൾമൂലം എത്രയോ കാലമായി തീരജനത സ്വന്തം ആവാസവ്യവസ്ഥയിൽനിന്നും അകറ്റപ്പെട്ടുകൊണ്ടിരിക്കുന്നു. ഇപ്പോൾ അശാസ്ത്രീയമായ തുറമുഖ നിർമ്മാണം കൂടിയാകുമ്പോൾ ആ അകറ്റപ്പെടൽ പൂർണതയിലെത്തും.

കാലാകാലങ്ങളിലുള്ള ഭരണകൂടങ്ങൾ തീരദേശത്തോട് നീതിപൂർവകമായ ഒരു സമീപനം കൈക്കൊണ്ടിരുന്നില്ല എന്ന് പല ഉദാഹരണങ്ങളിലൂടെ നമുക്കറിയാം. സംവരണത്തിലും സംരക്ഷണത്തിലും.

അതെ, പണ്ടേ അവർ അരികുവത്ക്കരിച്ചു, ഇപ്പോൾ തുടച്ചുനീക്കാനും.

***അനുബന്ധം:***

എഴുത്തുകാരേ, ബുദ്ധിജീവികളേ, സംസ്കാരിക നായകരേ, നിങ്ങൾ അറിഞ്ഞില്ലെന്നുണ്ടോ? ഇവിടെ തലസ്ഥാനത്ത് ഒരുമാസമായി നടക്കുന്ന കടൽത്തൊഴിലാളികളുടെ അതിജീവനസമരം. പാലസ്തീനിൽ വെടിപൊട്ടിയാൽ പ്രതിഷേധക്കുറിപ്പിറക്കുന്ന, കഥകളും കവിതകളും എഴുതുന്ന, ആദിവാസിമേഖലയിൽ ഉരുൾപൊട്ടലോ വെള്ളപ്പൊക്കമോ ഉണ്ടായാൽ മെഴുകുതിരിയുമായി കൂട്ടപ്രാർത്ഥന നടത്തുന്ന നിങ്ങൾ, എന്തേ തീരദേശത്തെ തീരശോഷണക്കെടുതികളോട്, എല്ലാം നഷ്ടപ്പെട്ട ഒരു ജനത തങ്ങളുടെ നിലനില്പിനായി നടത്തുന്ന പോരാട്ടത്തോട്, കരയിൽ വീണുടഞ്ഞുപോകുന്ന തേങ്ങലുകളോട് മുഖംതിരിഞ്ഞ് നില്ക്കുന്നു, മൗനം പാലിക്കുന്നു.

സംസ്കാരസമ്പന്നരേ മഹാമലയാളികളേ, നിങ്ങൾ ഇത്ര ഇഗ്നൊറന്റ് ആയതെന്ത്? ■

## കഥ



# ആലിംഗനം

**പ**തിവിന് വിപരീതമായ പോലൊരു പ്രഭാതം. കോഴി കൂവിയത് അറിഞ്ഞില്ല. കണ്ണുകൾ തിരുമി തിരിയുമ്പോൾ ആവി പറക്കുന്ന കപ്പുമായി നിൽക്കുന്ന സുന്ദരിയായ ദാസിക്ക് പകരം വട്ടമേശയുടെ ഒറ്റ നടുക്കിരിക്കുന്ന തിളങ്ങുന്ന പാൽക്കപ്പ്.

മുട്ടി ഉരുമുന്ന വെള്ളി നാണയങ്ങളുടെ താളത്തിനൊത്ത് തുള്ളിക്കളിക്കുന്ന കുറുകിയ ചിന്തകൾ ഇന്നലെ അന്തിക്ക് മോന്തിയ മുന്തിരിനീരിന്റെ ലഹരിയിൽനിന്ന് സ്വതന്ത്രമായിട്ടില്ല.

നീളം കുറഞ്ഞ മേലങ്കി മുട്ടിന് താഴേയ്ക്ക് വലിച്ചിട്ട് കിടക്കയിൽ നിന്നും എണീറ്റ് ഇരു പാദങ്ങളും നിലത്തൂന്നാൻ ശ്രമിച്ചു; പിന്നെ ചാടി ഇറങ്ങി വട്ടമേശപ്പുറത്തിരുന്ന പാൽക്കപ്പ് ഇടത് കൈകൊണ്ടെടുത്തു ചുണ്ടോടു ചേർത്തെങ്കിലും ആ ദൗത്യം ഉപേക്ഷിച്ചു. ചുണ്ടുകളിൽ നേരിയ ഈർപ്പം മാത്രം.

മനസ്സ് താളം തെറ്റുന്ന പോലെ. മനസ്സിന്റെ ഉള്ളറകളിൽ ഒരു ഭാരം കെട്ടിനിൽക്കുന്ന പോലെ. ആകുലചിത്തനായ എന്റെ ശിരസ്സിന്റെ വേദന ഏറുന്നു. എത്ര ആലോചിച്ചിട്ടും നിഗൂഢതയുടെ ഇരുൾ പരന്ന കൊടിയ ശൈത്യത്തിൽ എവിടെയോ ആ കാരണം മറഞ്ഞിരുന്നു.

നാല് ചുമരുകൾക്കുള്ളിൽ തളച്ചിടപ്പെട്ട അവസ്ഥ. എന്തൊക്കെയോ ചെയ്ത് തീർക്കുവാനുണ്ടെന്ന് ആരോ എന്നെ ഓർമ്മപ്പെടുത്താൻ ശ്രമിക്കുന്നപോലെ; എങ്കിലും എനിക്ക് ഒന്നിനും കഴിയുന്നില്ല.

അല്പനേരം പുറത്തിറങ്ങാം. ശുദ്ധവായു ശ്വസിക്കാം. കാഴ്ചകൾ ആസ്വദിക്കാം. അല്പ ദൂരം നടക്കാം. എങ്കിൽ ഒക്കെയും നേരെയാകും എന്നൊരു തോന്നൽ. സത്യം. വെറും തോന്നൽ മാത്രമായിരുന്നു; വിഫലമായി.

മിഴികൾ നനഞ്ഞ് തുടങ്ങി. ഹൃദയത്തേങ്ങലിന്റെ താളത്തിനൊത്ത് കവിൾ



ഫൗസ്റ്റിൻ ജോസഫ്

ത്തടങ്ങളിൽ നേർത്ത ചൂട് പകർന്ന് താപകണങ്ങളൊഴുകി.

ഇടത്തേയ്ക്ക് തിരിഞ്ഞു. ഇരുൾ മൂടിയ ശൂന്യത. അതിന്റെ ഉള്ളറകളിലേയ്ക്ക് വലിച്ചെടുക്കുന്ന കാന്തിക ശക്തിയെ ആരോ ക്ഷയിപ്പിക്കുന്ന പോലെ. വലത്തേയ്ക്ക് തിരിഞ്ഞു. അതാ അവൻ, എന്റെ പ്രിയൻ അങ്ങ് ദൂരെ. അടുത്ത് ചെല്ലണമെന്നാശിച്ചു. രണ്ടടി മുന്നോട്ടു വച്ചു. പിന്നെ തിരിഞ്ഞ് ഓടി.


സൂര്യൻ ആഴക്കടലിൽ മുങ്ങിക്കുളിക്കാനുള്ള യാത്രയിലായിരുന്നു. ഉഷ്ണക്കാറ്റിനു ശമനമുണ്ടായെങ്കിലും ക്ഷീണിപ്പിക്കുന്ന ചൂട് കറങ്ങി നടക്കുന്നുണ്ടായിരുന്നു. യാത്രാമധ്യേ കണ്ട മരത്തണലിൽ അവൻ അല്പം വിശ്രമിച്ചു. വലിയ ഇലകൾ നിറഞ്ഞ വൃക്ഷം. ഇലകൾക്കിടയിലൂടെ രണ്ട് കണ്ണുകൾ അവനെ നോക്കി ശ്വാസമടക്കി ഇരുന്നു.

കദനഭാരത്താൽ വലിഞ്ഞ് മുറുകിയ ഹൃദയമൊന്നൊഴിച്ചാൽ സുഭിക്ഷം ജീവിതം. ആസക്തി പൂണ്ട് എല്ലാം നേടി അനുവാദമില്ലാതെ അതിഥിയായ് വന്ന നോവൊന്നൊഴിച്ചാൽ. മനസ്സിന് അതൊരു വേദനയാണ്. അവനെ കാണാൻ കൊതിച്ച കണ്ണുകളിൽ ആ വേദനയുടെ താപമുണ്ട്.

അവനെന്നെ ഒന്നു നോക്കുമോ?, നോക്കിയെങ്കിൽ! ആത്മഗതം. തന്നെ ആരോ വിളിക്കുന്ന പോലെ. അവന്റെ കണ്ണുകളിലേയ്ക്ക് നോക്കി. അവൻ ചിരിച്ചു. വശ്യസുന്ദരമായ മുഖകാന്തിയോടെ അവൻ ചിരിച്ചു. തീക്ഷ്ണമായ സ്നേഹത്തിന്റെ പ്രസരിപ്പു നിറഞ്ഞ ചിരി. ഞാൻ ശ്വാസമടക്കി നിന്നു. അവൻ എന്റെ അടുക്കലേയ്ക്ക് വന്നു. എന്റെ ഇടത് തോളിൽ പിടിച്ച് അവനിലേയ്ക്ക് അടുപ്പിച്ചു. എന്റെ ശരീരത്തിലൂടെ മിന്നൽപ്പിണറുകൾ ഒഴുകി. ഞാനെന്നെ അവന് സമർപ്പിച്ചു കൊണ്ട് വാരിപ്പുണർന്നു. അവനെന്നെ ആശ്ളേഷിച്ചു. ഞാനെന്റെ എല്ലാം പൂർണ്ണ ആനന്ദത്തോടെ അവന് വിട്ടുകൊടുത്തു. അവന്റെ അധരങ്ങൾ മന്ത്രിച്ചു; 'രക്ഷ കൈവന്നിരിക്കുന്നു. നഷ്ടപ്പെട്ടു പോയ നിന്നെ കണ്ടെത്താനാണ് ഞാൻ വന്നത്.'

എന്ന് നിങ്ങളുടെ സ്വന്തം,
സക്കേവൂസ്
സിക്കമൂർ വൃക്ഷ നഗർ
സെന്റ്. ലൂക്കാ സ്റ്റ്രീറ്റ്
പിൻ നമ്പർ :19;1:10
ജെറിക്കോ, ജറുസലേം ■

വായന




# തീക്കടൽ കടഞ്ഞ് തിരുമധുരം



സിന്ദുമോൾ തോമസ്

നാം ഇന്നനുഭവിക്കുന്ന ഭാഷാപരമായ സൗകര്യങ്ങൾ സുദീർഘനാളത്തെ അനേകരുടെ ശ്രമപരിശ്രമങ്ങളുടെയും ത്യാഗത്തിന്റെയും തീക്കടൽ കടഞ്ഞ തിരുമധുരമാണെന്നു 466 പുറങ്ങളിലൂടെ ഓർമിപ്പിക്കുകയാണ് സി. രാധാകൃഷ്ണന്റെ നോവൽ*. ഭക്തിപ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവും പ്രചാരകനുമായിരുന്ന മലയാള ഭാഷയുടെ പിതാവായി ആദരിക്കപ്പെടുന്ന തുഞ്ചത്ത് എഴുത്തച്ഛൻറ ജീവിതം ഓലക്കെട്ടുകളിലെ ഗ്രന്ഥവരികളിലൂടെയും പഴമയുടെ വായ്ത്താരികളിലൂടെയും ഹൃദയഹാരിയായി പുനർനിർമ്മിക്കപ്പെടുന്നു. മൂന്നുവട്ടം അഗ്നിനാശം വന്നിട്ടും നിശ്ചയിക്കപ്പെട്ട ഭാഗധേയത്തിൽ നിന്ന് വിട്ടുമാറാതെ ജീവിത നൈരന്തര്യം തുടരാൻ പ്രേരിപ്പിക്കുന്ന ഫിലോസോഫിക്കൽ ആൻഡ് തിയോളൊജിക്കൽ സ്ട്രെങ്ത് ഒരു പരീക്ഷയുടെ സ്ട്രെസ്സിൽ ജീവിതം അവസാനിപ്പിക്കുന്ന പുതുതലമുറ വായിച്ചിരിക്കേണ്ടത് തന്നെ.

കുനുകുനാ പ്രിന്റ് ചെയ്തു നിറച്ചിട്ടുള്ള സാമാന്യം വലിയ ഒരു പുസ്തകം. ആദ്യ ദിദിവസം പുറങ്ങൾ വായനയുടെ ഒഴുക്കിൽപ്പെട്ടൊഴുകാനുള്ള താമസം കൊണ്ട് പതുക്കെയായി. പിന്നെയങ്ങോട്ട് അടച്ചുവെക്കാതെ വായനതുടരാൻ നിർബന്ധിക്കും വിധം എഴുത്ത്, സംഭവങ്ങൾ, ചരിത്രവർണ്ണനകൾ, ഭക്തിവിചാരം, വേദാന്തം. പലയിടത്തും കണ്ണു നിറഞ്ഞു, ചിലപ്പോഴൊക്കെ ചാലിട്ടൊഴുകി. കണ്ണീരിന്റെ മങ്ങലിലൂടെ അക്ഷരങ്ങൾ ഉരുകിയിറങ്ങി. ഗ്രന്ഥങ്ങൾ സംരക്ഷിക്കാനുള്ള വ്യഗ്രതയിൽ തിമിരം മുറ്റിയ കണ്ണുകൾക്ക് അകക്കണ്ണിലൂടെ കാഴ്ച ലഭിച്ചതും അറിവുപകർന്നു ന

ല്കാനായി ജന്മം ഉഴിഞ്ഞുവെച്ചതും ഉടപ്പിറന്നോരുടെ ജീവനു വേണ്ടി ദാരിദ്ര്യമടക്കം അനുഭവിക്കുന്നതും ചതിയിൽ കൊല്ലപ്പെട്ട കാരണവന്മാർക്കു വേണ്ടി ചാവേർ ആയി മരിക്കാൻ തീരുമാനിച്ചവരുടെ നിശ്ചയദാർഢ്യവും ഉറ്റവരുടെ നോവും...

15,16 നൂറ്റാണ്ടുകളിലൊക്കെ കേരള ജനത അനുഭവിച്ചു കൊണ്ടിരുന്ന കഷ്ടതകളും അതിനു കാരണമായിരുന്ന ജാതിവ്യവസ്ഥയും നാട്ടുരാജാക്കന്മാരുടെ വിവരക്കേടും തുടരെത്തുടരെയുള്ള പടയോട്ടങ്ങളും..

പഠിച്ച കേരള ചരിത്രമൊന്നും കേരള ചരിത്രമായിരുന്നില്ല എന്ന് തോന്നുന്നു. ചരിത്ര പഠനമെന്നത് തീയതികളും പേരും മനഃപാഠമാക്കുന്നതിൽ നിന്ന് മാറി നാം ഇന്നനുഭവിക്കുന്ന ജീവിത സൗകര്യങ്ങളുടെയും സാമൂഹ്യ വ്യവസ്ഥിതിയുടെയും പരിണാമത്തിന്റെ നാൾവഴിയാവുന്നതെന്നാണ്?

'സ്വയംകൃതമെന്നും പ്രകൃതിദത്തമെന്നും രണ്ടുതരം സങ്കടമല്ലേ മനുഷ്യാവസ്ഥയിലുള്ളൂ? ആദ്യത്തേത് ഒഴിവാക്കാൻ വിശേഷബുദ്ധി പോരെ? രണ്ടാമത്തേതു താങ്ങാനോ ഈശ്വരാർപ്പണം ധാരാളം മതി.' ആചാര്യന്റെ വാക്കുകൾ, പ്രിയശിഷ്യനോട്.

"ജീവന്റെ ശരീരവസ്ത്രം ഇഴയിടാനാവാത്ത വിധം പിഞ്ഞിത്തുടങ്ങി. ശുഭസുന്ദരരങ്ങളായ പദങ്ങളോടുണ്ടായിരുന്ന പ്രിയം പോലും കുറയുന്നു.' വാർധക്യത്തിന്റെ അവസാനപാദത്തെ വിവരിക്കുന്ന വരികൾ.

'ജപിച്ചുജപിച്ചു കൊഴിയുന്നത് ഇനിയും ജപിക്കാനുള്ളതു തളിരായി വിരിയുന്നതിന് വളമായി അലിയാനാണ് "

ഉദ്ധരണികൾ ഇനിയുമുണ്ട്, അനേകം.

കുന്നലക്കോനും വള്ളുവക്കോനാതിരിയും കോലത്തിരിയുമൊക്കെ അവരവരുടെ കഴിവിനൊത്താടിതീർത്ത മലയാളഭാഷയുടെ ചരിത്രവഴികളിലേക്ക് തിരിഞ്ഞു നടക്കാൻ പ്രേരിപ്പിക്കുന്നതോടൊപ്പം കടന്നുപോയ ആതീക്കടലിൽ വെന്തുപൊള്ളിയ ആയിരങ്ങളുടെ സ്മരണയ്ക്കുമുമ്പിൽ ഒരു നിമിഷം പ്രാർത്ഥനാപൂർവ്വം കണ്ണടയ്ക്കാനും കടഞ്ഞുകിട്ടിയ തിരുമധുരം തലമുറകൾക്ക് പകർന്നു നൽകാനും പ്രേരിപ്പിക്കുന്നു ഈ ഗ്രന്ഥം. ■



**ചരിത്രപഥം**

**ഇഗ്നേഷ്യസ് തോമസ്**

# റാവു ബഹാദൂർ എ.മുത്തുനായകം പിള്ളയും മിസ് ഡി.എച്ച്. വാട്സും

**അ**ൽമായ ശ്രേഷ്ഠർക്ക് പരിശുദ്ധപദവിയിൽ നിന്ന് പേപ്പൽ ബഹുമതി വാങ്ങി സമ്മാനിച്ചു എന്നത് ഏറെ ആശ്ചര്യകരമത്രെ! പേപ്പൽ ബഹുമതിക്കായി ഒരു സ്ത്രീയെക്കൂടി പരിഗണിച്ചുവെന്നതും ശ്രദ്ധേയമാണ്. 1939 ഏപ്രിൽ 30 ന് സെന്റ് ജോസഫ്സ് കത്തീഡ്രൽ ഹാളിൽ വച്ച് പേപ്പൽ ബഹുമതികൾ അഭിവന്ദ്യ വിൻസെന്റ് വിക്ടർ ദെരേര പിതാവ് ഇവർക്ക് നൽകുകയും തുടർന്ന് വൻജനാവലിയുടെ സാന്നിധ്യത്തിൽ അനുമോദനങ്ങൾ അർപ്പിക്കുകയും ചെയ്തു. മഹാകവി ഉള്ളൂർ എസ്. പരമേശ്വര അയ്യർ ഉൾപ്പെടെയുള്ള വിശിഷ്ട വ്യക്തിത്വങ്ങൾ ആശംസകൾ അർപ്പിക്കാൻ എത്തിയിരുന്നതായി സൊഡാലിസ്റ്റ് മാസികയിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നു. ശ്രേഷ്ഠരായ ഇവർ പൊതുരംഗത്തും സഭാ പ്രവർത്തനങ്ങളിലും നിർവഹിച്ച നിസ്തുല സേവനങ്ങളെപ്പറ്റി മനസ്സിലാക്കേണ്ടതുണ്ട്.

## റാവു ബഹാദൂർ എ. മുത്തുനായകംപിള്ള



തിരുവിതാംകൂർ ഹൈക്കോടതി മുൻ ജഡ്ജി ജി.എസ്. ആരൈങ്കനായകം പിള്ളയുടെ പുത്രനാണ് മുത്തുനായകം പിള്ള. 1862 ൽ തിരുവനന്തപുരത്ത് ജനിച്ചു. തിരുവനന്തപുരം മഹാരാജാസ് സ്കൂളിലും കോളേജിലുമായി വിദ്യാഭ്യാസം നേടി. തുടർന്ന് മദ്രാസ് യൂണിവേഴ്സിറ്റിയിൽ നിന്ന് നിയമപഠനം പൂർത്തിയാക്കി ബിരുദം സമ്പാദിച്ചു. 23-ാം വയസ്സിൽ കോടതിയിൽ പ്രാക്ടീസ് ആരംഭിച്ചു. ഈ കാലയളവിൽ ലോകോളേജിൽ അധ്യാപകനായും പ്രിൻസിപ്പളായും സേവനം ചെയ്തു. ലജിസ്ലേറ്റീവ് അസംബ്ലിയിൽ അനൗദ്യോഗിക അംഗമായി നാമനിർദ്ദേശം ചെയ്യപ്പെട്ടു. സെഷൻസ് ജഡ്ജ്, അഡ്വക്കേറ്റ് ജനറൽ, ഹൈക്കോടതി ജഡ്ജി എന്നീ പദവികളും അദ്ദേഹം വഹിച്ചു. 1922 ൽ സർക്കാർ ചുമതലകളിൽ നിന്ന് വിരമിച്ച് പൊതുരംഗത്തും സഭാശുശ്രൂഷാരംഗത്തും സജീവമായി.

കാത്തലിക് യംഗ്മെൻ സൊസൈറ്റിയുടെയും 1920 ൽ അദ്ദേഹം മുൻകൈയെടുത്ത് രൂപീകരിച്ച കാത്തലിക് അസോസിയേഷന്റെയും പ്രസിഡന്റ് എന്ന നിലയിൽ നിസുതലമായ സേവനം കാഴ്ചവച്ചു. തിരുവനന്തപുരത്തെ വിവിധ കോളേജുകളിൽ പഠിക്കുന്ന കത്തോലിക്കാ വിദ്യാർഥികൾക്കായി കാത്തലിക് ഹോസ്റ്റൽ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക്, നൽകിയ സംഭാവന വളരെ വിലപ്പെട്ടതായിരുന്നു. രൂപതയുടെ ഔദ്യോഗിക നിയമോപദേശകനായും പ്രവർത്തിച്ചു. തിരുവ

നന്തപുരം നഗരത്തിലെ പ്രശസ്ത ഗ്രന്ഥാലയങ്ങളായിരുന്ന പബ്ലിക് ലൈബ്രറിയിലും ബ്രിട്ടീഷ് കൗൺസിൽ ലൈബ്രറിയിലും കത്തോലിക്കാപ്രസിദ്ധീകരണങ്ങളും ഗ്രന്ഥങ്ങളും പുസ്തക പുസ്തകപ്രേമികൾക്ക് ലഭ്യമായിരുന്നില്ല. ഈ കുറവ് പരിഹരിക്കപ്പെടുന്നതിനായി പാളയം സെന്റ് ജോസഫ് കത്തീഡ്രലിൽ, ലൈബ്രറി കെട്ടിടവും അനുബന്ധമായി പുസ്തകങ്ങളും മറ്റു സൗകര്യങ്ങളും സ്വന്തം ചെലവിൽ സജ്ജീകരിച്ചു നൽകുകയുണ്ടായി. ഇന്ന് വൈദികർ താമസിക്കുന്ന വസിതിയായിരുന്നു അദ്ദേഹം നിർമ്മിച്ചുനൽകിയത്. നിർഭാഗ്യകരമെന്ന് പറയട്ടെ, അദ്ദേഹം സംഭാവന നൽകിയ ഒരുഗ്രന്ഥംപോലും അവശേഷിക്കാതെ കെട്ടിടം നവീകരിച്ചപ്പോൾ, നശിച്ചുപോയി എന്ന വസ്തുത ഏറെ ദുഃഖകരമാണ്.

ക്ലേശിതരും നിരാലംബരുമായ സഹോദരങ്ങളെ പാർപ്പിക്കാനായി സ്വന്തം ഭവനവും സ്ഥലവും രൂപതയ്ക്ക് കൈമാറുകയും നിരവധി നിസഹായരായ രോഗികളെ പരിരക്ഷിച്ചുകൊണ്ട് ഇന്നും പ്രവർത്തിക്കുന്ന പ്ലാമൂട് ‘സാങ്താമരിയ ഹോമം ഫോർ ഏയ്ജ്ഡ്’ അഗതിമന്ദിരം അദ്ദേഹത്തിന്റെ കരുണാർദ്രമായ ഹൃദയത്തിൽ നിറഞ്ഞുനിന്ന പാവങ്ങളോടും രോഗികളോടുമുള്ള സ്നേഹത്തിന്റെ നിദർശനമെത്രെ. ഇപ്രകാരം ദൈവസ്നേഹത്താൽ പൂരിതനായി മനുഷ്യസേവനവും സഭാശുശ്രൂഷയും അർഥവത്തായി നിർവഹിച്ച അൽമായ ശ്രേഷ്ഠനായിരുന്നു ഷെവലിയർ എ. മുത്തുനായകം പിള്ള

## മിസ് ഡി ഹച്ച് വാട്സ്



ഡോറോത്തിയ ഹെൽറീറ്റ വാട്സ് തിരുവനന്തപുരത്തെ പുരാതന ആംഗ്ലോ ഇന്ത്യൻ കുടുംബത്തിൽപ്പെട്ട അംഗമായിരുന്നു. തിരുവിതാംകൂർ ചീഫ് സെക്രട്ടറിയായിരുന്ന എഫ്. വാട്സിന്റെ പുത്രിയായിരുന്നു ഇവർ. ഇവരുടെ സഹോദരൻ എം. ഇ. വാട്സ് തിരുവിതാംകൂറിലെ ഹൈന്ദവനല്ലാത്ത ആദ്യ ചീഫ് സെക്രട്ടറി (1925–1928) യുമായിരുന്നു. തിരുവനന്തപുരം ഹോളി എയ്ഞ്ചൽസ് സ്കൂളിലെ പഠനശേഷം മദ്രാസ് യൂണിവേഴ്സിറ്റിയിൽ നിന്ന് ബിരുദം സമ്പാദിച്ചു. തുടർന്ന് തിരുവനന്തപുര മഹാരാജാസ് കോളേജ് ഫോർ വുമണിൽ അധ്യാപികയായി ജോലിയിൽ പ്രവേശിച്ചു. ഇംഗ്ലീഷ് ഭാഷാണ് അവിടെ അവർ പഠിപ്പിച്ചിരുന്നത്. 1910 മുതൽ 1928 വരെ പ്രിൻസിപ്പളായും സേവനം ചെയ്തു. 1921 ൽ സ്ഥാപിതമായ ഈ കോളേജിന്റെ ആദ്യ ഹോസ്റ്റൽ വാർഡനായി നിയമിതയായതും മിസ് വാട്സ് തന്നെ. തിരുവിതാംകൂർ രാജകൊട്ടാരത്തിലെ സേതുലക്ഷ്മീഭായി സേതു പാർവതി ഭായി എന്നീ തമ്പുരാട്ടിമാരുടെ ട്യൂട്ടറായി ഇവരെ ശ്രീമൂലം തിരുനാൾ മഹാരാജാവ് നിയമിക്കുകയുണ്ടായി.

തിരുവനന്തപുരം പട്ടണത്തിൽ നടത്തപ്പെട്ടിരുന്ന സർക്കാർ ഔദ്യോഗിക ചടങ്ങുകളുടെയും പൊതുപരിപാടികളുടെയും മുഖ്യ സംഘാടകയായിരുന്നു മിസ് വാട്സ്. മികവാർന്ന പെരുമാറ്റംകൊണ്ടും മനോഹരമായ വാക്ചാതുരികൊണ്ടും നൈപുണ്യമാർന്ന സംഘാടക ശൈലികൊണ്ടും സർവരുടെയും സ്നേഹാദരവുകൾക്ക് അവർ പാത്രീഭൂതയായി. ഇംഗ്ലീഷ് ഭാഷാ വിശാരദ പാശ്ചാത്യസംഗീതാലാപനത്തിൽ പ്രാവീണ്യം, ചിത്രകല, തുന്നൽ എന്നിവയിൽ സ്വതസിദ്ധമായ കഴിവുകൾ എന്നിവ മൂലം അവർ എല്ലാ രംഗത്തും തനതായ വ്യക്തിമുദ്രപതിപ്പിച്ചു. 1937 ൽ സ്റ്റേറ്റ് ഗസ്റ്റ്സ് വകുപ്പ് (ഇന്നത്തെ വിനോദസഞ്ചാരവകുപ്പ്) ഡയറക്ടറായി മഹാരാജാവ് അവരെ നിയമിച്ചു. രാജ്യസേവനത്തിലും പൊതു പ്രവേശനത്തിലും പ്രദർശിപ്പിച്ച താല്പര്യവും ആത്മാർത്ഥയും പരിഗണിച്ച് ശ്രീ ചിത്തിര തിരുനാൾ മഹാരാജാവ് ’രാജകാര്യകുശല’ എന്ന സ്ഥാനം നൽകി ആദരിച്ചു.

രാജ്യസേവനത്തോടൊപ്പംതന്നെ സഭാശുശ്രൂഷകളിലും അവർ തീഷ്ണതയോടെ പ്രവർത്തിച്ചിരുന്നു. വിൻസെന്റ് ഡി പോൾ സൊസൈറ്റി തിരുവനന്തപുരത്ത് ആദ്യമായി ആരംഭിച്ചപ്പോൾ സഹോദരനായ ദിവാൻ വാട്സിനൊപ്പം ദീനസേവന പ്രവർത്തനങ്ങളിൽ വ്യാപൃതയായി. പ്രശസ്തയാകാനും പൊതുസ്വീകാര്യത ലഭിക്കാനുമായി തന്റെ മതവിശ്വാസപ്രമാണങ്ങളിൽ വെള്ളം ചേർക്കാൻ അവർ ഒരിക്കലും തയ്യാറായിരുന്നില്ല. തിരുവനന്തപുരത്ത് നടന്ന ജനസംഖ്യാനിയന്ത്രണ സമ്മേളനത്തിൽ ജനനനിയന്ത്രണത്തെ അനുകൂലിച്ചുകൊണ്ട് പ്രമേയം പാസാക്കാനൊരുമ്പെട്ടപ്പോൾ ശക്തമായ പ്രതിഷേധം പ്രകടിപ്പിച്ചുകൊണ്ട് മിസ് എം. ഐ. റോസ് മേയറോടും മറ്റ് പ്രതിനിധികളോടുമൊപ്പം സമ്മേളനം ബോയിക്കോട്ട് ചെയ്യാൻ അവർ ധൈര്യം കാട്ടി. പാളയം സിവൈഎംഎസ് ഹാളിൽ ഒരു യോഗം വിളിച്ചുകൂട്ടി ജനനനിയന്ത്രണസമ്മേളനത്തിനെതിരെ പ്രതിഷേധം രേഖപ്പെടുത്താനും അവർ തയ്യാറായി.

ഇന്ന് നന്തൻകോട് ഹോളി ഏയ്ഞ്ചൽസ് കോൺവെന്റ് സ്ഥിതിചെയ്യുന്ന സ്ഥലത്തായിരുന്നു മിസ്. വാട്സ് 1947 വരെ താമസിച്ചിരുന്നത്. ഹോളി എയ്ഞ്ചൽസ് കോൺവെന്റിന്റെ സുപ്പീരിയറായിരുന്ന മദർ ലൂയിസിന് സന്തം ഭവനവും സ്ഥലവും കൈമാറിയശേഷം കോട്ടഗിരിയിൽ (നീലഗിരി) പോയി ശിഷ്ടകാലജീവിതം കഴുച്ചുകൂട്ടി. അൽഷിമേഴ്സ് രോഗത്തിൽ വലഞ്ഞ അവർ സാവധാനം മരണത്തിന് കീഴടങ്ങി. ’മഹത്വമാർന്ന ജീവിതത്തിന്റെ അശുഭകരമായ അന്ത്യം’ എന്നത്രെ ഉത്രാടം തിരുനാൾ മാർത്താണ്ഡവർമ്മ മിസ് വാട്സിന്റെ അന്ത്യത്തെപ്പറ്റി പറഞ്ഞത്.

ദൈവസ്നേഹവും രാജ്യസേവനവും സമന്വയിപ്പിച്ചുകൊണ്ട് ദൈവരാജ്യമൂല്യങ്ങൾക്കും ദൈവമഹത്വത്തിനും വേണ്ടി അവർ നിലകൊണ്ടു. സഭാശുശ്രൂഷകളിൽ ഏർപ്പെട്ടും രാജ്യപുരോഗതിക്കും ജനങ്ങളുടെ നന്മയ്ക്കും വേണ്ടി അവിശ്രമം അദ്ധ്വാനിച്ച ഈ രണ്ട് വ്യക്തിത്വങ്ങളെ സഭയും രാജ്യവും യഥാസമയം അംഗീകരിക്കാനും ആദരിക്കാനും ഇടയായി എന്നത് ശ്രദ്ധേയമാണ്. നിഷ്കാമമായ മനുഷ്യപ്രയത്നങ്ങളെ എല്ലാക്കാലത്തും എല്ലായിടത്തും അംഗീകരിക്കപ്പെടുമെന്നതാണ് യാഥാർത്ഥ്യം. ■



# തിരകൾക്കും, തീരത്തടുക്കിയ ബാരിക്കേഡിനും തടുക്കാനാവാതെ കടലും കരയും പിടിച്ചടക്കി പ്രതിഷേധം

ഇത് ചരിത്രം സൃഷ്ടിച്ച സമരം. പതിനായിരത്തോളം പേർ ഒരേസമയം കടലും കരയും ഉപരോധിച്ച് സമരമുഖത്തണിനിരന്നത് കേരളചരിത്രത്തിലെ ആദ്യ സമരരീതിയായി. അദാനി തുറമുഖകവാടം ഉപരോധിച്ചുകൊണ്ടുള്ള മത്സ്യത്തൊഴിലാളികളുടെ സമരം കൂടുതൽ ശക്തിയാർജിക്കുന്ന കാഴ്ചയാണ് ഇപ്പോൾ കണ്ടത്. വിഴിഞ്ഞം തുറമുഖ നിർമ്മാണം കാരണം ഏറ്റവും കൂടുതൽ ബുദ്ധിമുട്ടനുഭവിക്കുന്ന തീരഗ്രാമത്തിൽ നിന്നുള്ളവരായതു കൊണ്ടുതന്നെ സമരത്തിനെത്തിയവരുടെ പ്രതികരണം വൈകാരികമായിരുന്നു. തങ്ങളുടെ ഗ്രാമത്തിന്റെ നിലനിൽപ്പുതന്നെ അപകടത്തിലാണെന്ന തിരിച്ചറിവുള്ളതുകൊണ്ടുതന്നെ ഐക്യദാർഢ്യം പ്രഖ്യാപിച്ചെത്തുന്നവരുടെയും സാമൂഹികപ്രതിബദ്ധത കാണിക്കുന്നവരുടെയും രീതിയിലല്ല മറിച്ച് എല്ലാം നഷ്ടമാകുന്നവന്റെ വീര്യത്തോടെയാണ് നിർമ്മാണ പ്രവർത്തനം നടക്കുന്ന മേഖല ജനം നോക്കിക്കണ്ടത്. പതിനായിരത്തോളം പേരുൾപ്പെട്ട ജനാവലിയാണ് ഉപരോധസമരത്തിൽ പങ്കെടുത്തത്. ജൂബിലി ആശുപത്രിയും, കർമ്മലീത്താ സഭയും, സലേഷ്യൻ സഭയും, എറുണാകുളംഅങ്കമാലി, ചങ്ങനാശ്ശേരി രൂപതകളിൽ നിന്നുമുൾപ്പെടെയുള്ളവരും, കോവളം ഫെറോനയിലെ ഏതാനും ഇടവകകളിൽ നിന്നുള്ളവരും ഐക്യദാർഢ്യം പ്രഖ്യാപിച്ചെത്തിയതോടെ സമരപ്പന്തൽ നിറഞ്ഞു കവിഞ്ഞു.

അനേകം വാഹനങ്ങളിലെത്തിയ തീരജനത കഴിഞ്ഞ ദിവസങ്ങളിലുള്ളതിനെക്കാൾ വേഗത്തിൽ കുറുകേ വച്ചിരുന്ന ബാരിക്കേഡുകളും, വിലങ്ങനെ നിന്ന പോലീസിനേയും വകഞ്ഞുമാറ്റി തുറമുഖത്തേക്കിരച്ചു കയറി.


വിഴിഞ്ഞം ഹാർബറിൽ നിന്ന് ഫ്ളാഗ് ഓഫ് ചെയ്ത കടൽ ഉപരോധ സമരത്തിന് പൂന്തുറയിൽ നിന്നും വള്ളങ്ങളുമെത്തിയതോടെ കടലിലും ഉപരോധം ആരംഭിച്ചു. മാധ്യമ പ്രവർത്തകർക്കായി പ്രത്യേക വള്ളങ്ങളും സജ്ജമാക്കിയിരുന്നതിനാൽ കേരളക്കരയാകെ ഭവനങ്ങളിലിരുന്നു തന്നെ കടൽകര ഉപരോധ സമരം കണ്ടു. കരയിലൂടെയെത്തിയ സമരക്കാർ കടലിൽ നൂറോളം വള്ളങ്ങളുമായെത്തിയവർക്ക് അഭിമുഖമായി നിന്ന് തുറമുഖത്തിനുള്ളിൽ പ്രതിഷേധ മുദ്രാവാക്യങ്ങളുയർത്തി.

പൂന്തുറ ഇടവകക്കൊപ്പം അയൽ ഇടവകകളായ ചെറിയതുറ, സെന്റ് സെബാസ്റ്റ്യൻ വെട്ടുകാട്, സെന്റ് സേവിയേഴ്സ് വലിയതുറ എന്നീ ഇടവകകളിൽ നിന്നുള്ളവരും ഇടവകവികാരിമാരും, ഫെറൊനയിലെ വൈദികരും, നിരവധി സന്യസ്തരും സമരത്തിൽ പങ്ക് ചേർന്നിരുന്നു.

## സർക്കാരിന്റെ ഇടപെടൽ അടിയന്തിരമായി ഉണ്ടാകണം: കെസിബിസി

തുറമുഖ വികസനത്തിന്റെ പേരിൽ കടുത്ത മനുഷ്യാവകാശ ലംഘനം നേരിട്ടുകൊണ്ടിരിക്കുന്ന അവകാശ സമരത്തിന് പിന്തുണ അറിയിച്ച് കെസിബിസി(കേരള കാത്തലിക് ബിഷപ്പ്സ് കൗൺസിൽ). തുറമുഖ വികസനത്തിന്റെ ഭാഗമായ നിർമ്മാണങ്ങളെ തുടർന്നുണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങളെയും അതേത്തുടർന്ന് ദുരിതമനുഭവിക്കുന്ന പതിനായിരക്കണക്കിന് തീരദേശ ജനതയുടെ പ്രശ്നങ്ങളെയും പരിഹരിക്കാനുള്ള നടപടികൾ ഉടനടി സ്വീകരിക്കണമെന്ന് കെസിബിസി ആവശ്യപ്പെട്ടു. ദിവസങ്ങളോളമായി നടന്നുവരുന്ന സമരത്തെ വേണ്ടവിധത്തിൽ ഭരണാധികാരികൾ പരിഗണിച്ചിട്ടില്ല എന്നതിന് ഉദാഹരണമാണ് കഴിഞ്ഞദിവസം നടന്ന ചർച്ചയെ തുടർന്നുണ്ടായ സമരസമിതിയുടെ പ്രഖ്യാപനം. സമരത്തിൽ ഉന്നയിക്കുന്ന ആവശ്യങ്ങൾ നടപ്പിലാക്കാമെന്നോ പരിഗണിക്കാമെന്നോ ചർച്ചയിൽ വാക്കുകൊണ്ട് പറഞ്ഞതല്ലാതെ രേഖാമൂലം യാതൊരുവിധ പ്രഖ്യാപനവും സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. തുറമുഖ നിർമ്മാണത്തെ തുടർന്ന് തീരത്തു നിന്നും കുടിയൊഴിപ്പിക്കപ്പെടുന്ന തീരദേശ ജനതയുടെ അവകാശങ്ങൾക്കെതിരെ മുഖം തിരിക്കുന്ന സർക്കാർ എത്രയും വേഗം ആ ജനതയുടെ ആവശ്യങ്ങൾ നീതിയുക്തമായി നടപ്പിലാക്കണമെന്ന് കെസിബിസി പത്രക്കുറിപ്പിൽ പറഞ്ഞു

# ഞങ്ങളെ പറ്റിച്ച് തീരദേശം കോർപ്പറേറ്റുകൾക്ക് തീറെഴുതാമെന്ന് കരുതണ്ട : തോമസ് നെറ്റോ പിതാവ്




സൂസപാക്യം പിതാവിനൊപ്പം നിന്ന് വർഷങ്ങളായി മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾ അധികാരികളുടെ മുൻപിലുണർത്തിച്ചതിന്റെ ഒരു നീണ്ട കാലത്തെ ചരിത്രത്തിന് ഞാനും സാക്ഷിയാണ്, ഇനിയും നമ്മെ തീരത്ത് നിന്നും പൂർണ്ണമായും പറിച്ചെറിയാം എന്ന വ്യാമോഹം വേണ്ടെന്ന് അസന്നിഗ്ദ്ധമായി പ്രഖ്യാപിച്ച് തിരുവനന്തപുരം അതിരൂപതാധ്യക്ഷൻ തോമസ് നെറ്റോ പിതാവ്. ഓഫീസ് മുറികളിലിരുന്നെടുക്കുന്ന, പുലിമുട്ട് നിർമ്മാണതീരുമാനം തമാശ പോലെയാണനുഭവപ്പെടുന്നത്. പ്രശ്നപരിഹാരത്തിനാദ്യം തീരത്തിറങ്ങി വന്ന് തീരദേശത്തുകൂടെ നേതാക്കൾ നടക്കണമെന്നും, പ്രശ്നപരിഹാരത്തിന് പരിചരിക്കുന്നവരോടൊപ്പമല്ല നമ്മുടെ എം. പി. മാർ നിൽക്കേണ്ടതെന്നും ശക്തമായ ഭാഷയിൽ തന്നെ പിതാവ് ഓർമ്മിപ്പിച്ചു. പക്ഷേ ആരും ഞങ്ങളെ ഈ തീരപ്രദേശത്തിന്റെ ബുദ്ധിമുട്ടുകളെക്കുറിച്ച് പഠിപ്പിക്കേണ്ട ആവശ്യമില്ലെന്നും, കാരണം എല്ലാ ദിവസവും മത്സ്യത്തൊഴിലാളികളി പരാതി പറയാനെത്തുന്നത് ഞങ്ങൾ വൈദീകരുടെ മേടകളിലാണെന്നത് മറക്കേണ്ടെന്നും പരിഹാരം നൽകാൻ കഴിവുള്ളവർക്കുമുൻപിൽ ചർച്ചചെയ്യാൻ തയ്യാറാണെന്നും കാര്യത്തിന്റെ ഗൗരവം മുഖ്യമന്ത്രി മനസ്സിലാക്കിയെന്നു കരുതുന്നുവെന്നും പിതാവ് പറഞ്ഞു. തീരദേശവാസികളുടെ വാക്കു കേൾക്കാതെ മുന്നോട്ടു പോയ നിർമ്മാണ പ്രവർത്തനങ്ങളുടെ തുടക്കത്തിൽ തന്നെ ഇക്കാര്യം തീരദേശത്തിനാപത്താണെന്ന് ജനങ്ങളും അതിരൂപതാധികാരികളും സംശയമൊന്നുമില്ലാതെ വ്യക്തമാക്കിയതാണെന്നും, അന്ന് ഈ സമൂഹം വികസനത്തിനെതിരെന്ന മട്ടിൽ സംഘടിതമായ ആക്രമണമുണ്ടായെന്നും അന്നത്തെ പത്രവാർത്തകൾ പരിശോധിക്കണമെന്നും പിതാവ് പറഞ്ഞു.

ഇതൊരു ഗത്യന്തരമില്ലാതെ ആരംഭിച്ച സമരമാണ്. ഭാവി തലമുറയ്ക്ക് വേണ്ടിയിത്രയെങ്കിലും ചെയ്തില്ലെങ്കിൽ ഇവിടം ചരിത്രാവശിഷ്ടം മാത്രമാകുമെന്നും അത്കൊണ്ടാണ് മാസങ്ങൾ തന്നെ നീളാവുന്ന ഈ സമരത്തിലേക്ക് ഞങ്ങൾ പോയതെന്നും തോമസ്നെറ്റോ പിതാവ് കൂട്ടിച്ചേർത്തു.

# ഐക്യദാർഢ്യവുമായി ലത്തീൻ സഭാമക്കളും പിതാക്കന്മാരും

കെ.ആർ.എൽ.സി.സിയുടെ തീരുമാനപ്രകാരം തിരുവനന്തപുരം അതിരൂപതയിൽ നടക്കുന്ന അവകാശ സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് കേരളത്തിലെ മറ്റു രൂപതകളും മുന്നോട്ട് വന്നതോടെ കേരളമാകമാനം ചർച്ചചെയ്യപ്പെടുകയാണ് തിരുവനന്തപുരം തീരദേശത്തെ മത്സ്യത്തൊഴിലാളികളുടെ ദുരവസ്ഥ. തീരവും പാർപ്പിടവും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളോട് സർക്കാർ കാണിക്കുന്ന അവഗണനയ്ക്കെതിരായാണ് കഴിഞ്ഞ ദിവസങ്ങളിൽ കേരളത്തിലെ വിവിധ ലത്തീൻ രൂപതകളുടെയും വിവിധ അൽമായ സംഘടനകളുടെയും നേതൃത്വത്തിൽ അതാതിടങ്ങളിൽ സൂചനാ സമര ധർണ്ണ നടന്നത്.

ഈ മാസം 13ന് 11 ഫെറോന കേന്ദ്രങ്ങളിലായി നെയ്യാറ്റിൻകര രൂപത ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് ധർണ്ണകൾ സംഘടിപ്പിച്ചത് വ്യാപകമായ ജനപിന്തുണയ്ക്ക് സഹായകമായിരുന്നു. ഇതേ ദിവസം വൈകുന്നേരം 6:30ന് കണ്ണൂർ കാൾടെക്സ് ഗാന്ധി സർക്കിളിൽ കണ്ണൂർ രൂപതാ മെത്രാൻ ഡോ. അലക്സ് വടക്കുംതല തീപ്പന്തം തെളിയിച്ച് സായാഹ്ന ധർണ ഉദ്ഘാടനം ചെയ്തു. പതിനാറാം തീയതി ആലപ്പുഴ രൂപത അൽമായ കമ്മീഷന്റെ നേതൃത്വത്തിൽ മത്സ്യത്തൊഴിലാളികളുടെ പോരാട്ടത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് കളക്ടറേറ്റ് മാർച്ചും ധർണയും സംഘടിപ്പിച്ചു. ഇതേ ദിവസം തന്നെ വരാപ്പുഴ അതിരൂപത ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് എറണാകുളം വഞ്ചി സ്ക്വയറിൽ സായാഹ്ന ധർണ്ണ സംഘടിപ്പിച്ചു. അതിരൂപത മെത്രാൻ ഡോ. ജോസഫ് കളത്തിപ്പറമ്പിൽ ധർണ്ണ ഉദ്ഘാടനം ചെയ്തു. കോട്ടപ്പുറം രൂപത മെത്രാൻ ഡോ. ജോസഫ് കാക്കശേരിയുടെ നേതൃത്വത്തിൽ അഴീക്കോട് പ്രതിഷേധ ധർണ്ണ സംഘടിപ്പിച്ചു. അവകാശ സമരത്തിന് പിന്തുണയായി കൊല്ലം രൂപതയിലെ ജനങ്ങൾ രൂപത മെത്രാൻ പോൾ ആന്റണി മുല്ലശ്ശേരിയുടെ നിർദ്ദേശപ്രകാരം ഭവനങ്ങളിൽ തിരിതെളിച്ചു.

വിവിധ രൂപതകളും രൂപതാധ്യക്ഷൻമാരും മാത്രമല്ല, തീരത്തെയും, ഉൾപ്രദേശങ്ങളിലേയും ധാരാളം ഇടവകകളും സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ച് മുന്നോട്ട് വരുന്നത് സമരത്തിന്റെ ഗതി നിർണ്ണയിക്കുമെന്നാണ് കരുതപ്പെടുന്നത്.

# കടലിരമ്പമായി തീരദേശ ജനത: വിഴിഞ്ഞം തുറമുഖ കവാടം തടഞ്ഞ് സമരം

തിരുവനന്തപുരം തീരദേശ മേഖലയിലെ തീരശോഷണത്തിന് കാരണം വിഴിഞ്ഞം തുറമുഖ നിർമ്മാണമാണെന്ന് ചൂണ്ടിക്കാട്ടി തീരനിവാസികൾ നടത്തി വരുന്ന പ്രതിഷേധം ശക്തമാവുന്നു. യുവാക്കളും സ്ത്രീകളും അടങ്ങുന്ന നൂറു കണക്കിനാളുകളാണ് രാവിലെ മുതൽ തുറമുഖത്തിലേക്കുള്ള പ്രധാന കവാടം തടഞ്ഞ് പ്രതിഷേധിച്ചത്. പൊഴിയൂർ മുതൽ മാമ്പള്ളി വരെയുള്ള തീരദേശ ഗ്രാമങ്ങളിൽ നിന്നാരംഭിച്ച കരിങ്കൊടിയേന്തിയ വാഹന റാലി അവസാനിച്ചത് വിഴിഞ്ഞത്തിനടുത്ത് മുല്ലൂരിലുള്ള തുറമുഖ കവാടത്തിന് മുൻപിലായിരുന്നു. സമരത്തിൽ നിന്നും പിന്നോട്ട് പോവില്ലെന്നും വിഴിഞ്ഞം തുറമുഖത്തെ നിർമ്മാണ പ്രവർത്തികൾ മൂലം വഴിയാധാരമായ കുടുംബങ്ങളിലേക്ക് സർക്കാരിന്റെ ശ്രദ്ധ പതിയുന്നത് വരെ പ്രതിഷേധം തുടരുമെന്നും തീരദേശജനത പറഞ്ഞു.



പലതവണ പഠനങ്ങൾ നടത്തി അവയിലൊക്കെ തീരശോഷണത്തിന് കാരണം വിഴിഞ്ഞം തുറമുഖ നിർമ്മാണമാണെന്ന് തെളിഞ്ഞിട്ടും ആ വസ്തുതകളെ മറച്ചുവച്ചുകൊണ്ട് നിർമ്മാണം തകൃതിയായി തുടരുമ്പോൾ എങ്ങനെ തീരജനത നോക്കിനിൽക്കുമെന്ന ചോദ്യമുയർത്തി അതിരൂപത സഹായ മെത്രാൻ ഡോ. ക്രിസ്തുദാസ് ആർ. നിലനിൽപ്പിനായുള്ള ഈ പോരാട്ടത്തിൽ കാണുന്നത് ജനങ്ങളുടെ അനുഭവം അവർക്ക് നൽകിയ പോരാട്ട വീര്യമാണെന്ന് അദ്ദേഹം പറഞ്ഞു. ജീവനും ജീവിതത്തിനും തടസം സൃഷ്ടിക്കുന്ന ഈ തുറമുഖ നിർമ്മാണം നിർത്തും വരെയും ഇവിടെ പോരാടാൻ രാവും പകലും തീരമക്കളുണ്ടാവും. തീരം കവർന്ന് തീരജനതയുടെ സമ്പത്ത് കവരുന്ന സാമ്പത്തിക ലാഭം ലക്ഷ്യമാക്കി തുടരുന്ന ഈ തുറമുഖ നിർമ്മാണം ഉടനടി നിർത്തി വയ്ക്കണം.

തീരത്തെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾ വർഷങ്ങളായി പറയുന്ന വസ്തുതകളെ വകവയ്ക്കാതെ തുടരുന്ന തുറമുഖ നിർമ്മാണത്തെ സ്തംഭിപ്പിക്കാൻ തീരജനത തുറമുടക്കി വരും ദിവസങ്ങളിലും പ്രതിഷേധം തുടരും. അദാനി പോർട്ടിന്റെ അശാസ്ത്രീയ നിർമ്മാണ ദുരന്തം നേരിടുന്ന തീര ജനതയെ കേൾക്കാൻ യാതൊരു ഭരണാധികാരികളും മുന്നോട്ട് വന്നിട്ടില്ല. ഈയവസ്ഥയിൽ തങ്ങളുടെ അവകാശം നേടും വരെയും യാതൊരു ഭരണ ഭീഷണികളെയും ഭയക്കാതെതന്നെ രാപ്പകൽ സമരവുമായി മുന്നോട്ട് പോകാനാണ് അതിരൂപതയുടെ തീരുമാനം. നീതിക്കായി പോരാടുന്ന ഈ ജനതയെ കേൾക്കാൻ വോട്ടിനായി മാത്രം കേഴാനെത്തുന്ന ഒരു നേതാക്കളും ഇതുവരെയും എത്തിയിട്ടില്ല എന്നതാണ് വാസ്തവം.

## മരിയൻ കോളേജ്: മൂന്നു കോഴ്സിന് കൂടി എൻബിഎ അംഗീകാരം

കഴക്കൂട്ടം: മരിയൻ എൻജിനീയറിംഗ് കോളേജിലെ മെക്കാനിക്കൽ എൻജിനീയറിംഗ്, കംപ്യൂട്ടർ സയൻസ് ആൻഡ് എൻജിനീയറിങ് എന്നീ കോഴ്സുകൾക്ക് ആക്രഡിറ്റേഷൻ അടുത്ത മൂന്നുവർഷത്തേക്കുകൂടി നീട്ടിക്കിട്ടി.

മികച്ച എൻജിനീയറിംഗ് കോളേജുകളുടെ അളവുകോലാണ് അക്രഡിറ്റേഷൻ. രണ്ടു മാസങ്ങൾക്ക് മുൻപ് സിവിൽ എൻജിനീയറിംഗ് കോഴ്സിനും 2025 വരെ അക്രഡിറ്റേഷൻ ലഭിച്ചതോടെ നിലവിൽ കോളേജിലെ അക്രഡിറ്റേഡ് കോഴ്സുകളുടെ എണ്ണം മൂന്നായി.

കോളേജിലെ ഈ വർഷത്തെ അഡ്മിഷൻ തുടരുന്നു.

## തീരദേശ സമരത്തിന് കെആർഎൽസിസിയുടെ ദുബായുടെ ഐക്യദാർഢ്യം

ദുബായ് : തിരുവനന്തപുരം അതിരൂപതയുടെ നേതൃത്വത്തിൽ നടക്കുന്ന മത്സ്യത്തൊഴിലാളികളുടെ തീരദേശ സമരത്തിന് എല്ലാവിധ പിന്തുണയും പ്രഖ്യാപിച്ചുകൊണ്ട് കെആർഎൽസിസി ദുബായ് കൂട്ടായ്മ. തീരദേശ മേഖലയിലെ ആശങ്ക പരിഹരിക്കണമെന്നാവശ്യപ്പെട്ട് ലത്തീൻ സഭ നടത്തുന്ന സമരം ശക്തമാക്കാൻ പ്രവാസികളുടെ പിന്തുണ തേടി കേരളാ റീജിയണൽ ലാറ്റിൻ കാത്തലിക് കൗൺസിൽ ദുബായ് ഘടകം.

മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾ വിവിധ സംഘടനകൾ വഴിയും അല്ലാതെയും സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടും പരിഹാരമുണ്ടാകുന്നില്ലെന്നാരോപിച്ചാണ് തീരദേശമേഖലയിൽ സമരം നടക്കുന്നത്. തീരദേശത്ത് വസിക്കുന്ന നിരവധിപേർ പ്രവാസലോകത്തുണ്ട്. ഇവർക്ക് പലർക്കും തീരശോഷണവും കടൽകയറ്റം മൂലവും വീട് നഷ്ടപ്പെട്ട അവസ്ഥയിലാണ്. ഇവർക്കെല്ലാം കൃത്യമായ നഷ്ടപരിഹാരവും പുനരധിവാസത്തിനായി സ്ഥലവും നൽകണമെന്ന് കെആർഎൽസിസി ദുബായ് ഘടകം പ്രസിഡണ്ട് ശ്രീ. മരിയദാസ്, ജനറൽ സെക്രട്ടറി ശ്രീ. ബിബിൻ ജോസഫ് എന്നിവർ ആവശ്യപ്പെട്ടു.

പ്രവാസികാര്യവകുപ്പ് കൈകാര്യം ചെയ്യുന്ന മുഖ്യമന്ത്രി ഇനിയെങ്കിലും തീരമേഖലയിലെ പ്രശ്നങ്ങൾക്ക് ശാശ്വതമായ പരിഹാരം കാണണമെന്നും ദുബായ് കെആർഎൽസിസി കൂട്ടായ്മ ആവശ്യപ്പെട്ടു

# പാളയം, ക്രിസ്തുരാജപുരം ഇടവകകളിൽ നിന്നും നവവൈദികരും, രണ്ട് ഡീക്കന്മാരും ശുശ്രൂഷകളിലേക്ക്



പൗരോഹിത്യപാത പിന്തുടർന്ന് സമർപ്പിത ജീവിതം നയിക്കാൻ അതിരൂപതയ്ക്കിനി നാല് യുവാക്കൾ കൂടി. ഏറെ നാളത്തെ സ്വപ്ന സാക്ഷത്കാര നിമിഷത്തിലേക്ക് കടന്നിരിക്കുകയാണ് ഡീക്കൻ സുജിത് ജയദേവൻ, ഡീക്കൻ ജോർജ് ലിജോ, ബ്രദർ ജോയ് ആന്റണി, ബ്രദർ വിൻസെന്റ് കുമാർ, എന്നിവർ. ഇന്നലെ വൈകുന്നേരം പാളയം സെന്റ്. ജോസഫ് കത്തീഡ്രലിൽ അതിരൂപതാ അദ്ധ്യക്ഷൻ ഡോ. തോമസ് ജെ നെറ്റോയുടെ മുഖ്യ കാർമികത്വത്തിൽ നടന്ന പൊന്തിഫിക്കൽ ദിവ്യബലിമദ്ധ്യേ ഡീക്കൻ സുജിത്തും, ഡീക്കൻ ജോർജ് ലിജോയും തിരുപ്പട്ടവും ബ്രദർ ജോയ് ആന്റണിയും ബ്രദർ വിൻസെന്റ് കുമാറും ശുശ്രൂഷപട്ടവും സ്വീകരിച്ചു.

ഇരു പുരോഹിതരുടെയും ആപ്തവാക്യങ്ങൾ അവർ തിരഞ്ഞെടുത്ത പൗരോഹിത്യ ജീവിതവുമായി ഏറെ ചേർന്നു നിൽക്കുന്നുവെന്നും അവരിൽ നിക്ഷിപ്തമായിരിക്കുന്ന പൗരോഹിത്യ ധർമ്മം യഥാവിധി നിർവഹിക്കുവാനും ഇത് ഏറെ സഹായകമാവട്ടെയെന്ന് അതിരൂപത സഹായ മെത്രാൻ ഡോ. ക്രിസ്തുദാസ് ആർ പ്രസംഗമദ്ധ്യേ പറഞ്ഞു.

ഫാ.സുജിത് ജയദേവൻ ക്രിസ്തുരാജപുരം ഇടവകയിലെ ജയദേവന്റേയും മേരിയുടേയും രണ്ടു മക്കളിൽ മൂത്തയാളാണ്. 'നീ ചെയ്യുന്നതെന്തും സ്നേഹത്തിൽ അധിഷ്ഠിതമായി ചെയ്യുകയെന്നതാണ്' ഫാ. സുജിത്ത് തിരഞ്ഞെടുത്തിരിക്കുന്ന പൗരോഹിത്യ ആപ്തവാക്യം. ഫാ.ജോർജ് ലിജോ. ചെല്ലപ്പൻ ജോർജിന്റെയും ഹാരിയറ്റ് ജോർജിന്റെയും മൂന്ന് മക്കളിൽ രണ്ടാമാനും പാളയം ഇടവകാംഗവുമാണ്. ഫാ.ജോർജ് ലിജോയുടെ പൗരോഹിത്യ ആപ്തവാക്യം 'അവനിലൂടെ അവൻവഴി അവനിൽ ആയിരിക്കുക' എന്നാണ്.

ഡീക്കൻ ജോയ് ആന്റണി, നീരോടി സ്വദേശികളായ രാജുവിന്റെയും സെൽവറാണിയുടെയും മൂന്ന് മക്കളിൽ ഇളയയാളാണ്. ഡീക്കൻ വിൻസെന്റ് കുമാർ, കുമാർ ജോണിന്റെയും റോസമ്മയുടെയും മൂന്നു മക്കളിൽ ഒന്നാമനും മരിയനാട് ഇടവകാംഗവുമാണ്. ദൈവവിളിക്കായി സമർപ്പിതമായ ഈ ശുശ്രൂഷകരുടെ സന്തോഷ നിമിഷത്തിൽ കുടുംബാംഗങ്ങൾക്കൊപ്പംഅതിരൂപതയിലെ വൈദീക, സന്യസ്ത, അൽമായ പ്രതിനിധികളും പങ്കെടുത്തു

# ലോഗോസ് ക്വിസ്സ് അപ്പ് സിംപിളാണ് ബട് പവർഫുൾ

കെ.സി.ബി.സി.യുടെ കീഴിൽ കേരള കാത്തലിക് ബൈബിൾ സൊസൈറ്റി നടത്തുന്ന ലോഗോസ് ക്വിസ്സിന് തയ്യാറാകുന്നവർക്കായുള്ള മൊബൈൽ ആപ്പിന്റെ അഞ്ചാം വെർഷൻ തിരുവനന്തപുരം അതിരൂപത അദ്ധ്യക്ഷൻ മോസ്റ്റ്. റവ. ഡോ. തോമസ് ജെ നേറ്റോ പുറത്തിറക്കി. ലോഗോസ് ആപ്പിൽ കളിച്ചുകൊണ്ട് 2022 ലെ പാഠ ഭാഗങ്ങൾക്ക് ഉത്തരം നൽകി സമ്മാനം നേടാൻ കേരളം മുഴുവനുമുള്ളവർക്ക് അവസരമൊരുങ്ങുന്നു. 2022ലെ വചന ഭാഗത്തെ ആസ്പദമാക്കിയുള്ള 1050 ചോദ്യങ്ങളാണ് മൊബൈൽ ആപ്പിലുള്ളത്. തിരുവനന്തപുരം അതിരൂപതയിലെ മീഡിയ കമ്മീഷനും അജപാലന ശുശ്രൂഷ സമിതിയും ചേർന്നാണ് ആപ്പ് പുറത്തിറക്കിയത്.

അതിരൂപത അജപാലന ശുശ്രൂഷ ഡയറക്ടർ ഫാ. ഡാർവിൻ പീറ്റർ, മീഡിയ കമ്മീഷൻ എക്സിക്യൂട്ടീവ് സെക്രട്ടറി ഫാ. ദീപക് ആന്റോ, ശ്രീ. ഷാജി ജോർജ്, ശ്രീ. ആൻസൺ ശ്രീ. പ്രദീപ് എന്നിവർക്കൊപ്പം കഴിഞ്ഞ വർഷങ്ങളിൽ ലോഗോസ് ആപ്പിൽ കളിച്ച് കൂടുതൽ പോയിന്റുകൾ കരസ്തമാക്കിയ മത്സരാർഥികളും ലോഞ്ചിങ്ങ് പരിപാടിയിൽ സന്നിഹിതരായിരുന്നു.

ഇന്നുമുതൽ ഒന്നാം ഘട്ടത്തിലെ ജോഷ്വായുടെ പുസ്തകത്തിൽ നിന്നുള്ള 300 ചോദ്യങ്ങൾക്ക് ഉത്തരം നൽകി കളിക്കാവുന്നതാണ്.

ആഗസ്റ്റ് 25 ാം തിയ്യതി രണ്ടാം ഘട്ടം ആപ്പിൽ ലഭ്യമാകും. സെപ്റ്റംബർ 1 ാം തിയ്യതി മൂന്നാം ഘട്ടവും സെപ്റ്റംബർ 15 ാം തിയ്യതി നാലാം ഘട്ടവും, സെപ്റ്റംബർ 20, 23 തിയ്യതികളിൽ ലോഗോസ് മോഡൽ പരീക്ഷയും സെപ്റ്റംബർ 24 ാം തിയ്യതി രാത്രി 10 മണിക്ക് അന്തിമഫലവും ആപ്പിൽ ലഭ്യമാകും.

2017 മുതൽ പുറത്തിറക്കാനാരംഭിച്ച ആപ്പിൽ ഒരോ വർഷവും ആയിരക്കണക്കിനു പേരാണ് ലോകത്തിലെ വിവിധ ഭാഗങ്ങളിലിരുന്ന് ലോഗോസ് ക്വിസ്സിന് തയ്യാറെടുക്കുന്നതിന്റെ ഭാഗമായി മത്സരിക്കുന്നത്.

ആദ്യശ്രമത്തിൽ തന്നെ കുറഞ്ഞ സമയത്തിൽ ഏറ്റവും കൂടുതൽ ചോദ്യങ്ങൾക്ക് ഉത്തരം നൽകുന്നവർക്ക് കൂടുതൽ പോയിൻറ് ലഭിക്കത്തക്ക രീതിയിലാണ് ഗെയിം രൂപകൽപ്പന ചെയ്തിരിക്കുന്നത്. ലോഗോസ് ആപ്പ് അഞ്ചാം വേർഷൻ ഗൂഗിൾ പ്ലേസ്റ്റോറിൽ ഇപ്പോൾ ലഭ്യമാണ്.

## സിനിമ




# ഒരു ഇരട്ടസംഖ്യയും കുറേ സന്ദേഹങ്ങളും



സുനിൽ സി.ഇ.

**ആ**ത്മീയച്ഛായ കലർന്ന സിനിമകളെക്കുറിച്ചുള്ള ഒരു പൊതുവീക്ഷണം ഇന്ന് സങ്കല്പത്തിൽ മാത്രമല്ലഉള്ളത്. ഒഴുക്കൻ മട്ടിൽ അത്യുക്തി കലർന്ന ആസ്വാദനങ്ങളും കുറ്റപത്രങ്ങളും എഴുതിവിടുന്നതിനെ നാം സൗന്ദര്യാത്മകമായി ഉൾക്കൊള്ളുന്ന ഒരു പതിവ് ആസ്വാദന പ്രവണത മലയാള സിനിമയിൽ ഇന്നും നിലനിൽക്കുകയാണ്. കാണുന്ന കാലത്തിലെ ഗാഢപാരായണത്തിന്റെ ശീലങ്ങൾക്ക് പിടിതരാത്ത ചില സിനിമകൾ ഉണ്ടാകുന്നുണ്ട്. പുതിയ കാലത്തിന്റെ ആത്മീയസത്യങ്ങളെ വെള്ളിത്തിരയിൽ രൂപാന്തരപ്പെടാൻ വിടുന്നതിനെ കുറേക്കൂടി ഗൗരവത്തിലെടുക്കേണ്ടതുണ്ട്. നമ്മുടെ ചലച്ചിത്ര സങ്കല്പം ഇനിയും കൈയൊഴിഞ്ഞിട്ടില്ലാത്ത ഇക്കിളിപ്പെടുത്തുന്ന പ്രയോഗവിശേഷണങ്ങൾക്കപ്പുറത്തേക്ക് സഞ്ചരിച്ച ഒരു സിനിമയായിരുന്നു ലിയോ തദേവൂസ് തിരക്കഥയും സംവിധാനവും നിർവഹിച്ച 'പന്ത്രണ്ട്'. ഒരു ദൃശ്യബിംബത്തിന്റെ വ്യാപകമായ അർത്ഥവിവക്ഷകൾ തിരയാൻ ഒരുമ്പെടുക എന്നതിനേക്കാൾ, നമ്മുടെ ആത്മീയ ചിന്താ ദാരിദ്ര്യത്തെ മുടിവയ്ക്കാൻ സാധ്യതയുള്ള ചില തടസരേഖകളെ അറുത്തുവിടാം എന്നുവിചാരിക്കുന്നു.

'പന്ത്രണ്ട്' എന്നത് ഒരു ഇരട്ടഡിജിറ്റ് മാത്രമല്ല, അത് ക്രൈസ്തവ ആത്മീയതയുടെ ഒ

*(ശേഷം 41-ാം പേജിൽ)*

# സ്നേഹനിറഞ്ഞ ഓർമ്മ: സിസ്റ്റർ മേരിക്കുട്ടി



തിരുസഭയിൽ പുത്തൻ ഉണർവിന് രണ്ടാം വത്തിക്കാൻ കൗൺസിൽ എന്നതുപോലെ ആയിരുന്നു തിരുവനന്തപുരം രൂപതയിൽ കോട്ടാർ ഒത്തുവാസവും അതേത്തുടർന്ന് രൂപതയിൽ സ്ഥാപിതമായ അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങളുടെ രൂപീകരണവും. തിരുവനന്തപുരം രൂപതയിൽ 1990 കളുടെ ആരംഭത്തിൽ രൂപതയുടെ അന്നത്തെ അജപാലന ശുശ്രൂഷ ഡയറക്ടറായിരുന്ന ഫാ. റൂഫസ് പയസ് ലീൻ അച്ചന്റെ നേതൃത്വത്തിൽ ഒരു റിസോഴ്സ് ടീം രൂപീകരിച്ചു. അന്നുമുതൽ സിസ്റ്റർ മേരിക്കുട്ടി ബി.സി.സി.യുടെ ഭാഗമായി സജീവമായി രൂപതയിൽ പ്രവർത്തിച്ചിരുന്നു.

1990 ൽ പാളയം ഫെറോനയിലെ ബി.സി.സി. കൂട്ടായ്മകളുടെ ചുമതലയുണ്ടായിരുന്ന ഫാ. തോമസ് നെറ്റോയോടൊപ്പം സെന്റ്. ജോസഫ് ദ വർക്കർ എന്ന കോൺവെന്റിലെ അംഗമായ സിസ്റ്റർ മേരിക്കുട്ടി കുടുംബ കൂട്ടായ്മകൾ ശക്തിപ്പെടുത്തുവാൻ നടത്തിയ പ്രവർത്തനങ്ങൾ പാളയം ഇടവകാംഗങ്ങൾ ഇന്നും നന്ദിയോടെ ഓർക്കുന്നു. കൈയിലൊരു കുടയും ചെറിയ ഒരു പേഴ്സുമായി കാൽനടയായി ഇടവകയിലെ ഓരോ ഭവനങ്ങളും കയറിയിറങ്ങി ഇടവകാംഗങ്ങളെ കേൾക്കുകയും സായാഹ്നമാകുമ്പോൾ ഓരോ പ്രദേശത്തുള്ളവരെയും അതാത് പ്രദേശങ്ങളിലെ ഭവനങ്ങളിൽ ഒരുമിച്ചുകൂട്ടി കുടുംബയോഗങ്ങൾ നടത്തുവാൻ സിസ്റ്റർ മേരിക്കുട്ടി കാണിച്ച ആത്മാർത്ഥത പല യുവജനങ്ങൾക്കും ബി.സി.സി.യിലേക്ക് കടന്നുവരുവാൻ പ്രചോദനമായി. കുടുംബയൂണിറ്റുകളെ ശാക്തീകരിക്കുവാനും നല്ലൊരു അല്മായ നേതൃത്വത്തെ വാർത്തെടുക്കുവാനും സിസ്റ്റർ ശ്രദ്ധിച്ചിരുന്നു. രൂപത - ഫെറോന - ഇടവകതല പ്രവർത്തനങ്ങളിൽ നിരന്തരം വ്യാപൃതയായിരുന്നപ്പോഴും രോഗാവസ്ഥയിലായിരുന്നപ്പോഴും തനിക്ക് ലഭിച്ച അറിവും വിജ്ഞാനവും അനുഭവസമ്പത്തും മറ്റുള്ളവരുമായി പങ്ക് വയ്ക്കുന്നതിൽ സിസ്റ്റർ കാണിച്ച ശ്രദ്ധ സിസ്റ്ററോടൊപ്പം ബി.സി.സി.യിൽ പ്രവർത്തിച്ച ശ്രീമാൻ സെബാസ്റ്റ്യൻ നന്ദിയോടാണ് ഇന്നും ഓർക്കുന്നത്.

ഹോം മിഷൻ പ്രവർത്തനങ്ങളിൽ സിസ്റ്റർ മേരിക്കുട്ടി ദീർഘനാൾ ചിലവഴിക്കുകയുണ്ടായി. സിസ്റ്ററിനെപ്പറ്റി ഒപ്പം പ്രവർത്തിച്ച സിസ്റ്റർ ബ്ലെസി ഓർക്കുന്നത് ഇപ്രകാരമാണ്; "എത്ര ബുദ്ധിമുട്ടുകളുണ്ടായാലും, എത്ര കുറവുകളുണ്ടായാലും ഒരു പരാതിയും പരിഭവവുമില്ലാതെ ആത്മാക്കളെ നേടണമെന്ന ആഗ്രഹത്തോടെ ക്രിസ്തുവിനുവേണ്ടി ജീവിച്ച തീക്ഷ്ണത നിറഞ്ഞ ഒരു സന്യാസിനി, തന്റെ ജീവിതത്തിൽ കണ്ടുമുട്ടിയവരുടെ വേദനയിൽ ഹൃദയം നിറഞ്ഞ് പങ്കുചേരുകയും അവർക്കായി നിരന്തരം പ്രാർത്ഥിക്കുകയും പിന്നീട് അവരുമായി ആത്മബന്ധം കാത്തുസൂക്ഷിക്കുകയും ചെയ്തിരുന്ന ദൈവത്തിന്റെ കരുണനിറഞ്ഞ സ്നേഹത്തിന്റെ മാതൃക".

തന്നോടൊപ്പം പ്രവർത്തിച്ചിരുന്നവരുമായി സൗഹൃദം കാത്തുസൂക്ഷിച്ചിരുന്ന വ്യക്തിയായിരുന്നു സിസ്റ്റർ മേരിക്കുട്ടി. ശാരീരികമായി ബുദ്ധിമുട്ടുകൾ അനുഭവിക്കുമ്പോഴും ക്രിസ്തുവിനുവേണ്ടി വീണ്ടും പ്രവർത്തിക്കുവാൻ സാധിക്കുമെന്ന് പ്രത്യാശ എന്നും സിസ്റ്ററിൽ ഉണ്ടായിരുന്നു. തന്റെ ശാരീരിക അസ്വസ്ഥതകളെ വേദനകളെ പുഞ്ചിരിയോടെ അതിലുപരി നിറഞ്ഞ സ്നേഹത്തോടെ സ്വീകരിച്ച് സഭയ്ക്കുവേണ്ടി സമർപ്പിച്ച സമർപ്പിത. കണ്ടുമുട്ടിയവരുടെ മനസ്സിൽ ക്രിസ്തുവിന്റെ സ്നേഹത്തിന്റെ നൈർമല്യം പകർന്ന വിശുദ്ധിയുടെ ലില്ലിപ്പൂ.

***ബി.സി.സി. സമിതി***

# നീർച്ചാൽ

# കൂടെ നടന്നവരെല്ലാം ശിഷ്യന്മാരാകില്ല

**ആണ്ടുവട്ടം 23-ാം ഞായർ (സെപ്റ്റം. 4)** ജ്ഞാനം. 9:13-18. ഫിലെ. 9b-10. 12-17. ലൂക്ക. 14: 25-33

**ഫാ. വർഗീസ് ജോസഫ്**

കൂടെ നടന്നവരെല്ലാം ശിഷ്യന്മാരാകണമെന്നില്ല. മറുപടി പറഞ്ഞവരെല്ലാം വാക്കുകേട്ടവരാകണമെന്നും നിർബന്ധമില്ല. പറഞ്ഞ കാര്യങ്ങൾ മാത്രമല്ല, പറയാത്ത കാര്യങ്ങൾ കൂടി കേൾക്കാനും പ്രവർത്തിക്കാനും കഴിവുള്ളവനാകണം ഗുരുവിന്റെ പ്രിയശിഷ്യൻ.

അല്പം പോലും വിട്ടുവീഴ്ച ഇല്ലാത്തതാണ് ക്രിസ്തുവിന്റെ ശിഷ്യത്വമെന്ന് ഓർമ്മിപ്പിക്കുന്നതാണ് സുവിശേഷഭാഗം. ജറുസലേമിലേക്ക് പോകുന്ന ക്രിസ്തുനാഥന്റെ പിന്നാലെ വലിയൊരു ജനക്കൂട്ടം കണ്ടപ്പോൾ അവൻ തിരിഞ്ഞ് അവരോട് പറഞ്ഞു (ലൂക്കാ 14:25) എന്നാണ് വചനം ഓർമ്മിപ്പിക്കുന്നത്. മരണത്തിലേക്കാണ് ക്രിസ്തുവിന്റെ യാത്ര. ചെന്നായ്ക്കളുടെ ഇടയിലേക്ക് കുഞ്ഞാടുകളെ എന്നപോലെയാണ് ഈ യാത്ര (ലൂക്ക. 10:3). അതാണ് ക്രിസ്തുവിന്റെ യാത്രയുടെ ലക്ഷ്യം. പിന്നാലെ വരുമ്പോൾ അത്ര ബോധ്യമുള്ളവരല്ല. ആ പാതയിൽ ഇടറാതിരിക്കാൻ ചില കാര്യങ്ങൾ വേണ്ടാ എന്നു വയ്ക്കണം ചില കാര്യങ്ങൾ വേണം എന്നു വയ്ക്കണം.

**കുരിശിന്റെ വഴി ഞെരുക്കമുള്ളതാണെന്ന് തോന്നിയേക്കാം. എന്നാൽ രക്ഷ അതിൽ മാത്രമാണെന്ന് തിരിച്ചറിഞ്ഞുള്ള യാത്രയാണ് ക്രിസ്തുശിഷ്യന്റെ യാത്ര.**

ആദ്യത്തേത്, സ്വന്തം പിതാവിനെയും മാതാവിനെയും ഭാര്യയെയും മക്കളെയും സഹോദരന്മാരെയും സഹോദരിമാരെയും എന്നല്ല, സ്വജീവനെ തന്നെയും വെറുക്കാതെ എന്റെ ശിഷ്യനായിരിക്കുവാൻ സാധിക്കുകയില്ല (ലൂക്ക. 14:26). ക്രിസ്തുവിന് ഒന്നാംസ്ഥാനം കൊടുക്കണമെന്ന് സാരം. സമാധാനമല്ല വാളാണ് ഞാൻ കൊണ്ടുവന്നിരിക്കുന്നത് എന്ന് പറഞ്ഞ ക്രിസ്തുനാഥൻ കൂടിചേർക്കുന്ന വാചകമുണ്ട്; ഒരുവൻ തന്റെ പിതാവിനെതിരായും മകളെ അമ്മയ്ക്കെതിരായും മരുമകളെ അമ്മായിഅമ്മക്കെതിരായും ഭിന്നിക്കാനാണ് ഞാൻ വന്നിരിക്കുന്നത് (മത്താ. 10:35).

ക്രിസ്തുവിന്റെ ജീവിതത്തെ ആദരവോടെ കാണാതെ പോകുന്നവർക്കുള്ള താക്കീതാണിത്. പലപ്പോഴും കേൾക്കാറുള്ള ഒരു വേദനനിറഞ്ഞ വാക്കിതാണ്. ക്രിസ്തുവിന് ഒന്നാംസ്ഥാനം കൊടുക്കാൻ മറന്നുപോയി. ആ വേദന അതേപടി ഉൾക്കൊണ്ട് മറുചോദ്യം ചോദിക്കട്ടെ. ക്രിസ്തുവിന് രണ്ടാം സ്ഥാനം കൊടുക്കാൻ സാധിക്കുന്നുണ്ടോ? മൂന്നാം സ്ഥാനം? നാലാം സ്ഥാനം? ഒരു ദിവസത്തെ പ്രധാനപ്പെട്ട പത്തുകാര്യങ്ങൾ എടുത്താൽ ആ പത്തുകാര്യങ്ങൾക്കിടയിൽ ക്രിസ്തു ഉണ്ടോ? ക്രിസ്തുശിഷ്യനാകാൻ ക്രിസ്തുവിനെ ഗൗരവത്തോടെ എടുക്കണം.

രണ്ടാമതായി, സ്വന്തം കുരിശു വഹിക്കണം. കുരിശ് റോമൻ ഭരണത്തിൽ നാശത്തിന്റെ അടയാളമാണ്. ശാപത്തിന്റെ അടയാളമാണ്. ആ കുരിശിനെ ശപിക്കപ്പെട്ടവന് നൽകപ്പെടുന്നതാണ്. കുരിശിൽ തൂങ്ങി ആകാശത്തിനും ഭൂമിക്കും അവകാശമില്ലാതെ മരിക്കാൻ അവനെ സഹായിക്കുന്നതാണ്. കൃത്യമായി ഈ

ബോധ്യമുണ്ടായിരുന്ന ഒരു ജനതയിലെ ഇടയിൽ നിന്ന് ക്രിസ്തു പറഞ്ഞ സ്വന്തം കുരിശും വഹിച്ച് എന്റെ പിന്നാലെ വരട്ടെ. കുരിശുവഹിച്ചു പിന്നാലെ വരണ്ട എന്നല്ല ഗുരുമൊഴി. 'സ്വന്തം' കുരിശുവഹിച്ച് പിന്നാലെ വരട്ടെ എന്നാണ് ഓരോരുത്തർക്കും വഹിക്കാനാവുന്ന കുരിശുമാത്രമേ തമ്പു രാൻ അനുവദിക്കൂ. ആ കുരിശാണ് തമ്പുരാന്റെ പാതയിലേക്കുള്ള ദൂരം എന്നതാണ് ശിഷ്യത്വത്തിന്റെ പാഠം.

മൂന്നാമതായി, ആഗ്രഹത്തോടൊപ്പം വിവേകവുമുണ്ടാകണം. രണ്ട് ഉപമകളാണ് ക്രിസ്തു ഓർമ്മിപ്പിക്കുന്നത്. ഗോപുരം പണിയാൻ ആഗ്രഹിക്കുന്നവൻ അത് പൂർത്തിയാകാൻവേണ്ട വക തനിക്കുണ്ടോ എന്ന് ആദ്യമേ കണക്കുകൂട്ടി നോക്കണം. അതുപോലെ ഇരുപതിനായിരം ഭടന്മാരോടുകൂടെ തനിക്കെതിരെ വരുന്നവനെ പതിനായിരം കൊണ്ട് നേരിടാൻ സാധിക്കുമോ എന്ന് ആദ്യമേ ആലോചിക്കാതെ മറ്റൊരു രാജാവിനോട് യുദ്ധത്തിന് പോകുന്ന ഏത് രാജാവാണുള്ളത്. ക്രിസ്തുവിന്റെ ഈ രണ്ടു ഉപമകളും ആഗ്രഹത്തോടൊപ്പം വിവേകത്തോടുള്ള ജീവിതമാണ്. ക്രിസ്തുവിനെ അനുഗമിക്കണം എന്ന ആഗ്രഹം മാത്രം ഒരുവനെ ക്രിസ്തു ശിഷ്യനാക്കി തീർക്കുകയില്ല. വിവേകത്തോടെ വേണം ആ ജീവിതം നോക്കേണ്ടത്. ചിലതൊക്കെ ബോധപൂർവം കണക്കുകൂട്ടി വേണം ക്രിസ്തുവിനെ അനുഗമിക്കാൻ. കാരണം പാതിവഴിയിൽ തളർന്നുപോകാവുന്നതും മടുത്തുപോകാവുന്നതും വെറുത്തുപോകാവുന്നതുമായ യാത്രയാണത്. ചിലരെങ്കിലും പറഞ്ഞു കേട്ടിട്ടില്ലേ, എത്ര പ്രാർഥിച്ചിട്ടും എന്റെ പ്രാർത്ഥന മാത്രം ദൈവം കേൾക്കുന്നില്ല എന്ന്! ലക്ഷ്യം ക്രിസ്തുവാണെങ്കിൽ മാർഗം കുരിശാണ്, സഹനമാണ്. ഈ യാത്ര തളരാതെ പതറാതെ തുടരാൻ ഉള്ളിലെ ബോധ്യങ്ങൾ പാപത്തെ മാത്രമല്ല പാപ സാഹചര്യങ്ങളെയും വേണ്ട എന്നുവയ്ക്കണം. കുരിശിന്റെ വഴി ഞെരുക്കമുള്ളതാണെന്ന് തോന്നിയേക്കാം. എന്നാൽ രക്ഷ അതിൽ മാത്രമാണെന്ന് തിരിച്ചറിഞ്ഞുള്ള യാത്രയാണ് ക്രിസ്തുശിഷ്യന്റെ യാത്ര. ■

# തേടി ഇറങ്ങി കരുണ കാണിക്കുന്ന ദൈവം

**ആണ്ടുവട്ടം 24-ാം ഞായർ (സെപ്റ്റം. 11)** പുറ. 32, 7-11. 13-14. 1 തിമോ. 1, 12-17. ലൂക്ക. 15, 1-32

**ഫാ. ഡൈസൻ**

ഒരിക്കൽ മതബോധന അധ്യാപകർക്ക് ബൈബിളിനൊരു ആമുഖം എന്ന ക്ലാസ്സെടുക്കുമ്പോൾ പ്രായം ചെന്ന ഒരു അധ്യാപിക എന്നോട് ചോദിച്ചു: ബൈബിളിന്റെ രത്നച്ചുരുക്കമെന്താണെന്ന് ഒറ്റവാക്യത്തിൽ പറഞ്ഞു തരാമോ? മറുപടിയായി ഞാൻ പറഞ്ഞു: താൻ സൃഷ്ടിച്ച്, കണ്ണിലെ കൃഷ്ണമണിപോലെ പരിപാലിക്കുന്ന മനുഷ്യർ തന്നെവിട്ട് അകന്നുപോകുമ്പോൾ വരുവിൻ നമുക്ക് രമ്യപ്പെടാമെന്ന കാരുണ്യത്തിന്റെ ശംഖൊലി മുഴക്കിക്കൊണ്ട്, അവരെ തേടിയിറങ്ങുന്ന ദൈവത്തിന്റെ പുറപ്പാടാണ് ബൈബിളിന്റെ രത്നച്ചുരുക്കം. ഇതിനെക്കാളും ലളിതമായി പറഞ്ഞാൽ: കാണാതായതിനെ കണ്ടെത്തുന്ന, നഷ്ടപ്പെട്ടതിനെ തേടിപ്പിടിക്കുന്ന, തിരികെ വന്നതിനോട് കരുണ കാണിക്കുന്ന, ഒടിഞ്ഞതിനെ വച്ചുകെട്ടുന്ന, പെറ്റമ്മയെപ്പോലെ കരുതലോടെ കാക്കുന്ന ദൈവ മനുഷ്യ സ്നേഹത്തിന്റെ കഥയാണ് ബൈബിളിന്റെ രത്നച്ചുരുക്കം.

> **നമ്മുടെ പാപങ്ങൾ നിമിത്തം ഉണ്ടായ മുറിവുകളെ താലോടിയാണ് അവിടന്ന് നമുക്ക് മാപ്പേകുന്നത്. എന്തുകൊണ്ടെന്നാൽ അവിടന്ന് നമ്മുടെ രക്ഷയിൽ മുഴുകിയിരിക്കുന്നു. രക്ഷ നല്കുമ്പോൾ അവിടന്നും അത് ലഭിക്കുമ്പോൾ നമ്മളും സന്തോഷിക്കുന്നു.**

ദൈവത്തിൽ നിന്ന് അകലുകയെന്നത് മനുഷ്യസ്വഭാവമാണ്. എന്നാൽ, അകന്നുപോയ കാണാതായ മനുഷ്യനെ തേടി ഇറങ്ങി കണ്ടുപിടിച്ച് കരുണ കാണിക്കുന്നത് ദൈവസ്വഭാവമാണ്. ദൈവം തന്റെ ഹൃദയത്തിൽ കാരുണ്യം സൂക്ഷിക്കുന്നത് മനുഷ്യരായ നമുക്ക് മാപ്പ് നല്കാനും സ്വർഗ്ഗത്തിലേക്കുള്ള നമ്മുടെ യാത്രയിൽ ശക്തി നല്കാനുമാണ്. ഇന്നിന്റെ സുവിശേഷത്തിൽ കാണാതായ ആടിന്റെയും നഷ്ടപ്പെട്ട നാണയത്തിന്റെയും, വീട് വിട്ട് ഇറങ്ങുന്ന ധൂർത്തപുത്രന്റെയും ഉപമകൾ യേശു പറയുന്നത് ചുങ്കക്കാരെയും പാപികളെയും ആശ്വസിപ്പിക്കാനും ധൈര്യപ്പെടുത്താനും ഫരിസേയരെയും നിയമജ്ഞരെയും തിരുത്തുവാൻ വേണ്ടിയുമാണ്. ആദ്യത്തെ ഉപമയിൽ വഴിതെറ്റി കാണാതായ ആട് ലൗകിക സുഖങ്ങളുടെ പിന്നാലെ ഓടി നിരാശയുടെ മുള്ളുകൾക്കിടയിൽ കുടുങ്ങിയ മനുഷ്യനെയാണ് ചിത്രീകരിക്കുക. ചിത്രശലഭത്തെ പിടിക്കാൻ ഓടിനടക്കുന്ന കൊച്ചുകുട്ടിയെപ്പോലെ ജഢികസുഖങ്ങൾക്കു പിന്നാലെ പരക്കം പായുന്ന മനുഷ്യന് കൂട്ടം തെറ്റുന്നു. കാരണം അവൻ ദൈവത്തെ മറന്നു. സുഖജ്വരത്തിന് അടിമപ്പെടുന്നു.

ദൈവത്തിൽ നിന്ന് ഒളിച്ച് പാപ

ത്തിന്റെ തടവറയിൽ ജീവിക്കുന്ന മനുഷ്യനെ ദൈവം കണ്ടെത്തി തോളിലേറ്റി കൊണ്ടുവരുന്നു. ദൈവത്തിന്റെ ആശ്ലേഷം ലഭിക്കുന്ന പാപിക്ക് സ്വർഗ്ഗീയ സുഖത്തിന്റെ മുൻ ആസ്വാദനം ഈ ലോകത്ത് വച്ച് ലഭിക്കുമ്പോൾ സ്വർഗ്ഗം അവന്റെ കൂടെ സന്തോഷിക്കുന്നു. നമ്മുടെ പാപങ്ങൾ നിമിത്തം ഉണ്ടായ മുറിവുകളെ താലോടിയാണ് അവിടന്ന് നമുക്ക് മാപ്പേകുന്നത്. എന്തുകൊണ്ടെന്നാൽ അവിടന്ന് നമ്മുടെ രക്ഷയിൽ മുഴുകിയിരിക്കുന്നു. രക്ഷ നല്കുമ്പോൾ അവിടന്നും അത് ലഭിക്കുമ്പോൾ നമ്മളും സന്തോഷിക്കുന്നു.

രണ്ടാമത്തെ ഉപമയിൽ നഷ്ടപ്പെട്ട നാണയം തേടി വിളക്കു കൊളുത്തി ഉത്സാഹത്തോടെ മുറി അടിച്ചുവാരുന്ന സ്ത്രീ ദൈവത്തിനു സദൃശയാണ്. പാലസ്തീനായിലെ കുടിലുകളിൽ പകൽസമയത്തും ഇരുട്ടാണ്. കാരണം ജനാലകളിലാത്ത, വെളിച്ചം കടക്കാത്ത രീതിയിലാണ് അവർ മുറികളും, ഭവനങ്ങളും നിർമ്മിച്ചത്. അതുകൊണ്ടാണ് ഉപമയിലെ സ്ത്രീ പകൽ സമയത്ത് വിളക്കു കൊളുത്തുന്നത്. ഈ ഉപമയിൽ നാണയത്തുട്ടു തേടിപ്പിടിക്കുന്നതിൽ സ്ത്രീ കാണിച്ച ഉത്സാഹവും, തീക്ഷ്ണതയും ദൈവം തന്നിൽ നിന്ന് അകന്നു ജീവിക്കുന്ന പാപികളോടു കാണിക്കുന്നുവെന്നതാണ് സാരം. മനുഷ്യനെ ആരും കാണാത്ത ഇരുൾ അറകളിലോ, എല്ലാവരും ചവിട്ടി നടക്കുന്ന നടുവഴിയിലോ ദൈവം ഉപേക്ഷിക്കുന്നില്ല. ദൈവത്തിന്റെ കൺവെട്ടത്തിൽ വിശുദ്ധിയുടെ ഇടങ്ങളിൽ മനുഷ്യനെ ഇരുത്തുന്നതാണ് ദൈവത്തിന്റെ സന്തോഷം. മൂന്നാമത്തെ ഉപമയിൽ തന്നിൽനിന്ന് അകന്നുപോയ മകൻ തിരികെ വന്നപ്പോൾ അവനെ ശിക്ഷിക്കാതെ വിരുന്നൊരുക്കി അവനെ സ്വീകരിക്കുന്നു. അവന്റെ തിരിച്ചുവരവിന്റെ ആഹ്ലാദത്തെ ആഘോഷമാക്കി മാറ്റുന്ന പിതാവ് ദൈവത്തിനു സദൃശനാണ്. ഉപമകളുടെ ഉപമയായ, ഉപമകൾക്ക് തിലകക്കുറിയായ ധൂർത്തപുത്രന്റെ ഉപമ സുവിശേഷങ്ങളുടെ സുവിശേഷമെന്നാണ് അറിയപ്പെടുന്നത്.

ഒരിക്കൽ സ്ഥൈര്യലേപനം സ്വീകരിക്കാൻ പോകുന്ന കുഞ്ഞുങ്ങളോട് ഞാനൊരു ചോദ്യം ചോദിച്ചു: വിശുദ്ധ ഗ്രന്ഥത്തിൽ ഏറ്റവും ആകർഷണീയവും, ഹൃദയസ്പർശിയുമായ ചെറുകഥ ഏതാണ്? കുട്ടികളിൽ പലരും ഐക്യകണ്ഠ്യേന പറഞ്ഞു: ധൂർത്തുപുത്രന്റെ കഥ. ഇതേ ചോദ്യം ഒരാൾ അല്പം വിശദമായി പ്രസിദ്ധ നോവലിസ്റ്റും, ചെറുകഥാകൃത്തുമായ ചാൾസ് ഡിക്കൻസിനോട് ചോദിച്ചു. ഈ ലോകത്തിലെ ഏറ്റവും നല്ല ചെറുകഥ ഏതാണ്? അദ്ദേഹത്തിന്റെ മറുപടി ഇപ്രകാരമായിരുന്നു: ധൂർത്തപുത്രന്റെ ഉപമ.

ലോകത്തിലെ ഏറ്റവും നല്ല ഈ ചെറുകഥ നമ്മുടെ ജീവിതത്തിന്റെ കഥയാണ്. അതെ, എന്റെയും, നിങ്ങളുടെയും എല്ലാവരുടെയും കഥയാണ്! കാരണം ജീവിതത്തിൽ ഒരു ബലഹീന നിമിഷത്തിലെങ്കിലും നാം ധൂർത്തപപുത്രനോ, ധൂർത്തപുത്രിയോ ആയിട്ടുണ്ട്. സത്യമേവ ജയതേ എന്ന് ഉറക്കെ ഉദ്ഘോഷിച്ച നമ്മുടെ ആദരണീയനായ രാഷ്ട്രപിതാവ് ഗാന്ധിജിപോലും ധൂർത്തനായിട്ടുണ്ട്. ഗാന്ധിജിക്ക് 13 വയസ്സുള്ളപ്പോൾ ചീത്തക്കൂട്ടുകെട്ടു മൂലും കടബാധ്യത വന്നു. കടം തീർക്കുന്നതിനുവേണ്ടി സഹോദരന്റെ സ്വർണ്ണവളയിൽ നിന്ന് ഒരു ഗ്രാം മുറിച്ച് വിറ്റ് കടം തീർത്തു. ഇത് ഗാന്ധിജിയുടെ മനസ്സിന് വല്ലാത്ത ഭാരമായിത്തീർന്നു. എല്ലാം തുറന്നു പറയാൻ തീരുമാനിച്ചെങ്കിലും നേരെ ചെന്ന് പറയാൻ സാധിച്ചില്ല. കുറ്റസമ്മതം ഒരു കടലാസ്സിലെഴുതി വിറയ്ക്കുന്ന കൈകാലുകളോടുകൂടി അച്ചനെ ഏല്പിച്ചു. അദ്ദേഹം അതു വായിച്ചു. കണ്ണുനീർമുത്തുകൾ കവിളിലൂടെ ഒഴുകി കുറ്റപത്രം നനഞ്ഞു. ഒരു മിനിറ്റ് കണ്ണുകളടച്ച് അദ്ദേഹം ധ്യാനിർന്നിമേഷനായി. ഇത് നമ്മുടെ ജീവിതത്തിന്റെയും കഥയാണ്. കാരണം ജീവിതത്തിന്റെ ഇരുണ്ട രാത്രികളിൽ നിത്യപ്രകാശമായ ദൈവത്തിൽ നിന്ന് അകന്ന് തെറ്റുകളുടെ ചെളിക്കുണ്ടിൽ വീഴുക തികച്ചും സ്വാഭാവികമാണ്. അങ്ങനെ നാം ജീവിതത്തിൽ ധൂർത്തപുത്രനായി, ധൂർത്തപുത്രിയായി ജീവിക്കുന്നു. ധൂർത്തപുത്രന്റെ കഥയിൽ വഴിപിഴച്ച തന്റെ ഇളയമകൻ പിതാവിൽനിന്ന് സ്വയം അകലാൻ തീരുമാനിച്ചു. പിതാവിനോട് കയർത്ത് സ്വന്തം വീതം വാങ്ങാൻ വന്ന ദുർവൃത്തനായ മകന് അന്നത്തെ നാട്ടുനടപ്പ് അനുസരിച്ച് സ്വത്തിന്റെ മൂന്നിലൊരു ഭാഗം പിതാവ് നല്കിയിരിക്കണം. രണ്ടുഭാഗം മൂത്തമകനും, സ്വത്തിന്റെ ഒരു ഭാഗം ഇളയമകനും കൊടുക്കുകയെന്നത് യഹൂദ നിയമമായിരുന്നു (നിയ. 21:17). കിട്ടിയ സ്വത്തുമായി ഇളയമകൻ പിതാവിൽ നിന്ന് അകന്ന് ദൂരദേശത്തേക്കു പോയി. സ്വയം പുകഞ്ഞ കൊള്ളിയായി അവൻ പിതാവിന്റെ ഭവനത്തിൽ നിന്ന് പുറത്തായി.

നിറയെ പണം കൈയ്യിലുണ്ടായിരുന്നപ്പോൾ ധാരാളം കൂട്ടുകാരെ കിട്ടി. അവർ കുടിച്ചു കൂത്താടി കുമ്മാളമിട്ട് സുഖതൃഷ്ണയിൽ ആറാടി. സുഖത്തിന്റെ ലഹരിയിൽ പണം മുഴുവൻ ചോർന്നുപോയി. പണമില്ലാതെ പാപ്പരായപ്പോൾ തന്നോടൊപ്പം തിന്നുമുടിച്ച എല്ലാ സുഹൃത്തുക്കളും അവനെ കൈയ്യൊഴിഞ്ഞു. സുഖത്തിലുണ്ടാം സഖിമാരനേകം, ദു:ഖം വരുമ്പോൾ പുനരാരുമില്ല, എന്ന കവിവാക്യം ഇവിടെ അന്വർത്ഥമാകുന്നു. അവന് വയറു വിശന്നപ്പോൾ പന്നികൾക്കുള്ള അമരത്തവിടുകൊണ്ട് അവൻ വിശപ്പടക്കി.

ഒരു യഹൂദന് നിയമപ്രകാരം നിഷിദ്ധമായ ജോലി–പന്നിമേയ്ക്കുന്ന ജോലി– ചെയ്യുവാൻ അവൻ സന്നദ്ധനായി. പാപം മനുഷ്യനെ നാശത്തിൽ നിന്ന് വിനാശത്തിലേക്ക് നയിക്കുന്നു. പാപം നമ്മെ മാത്രമല്ല നമുക്കു ചുറ്റുമുള്ളവരെ എന്തിനേറെ നമ്മുടെ ചുറ്റുവട്ടത്തെ പ്രകൃതിയെ ബാധിക്കുന്നു. തൽഫലമായി വലിയ ക്ഷാമമുണ്ടാകുന്നു. അപ്പോൾ അവൻ അവന്റെ മനസ്സാക്ഷിയുടെ സ്വരത്തിന് ചെവികൊടുത്തു. അവന്റെ മനസ്സ് ഇങ്ങനെ മന്ത്രിച്ചിരിക്കണം. പിതാവിന്റെ ഭവനത്തിൽ പറുദീസാ അനുഭവം പങ്കിടുന്ന ഏറ്റവും ചെറിയ ദാസൻ, എന്നെക്കാൾ എത്ര ഭാഗ്യവാനാണ്. അവന് സുബോധം വന്നു. ഒരു പാപിയായിരിക്കുക എന്നതല്ല പ്രശ്നം. മറിച്ച് പാപത്തെ കുറിച്ച് പശ്ചാതപിക്കാതിരിക്കുന്നതാണ് മഹാകഷ്ടം ധൂർത്തപുത്രൻ പാപത്തെയോർത്ത് കരഞ്ഞു. അപ്പോൾ അവന് പുത്രാവബോധം ഉണ്ടാകുന്നു. അവൻ പാപത്തിന്റെ സ്ഥലവിട്ട് എഴുന്നേറ്റ് പിതാവിന്റെ ഭവനത്തിലേക്ക് പോകുവാനുള്ള അവബോധം അവന് ലഭിക്കുന്നു. ദൈവം നമുക്കുവേണ്ടി എപ്പോഴും കാ

ത്തിരിക്കുന്നു. അവിടത്തെ പക്കൽ പോകാനുള്ള ധൈര്യമാണ് അവിടന്ന് നമ്മിൽ നിന്ന് ആവശ്യപ്പെടുന്നത്.

രക്ഷയുടെ പറുദീസ നഷ്ടപ്പെടുത്തിയ ആദിമാതാപിതാക്കൾ തങ്ങളെക്കുറിച്ച് സ്വയം ഉണർന്നതുപോലെ ധൂർത്തപുത്രനും തന്നെക്കുറിച്ച് സ്വയം ഉണർന്നു. സ്വയം ജീവിതത്തിൽ പുകഞ്ഞകൊള്ളിയായ അവൻ സത്യം ഗ്രഹിച്ചു. തിന്മയുടെ കേന്ദ്രമായ പന്നിക്കുഴി പിതാവിന്റെ സാന്നിദ്ധ്യത്തിലുള്ള ആത്മരക്ഷയ്ക്ക് ഒട്ടും യോജിച്ചതല്ല. അതുകൊണ്ട് പഴയ ജീവിതസാഹചര്യങ്ങളോട്, തന്നെ നാശത്തിലേക്കു നയിച്ച പ്രവൃത്തികളോട്, ചിന്തകളോട്, തന്നെ പുകഞ്ഞ കൊള്ളിയാക്കിയ തന്റെ ധൂർത്തിനോട് വിടപറഞ്ഞ് പിതാവിന്റെ മകനാകുവാൻ വേണ്ടി, പറുദീസാ അനുഭവം പങ്കുവയ്ക്കാൻ വേണ്ടി അവൻ പിതാവിന്റെ ഭവനത്തിൽ വന്നു. ദൈവം നമ്മെ നടുവഴിയിൽ ഒരിക്കലും ഉപേക്ഷിക്കുന്നില്ല. എപ്പോഴും തന്റെ ഭവനത്തിൽ കൊണ്ടുവരുന്നു. ■

# വിചിന്തനം: സമ്പത്തും സൗഹൃദവും

**ആണ്ടുവട്ടം 25-ാം ഞായർ (സെപ്റ്റം.18)** ആമോ. 8, 4-7. 1 തിമോ. 2, 1-8. ലൂക്ക 16,1-13

**ഫാ. മാർട്ടിൻ എൻ. ആന്റണി**

**സ്വരൂപണത്തിനെക്കാളുപരി സൗഹൃദത്തിനും സ്വാർത്ഥതയെക്കാളുപരി സാഹോദര്യത്തിനും പ്രാധാന്യം നൽകുകയാണെങ്കിൽ ജീവിതം സുന്ദരമാകും.**

ചില രചനകളുണ്ട് ആദ്യവായനയിൽ സങ്കീർണം എന്ന പ്രതീതി നൽകിക്കൊണ്ട് നമ്മെ വീണ്ടും വായിക്കാൻ പ്രചോദിപ്പിക്കുന്നവ. അങ്ങനെയുള്ള ഒരു രചനയാണ് ലൂക്കായുടെ സുവിശേഷത്തിലെ അവിശ്വസ്തനായ കാര്യസ്ഥന്റെ ഉപമ. തുറന്ന മനസ്സോടെ വായിക്കുക. യേശുവിന്റെ പഠനങ്ങളുടെ സംഗ്രഹം ഇതിൽ നിന്നും കിട്ടും.

നമുക്ക് ഉപമയുടെ ഉപസംഹാര സന്ദേശത്തിൽ നിന്നും തുടങ്ങാം: 'കൗശലപൂർവം പ്രവർത്തിച്ചതിനാൽ നീതിരഹിതനായ കാര്യസ്ഥനെ യജമാനൻ പ്രശംസിച്ചു' (v.8). മോഷണക്കേസിൽ ആണ് കാര്യസ്ഥനെ യജമാനൻ പിടിച്ചത്. അവനറിയാം താമസിയാതെ യജമാനൻ അവനെ പിരിച്ചുവിടുമെന്ന കാര്യം. അതുകൊണ്ട് അവന്റെ നിലനിൽപ്പിനുവേണ്ടി തനതായ രീതിയിൽ ചില കാര്യങ്ങൾ ആസൂത്രണം ചെയ്യുകയാണവൻ. അതിനു വേണ്ടി അവൻ സൗഹൃദത്തിന്റെ തന്ത്രം ഉപയോഗിക്കുന്നു. കടങ്ങൾ എഴുതി തള്ളി കൊണ്ട് അവൻ ചങ്ങാത്തത്തിന്റെ ഒരു വല നെയ്യുന്നു. നമ്മൾ ഇവിടെ ശ്രദ്ധിക്കേണ്ടത് കടങ്ങൾ എഴുതിത്തള്ളുക എന്ന പ്രവർത്തിയാണ്. അത് പ്രവചനാത്മകമായ ഒരു പ്രവർത്തിയാണ്. അത് ദൈവത്തിന്റെ പ്രവർത്തിയാണ്. നമുക്കറിയാം ദൈവത്തിന്റെ പ്രധാനപ്പെട്ട പ്രവർത്തികളിൽ ചിലതാണ്; നൽകുക, ക്ഷമിക്കുക, കടങ്ങൾ പൊറുക്കുക.

ഇനി ഉപമയിലേക്ക് വരാം. തിന്മ പ്രവർത്തിച്ചിരുന്ന കാര്യസ്ഥൻ നന്മ പ്രവർത്തിക്കുന്നവനാകുന്നു. അത് അവന്റെ സ്വന്തം കാര്യത്തിന് വേണ്ടിയാണ് ചെയ്തതെങ്കിൽ തന്നെയും അതിന്റെ ആഴമായ തലത്തിൽ ചില നന്മയുടെ കണികകൾ തെളിഞ്ഞു കിടക്കുന്നുണ്ട്. അവിടെ സമ്പത്തിന്റെ പരിപാലനത്തിൽ വ്യത്യാസം വരുന്നുണ്ട്. സമ്പത്ത് കുമിഞ്ഞുകൂടുന്നതിനു പകരം ദാനമായി മാറുന്നു. അത് സഹജീവികളെ ഒഴിവാക്കുന്ന ഒരു ഘടകമായി മാറുന്നില്ല. മറിച്ച് അതൊരു സൗഹൃദോപകരണമാകുന്നു.

ഉപമയിലെ ഏറ്റവും ഹൃദയഹാരിയായ കഥാപാത്രമായി തെളിഞ്ഞുനിൽക്കുന്നത് യജമാനനാണ്. അവൻ കൗശലക്കാരനായ കാര്യസ്ഥനെ പ്രകീർത്തിക്കുന്നു. എന്തിനാണവൻ പ്രകീർത്തിക്കുന്നത്? കാര്യസ്ഥൻ എല്ലാം സൗഹൃദത്തിനായി ചില വഴിച്ചു എന്നതിനാണ്. വെറും സൗഹൃദമല്ല. നിത്യത പ്രദാനം ചെയ്യുന്ന സൗഹൃദമാണത്. അതാണ് ഉപമയുടെ മർമ്മ സന്ദേശം. 'ഞാൻ നിങ്ങളോടു പറയുന്നു. അധാർമിക സമ്പത്തുകൊണ്ട് നിങ്ങൾക്കായി സ്നേഹിതരെ സമ്പാദിച്ചുകൊള്ളുവിൻ' (v.9).

ഒരു ആജ്ഞാ രൂപത്തിലാണ് 'സ്നേഹിതരെ സമ്പാദിച്ചു കൊള്ളുവിൻ' എന്ന് സുവിശേഷം പറയുന്നത്. ഓർക്കുക, സൗഹൃദം എന്ന സങ്കല്പത്തിന് വിശുദ്ധഗ്രന്ഥത്തിൽ സ്വർഗ്ഗത്തോളം മൂല്യമുണ്ട്. സൗഹൃദം അളക്കുന്നത് ജൈവികതയുടെ

യും സന്തോഷത്തിന്റെയും തുലാസുകൾ കൊണ്ടാണ്. ഇവിടെ ജീവനും സന്തോഷവും പ്രതിനിധീകരിക്കുന്നത് മാനവികതയേയും നിത്യതയേയുമാണ്. അതുകൊണ്ടാണ് സൗഹൃദം എന്ന സങ്കല്പത്തിൽ നിത്യജീവൻ എന്ന യാഥാർത്ഥ്യം അന്തർലീനമായിട്ടുണ്ട് എന്ന് പറയുന്നത്. യഥാർത്ഥമായ ഒരു സൗഹൃദവും മരണത്തിലേക്ക് നയിക്കില്ല. ആത്മാർത്ഥമായ സൗഹൃദം പരസ്പരം കൈമാറുക ജീവന്റെ പ്രസരിപ്പുകൾ മാത്രമായിരിക്കും. ജൈവീകതയ്ക്ക് വിപരീതമായ പാതയിലൂടെ സഞ്ചരിക്കുന്ന ഒരു സൗഹൃദവും സൗഹൃദമേയല്ല.

യേശുവിന്റെ പഠനങ്ങളിൽ സമ്പാദ്യം എന്ന സങ്കൽപത്തിന് അത്ര മതിപ്പു നൽകുന്നതായിട്ട് കാണാൻ സാധിക്കുന്നില്ല. അത് അത്ര അത്യാവശ്യമുള്ള സംഗതിയായി സുവിശേഷങ്ങൾ ഒരു സ്ഥലത്തും ചിത്രീകരിക്കുന്നുമില്ല. സമ്പത്ത് ധാർമികമായോ അധാർമികമായോ സമ്പാദിച്ചാലും നിത്യജീവനിലേക്ക് പ്രവേശിക്കാൻ അവയെക്കൊണ്ട് ഒരു ഉപകാരവും ഇല്ലെങ്കിൽ അത് വെറും വ്യർത്ഥമാണെന്ന ചിന്ത യേശു നേരത്തെതന്നെ പങ്കുവച്ചിട്ടുണ്ട്. സ്വരൂപിക്കുന്നത് എന്തുമായിക്കൊള്ളട്ടെ എങ്ങനെയുമായിക്കൊള്ളട്ടെ പക്ഷേ ആ സ്വരൂപണംനിന്നെ നിത്യജീവിതത്തിലേക്ക് നയിക്കുന്നുണ്ടോ എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട ചോദ്യം. കാര്യസ്ഥൻ കൗശലമായ രീതിയിലാണ് സമ്പാദിച്ചതെങ്കിൽ തന്നെയും അതിലൂടെ അവൻ നിത്യജീവിതത്തിലേക്കുള്ള സൗഹൃദവലയം സൃഷ്ടിക്കുന്നുണ്ട്. അവൻ സമ്പാദിച്ചതിനേക്കാൾ മുകളിൽ വ്യക്തിബന്ധത്തിന് പ്രാധാന്യം കൊടുക്കുന്നുണ്ട്. പറഞ്ഞുവരുന്നത് സമ്പത്തല്ല, സൗഹൃദമാണ് പ്രധാനം എന്നതാണ്. സമ്പത്ത് ഇല്ലാതാകുന്ന ഒരു ദിനം ഉണ്ടാകും. അന്ന് നിത്യകൂടാരങ്ങളിൽ നിന്നെ സ്വീകരിക്കാൻ ഉണ്ടാകുക സൗഹൃദവലയത്തിലെ പുണ്യജന്മങ്ങൾ മാത്രമായിരിക്കും (V.9). ദൈവവുമായി കണ്ടുമുട്ടുന്നതിന് മുന്നേ ചിലപ്പോൾ നീ കാണുവാനിരിക്കുന്നത് നിന്റെ കൈകളിൽ നിന്നും സഹായം സ്വീകരിച്ചവരെയായിരിക്കും. നീ ഹൃദയം പകുത്ത് നൽകി സ്നേഹിച്ചവരെയായിരിക്കും. നിന്നിൽ നിന്നും ഒരു ഗ്ലാസ് തണുത്ത വെള്ളം കുടിച്ച ഏതോ ഒരുവൻ ആയിരിക്കും നിന്നെ വന്ന് ആദ്യം ആലിംഗനം ചെയ്യുക. അങ്ങനെ ആരെങ്കിലും ആലിംഗനം ചെയ്തു കൂടെ കൂട്ടിക്കൊണ്ടു പോകാനുണ്ടെങ്കിൽ, ഓർക്കുക, ദൈവഭവനത്തിൽ നിനക്കും ഒരു മുറിയുണ്ട്.

സുവിശേഷം പിന്നീട് പറയുന്നുണ്ട്; 'ഒരു ഭൃത്യനു രണ്ട് യജമാനന്മാരെ സേവിക്കാൻ സാധിക്കുകയില്ല.' (V.13). കാര്യം വളരെ വ്യക്തമാണ്. ധനവും ഭൗതികമായ എല്ലാ സാധനങ്ങളും സ്നേഹവും സൗഹൃദവും വളർത്തുന്നതിനു വേണ്ടിയുള്ള ഉപാധികൾ മാത്രമാണ്. സമ്പത്തും ധനവും നമ്മെ സേവിക്കാനുള്ളതാണ്. ഭരിക്കാനുള്ളതല്ല. ധനവും സമ്പത്തും അതിൽ തന്നെ മോശമായ സംഗതിയല്ല. പക്ഷേ ഒരു കാര്യം ഓർക്കണം, അവ ഒരു വിഗ്രഹമായി മാറാൻ സാധിക്കും. വിഗ്രഹങ്ങൾക്ക് ഒരു പ്രത്യേകതയുണ്ട്. അവകൾ അടിമകളായ ഭക്തരെ സൃഷ്ടിക്കും. ആ ഭക്തരുടെ ചോരയും നീരും ഊറ്റിക്കുടിച്ചു വിഗ്രഹങ്ങൾ വളർന്നു വലുതാകും. അടിമകളായ ഭക്തർ പതിയെ കൂട്ടിലടച്ച ഒരു മൃഗത്തെ പോലെയാകും. അവർ എന്നും എപ്പോഴും അവരുടെ വിഗ്രഹമായ സമ്പത്തിനെക്കുറിച്ച് മാത്രം ചിന്തിച്ചു കൊണ്ടിരിക്കും. അങ്ങനെ അവരിൽനിന്നും സ്നേഹത്തിന്റെ തരികൾ എന്നെന്നേക്കുമായി മാഞ്ഞു പോകുകയും സൗഹൃദം ഒരു മരീചികയായി മാറുകയും ചെയ്യും.

നമ്മുടെ ഇടയിലെ സാമ്പത്തിക വിചാരങ്ങൾ തകിടംമറിക്കുന്ന ഒരു ഉപമ കൂടിയാണിത്. മാർക്കറ്റിലെ നിയമമാണ് ഇന്ന് എല്ലാം തീരുമാനിക്കുന്നത്. അധിക ധനം അധിക സന്തോഷം, കുറച്ച് ധനം കുറച്ച് സന്തോഷം എന്നൊരു ചിന്താഗതിയാണ് ഇന്നിനെ നയിക്കുന്നത്. നമ്മുടെ ഇടയിലെ ഈ പൊതു നിയമത്തിന് ഒരു മാറ്റം വരേണ്ടിയിരിക്കുന്നു. സ്വരൂപണത്തിനെക്കാളുപരി സൗഹൃദത്തിനും സ്വാർത്ഥതയെക്കാളുപരി സാഹോദര്യത്തിനും പ്രാധാന്യം നൽകുകയാണെങ്കിൽ ജീവിതം സുന്ദരമാകും. ഒരു കാര്യം എപ്പോഴും നീ ഓർക്കണം. മുന്നിലേക്കുള്ള യാത്രയിൽ പല വാതിലുകളും നിനക്ക് തനിയെ തുറക്കാൻ സാധിച്ചേക്കാം, പക്ഷേ ഏറ്റവും അവസാനം ഉള്ള വാതിൽ നിനക്കൊരിക്കലും ഒറ്റയ്ക്ക് തുറക്കാൻ സാധിക്കില്ല. അത് നിനക്കായി തുറന്നു തരിക നിന്നിൽനിന്നും നന്മകൾ സ്വീകരിച്ചിട്ടുള്ള ഏതെങ്കിലും എളിയവൻ ആയിരിക്കും. അതുകൊണ്ട് നിത്യകൂടാരത്തിലേക്ക് നിന്നെ നയിക്കുന്ന സൗഹൃദങ്ങൾ ഉണ്ടാക്കുവാൻ ശ്രമിക്കുക. ■

# ധനവാനും ലാസറും

**ആണ്ടുവട്ടം 26-ാം ഞായർ (സെപ്റ്റം. 25)** ആമോ. 6, 1a. 4-7. 1 തിമോ. 6, 11-16. ലൂക്ക. 16:19-31

**ഫാ. ലോറൻസ് കുലാസ്**

ധനവാനും ലാസറും. ഒറ്റനോട്ടത്തിൽ തന്നെ സമ്പത്തുള്ളവന് പേരില്ല; ധനവാൻ എന്ന് മാത്രമാണ്. ദരിദ്രന് പേരുണ്ട്; ലാസർ. ലാസർ എന്ന പേര് El-eazar എന്ന പേരിന്റെ ചുരുക്കരൂപമാണ്. El എന്നാൽ God; ദൈവം. Eazar എന്നാൽ help; സഹായം. എങ്കിൽ El-aazar അഥവാ Lazer എന്ന എന്ന പേരിന്റെ അർത്ഥം ദൈവം സഹായിക്കുന്നു (God helps) എന്നാണ്. കഥ അവസാനിക്കുമ്പോൾ നമുക്ക് മനസിലാകുന്നുണ്ട് ലാസ

റിന്റെ സഹായത്തിന് എത്തുന്നത് ദൈവം മാത്രമാണെന്ന്. ദരിദ്രന്റെ, ദുരിതം അനുഭവിക്കുന്നവന്റെ സഹായം എപ്പോഴും ദൈവത്തിലാണ്.

ധനവാന്റെയും ലാസറിന്റെയും കഥ മൂന്ന് രംഗങ്ങളുള്ള ഒരു നാടകമായാണ് അവതരിപ്പിക്കപ്പെടുന്നത്. ഒന്നും രണ്ടും രംഗങ്ങളിൽ സംഭാഷണമില്ല. അവസാനത്തെ രംഗത്ത് മാത്രമാണ് സംഭാഷണമുള്ളത്. ഒന്നാമത്തെ രംഗത്തിൽ (16:19-21) അഭിനേതാക്കളെ അവതരിപ്പിക്കുന്നു: ധനവാനും ലാസറും. അവരുടെ ജീവിതരീതി അവതരിപ്പിക്കുന്നു: ധനവാൻ സുഭിക്ഷമായി കഴിയുന്നു; മൃദുലവസ്ത്രം ധരിക്കുന്നു; സുഖലോലുപതയിൽ വിരാജിക്കുന്നു. ലാസർ ദരിദ്രനും ശരീരമാസകലം വ്യണങ്ങൾ ബാധിച്ചവനും മേശയുടെ ചുവട്ടിലും വീടിന്റെ വാതിൽ പടിയിലും ഇരിക്കുന്നവനുമാണ്. അവൻ മേശയിൽനിന്നും വീഴുന്നത് ഭക്ഷിക്കുന്നു. കൂടെ പട്ടികളും.

നാടകത്തിന്റെ രണ്ടാമത്തെ രംഗത്തിൽ (16:22) ധനികനും ലാസറും മരിക്കുന്നു. ധനികൻ നരകത്തിലും ലാസർ സ്വർഗത്തിലും എടുക്കപ്പെടുന്നു. ഒന്നാമത്തെ രംഗത്തിന്റെ വൈരുദ്ധ്യം ഇവിടെ നാം ദർശിക്കുന്നു. ജീവിച്ചിരുന്നപ്പോൾ സുഖലോലുപതയിൽ കഴിഞ്ഞവൻ മരണത്തിന് ശേഷം നരകാഗ്നിയിൽ ദുരിതമനുഭവിക്കുന്നു. ജീവിച്ചിരുന്നപ്പോൾ ദുരിതം അനുഭവിച്ചവൻ മരണത്തിന് ശേഷം സ്വർഗീയ അനുഭവത്തിൽ കഴിയുന്നു. ദരിദ്രനെ ദൈവദൂതന്മാർ അബ്രഹാമിന്റെ മടിയിൽ കൊണ്ടെത്തിക്കുന്നു. ധനികൻ മരിച്ച് അടക്കപ്പെടുന്നു. ഭക്ഷണം കിട്ടാതെ മരിച്ചവന് കിട്ടിയത് സ്വർഗീയ സംതൃപ്തി. ഭക്ഷണം മതിവരുവോളം ഭക്ഷിച്ച് മരിച്ചവന് കിട്ടിയത് നരകം.

മൂന്നാമത്തെ രംഗത്തിലാണ് സംഭാഷണമുള്ളത് (16:23-30). സംഭാഷണം നരകാഗ്നിയിൽ കഴിയുന്നു ധനികനും - അബ്രഹാവുമായിട്ടാണ്. ശ്രദ്ധേയമായ കാര്യം ആദ്യം മുതൽ അവസാനം വരെ ലാസർ സംസാരിക്കുന്നില്ല. കാരണം അവനെ ദൈവമാണ് സഹായിക്കുന്നത്. ദൈവത്തിലാണ് അവന്റെ ആശ്രയം ഇവിടെ ധനികൻ ദരിദ്രനാകുന്നു; ലാസർ അഥവാ ദരിദ്രൻ ധനികനാകുന്നു.

നാടകം ഒന്നുകൂടി ആഴമായി വിശകലനം ചെയ്യുമ്പോൾ ധനവാൻ യഥാർഥത്തിൽ കുറ്റക്കാരനല്ല. കാരണം അവൻ ലാസറിനെ ഭവനത്തിൽനിന്ന് പുറത്താക്കുന്നില്ല; ധനവാൻ ലാസറിനെ ഭവനത്തിൽ ജീവിക്കാൻ അനുവദിക്കുന്നു. വീട്ടിലിനകത്ത് നടക്കുമ്പോൾ ധനവാൻ ലാസറിനെ ചവിട്ടുകയോ വേദനിപ്പിക്കുകയോ ചെയ്യുന്നില്ല. അവനെനോക്കി അസഭ്യവാക്കുകൾ ഉരുവിടുന്നില്ല. ലാസറിനെ ഭവനത്തിൽ കഴിയാൻ അനുവദിക്കുക മാത്രമല്ല, തന്റെ മേശയിൽനിന്നും താഴെവീഴുന്നവ ഭക്ഷിക്കാൻ അനുവദിക്കുകയും ചെയ്യുന്നു. പിന്നെ എന്തുകൊണ്ട് മരണത്തിന് ശേഷം ധനികൻ നരകത്തിൽ പോയി? അദ്ദേഹം ചെയ്ത തെറ്റ് എന്താണ്? ഒരുവന്റെ ദുരിതം ധനികൻ ദർശിച്ചില്ല. ദുരിതമനുഭവിച്ചിരുന്ന ലാസറിന് ആവശ്യമുള്ളത് എന്താണെന്ന് ധനികൻ തിരിച്ചറിഞ്ഞില്ല. ചുരുക്കിപറഞ്ഞാൽ ധനികൻ കരുണ കാട്ടിയില്ല. ദുരിതമനുഭവിക്കുന്നവനെ; ദുരിതമനുഭവിച്ച ലാസറിനെ ധനവാന്റെ ഹൃദയം സ്പർശിച്ചില്ല. ദുരിതമനുഭവിക്കുന്നവനെ ശുശ്രൂഷിക്കാത്തതിനുള്ള ശിക്ഷയാണ് നരകം.

1586 ലെ സ്പെയിൻ ബ്രിട്ടൻ യുദ്ധം... ബ്രിട്ടീഷ് സൈന്യാധിപൻ ഫിലിപ്പി സിഡ്നിക്ക് മാരകമായ മുറിവേറ്റു. മരണത്തോട് മല്ലടിക്കുന്നു. അദ്ദേഹം കുടിവെള്ളത്തിനായി ദാഹിച്ചു. ഇതുകണ്ട ഒരു പടയാളി തന്റെ ഇരുമ്പ് തൊപ്പിയിൽ വെള്ളവുമായി എത്തി. ഫിലിപ്പിന് ആശ്വാസം. കുടിക്കാൻ വെള്ളം ലഭിച്ചു. വെള്ളം കുടിക്കാൻ ഭാവിച്ച സമയത്താണ് മുറിവേറ്റ് വേദനസഹിക്കുന്ന, വെള്ളത്തിനായി കേഴുന്ന ഒരു പടയാളിയെ ഫിലിപ്പ് കണ്ടത്. വെള്ളം കുടിച്ച് കുറെനേരംകൂടി ജീവൻ നിലനിർത്താമായിരുന്നിട്ടും സൈന്യത്തിലെ മറ്റൊരാളുടെ ജീവൻ നിലനിർത്താൻ ആ ജലം സൈന്യാധിപനായ ഫിലിപ്പ് മുറിവേറ്റ പടയാളിക്കു നല്കി. മരിച്ചുവീഴുന്ന സമയത്ത് സൈന്യാധിപന്റെ വരണ്ട ചുണ്ടുകളിൽ നിന്നടർന്നുവീണ അവസാനവാക്കുകൾ ഇപ്രകാരമായിരുന്നു: Your need is greater than mine. നിന്റെ ആവശ്യം എന്റേതിനെക്കാൾ വലുതാണ്. ■

## മരിയൻ കോളേജ് ഓഫ് ആർട്സ് & സയൻസിലെ പ്രഥമ ഗ്രാഡുവേഷൻ സെറിമണി

കഴക്കൂട്ടം മരിയൻ കോളേജ് ഓഫ് ആർട്സ് & സയൻസിലെ പ്രഥമ ഗ്രാഡുവേഷൻ സെറിമണി 2022 ആഗസ്റ്റ് 20 ന് കോളേജ് ആഡിറ്റോറിയത്തിൽ നടന്നു.118 വിദ്യാർഥികളും അവരുടെ രക്ഷാകർത്താക്കളും പങ്കെടുത്ത ചടങ്ങ് തിരുവനന്തപുരം അതിരൂപത ആർച്ച്ബിഷപ്പ് ഡോ. തോമസ് ജെ.നെറ്റോ ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ നാഷണൽ ജുഡീഷ്യൽ അക്കാദമിയുടെ മുൻ ഡയറക്ടർ പ്രൊഫ. ജി. മോഹൻ ഗോപാൽ മുഖ്യപ്രഭാഷണം നടത്തി. കോളേജ് മാനേജർ ഫാ. പങ്ക്രേഷ്യസ് അധ്യക്ഷനായിരുന്നു. പ്രിൻസിപ്പാൾ ഡോ. ഫ്രാൻസിസ് സണ്ണി, വൈസ് പ്രിൻസിപ്പാൾ ഡോ. ക്രിസ് ജോർജ്, ബർസാർ ഫാ. നിഷാൻ എന്നിവർ പങ്കെടുത്തു.



വചനജ്വാല

2022 ഒക്ടോബർ മാസത്തെ ബി.സി.സി. കൂട്ടായ്മകളിൽ ഉപയോഗിക്കാൻ തയ്യാറാക്കിയത്



# "ക്രൈസ്തവനാകുക, പ്രേഷിതനാകുക"

**ഫാ.ഡാനിയേൽ ആർ.**
ബി.സി.സി. മുൻ എക്സിക്യൂട്ടീവ് സെക്രട്ടറി

സ്നേഹനിറഞ്ഞവരേ, ഒക്ടോബർ മാസം സഭ പ്രത്യേകമാംവിധം പ്രേഷിത പ്രവർത്തനങ്ങളെപ്പറ്റി ചിന്തിക്കുകയും ധ്യാനിക്കുകയും പ്രവർത്തനങ്ങൾ ഏകീകരിക്കുകയും ചെയ്യുന്ന മാസമാണല്ലോ. കാലഘട്ടത്തിന് അനുസരിച്ച് നമ്മുടെ കുടുംബങ്ങളിലും കൂട്ടായ്മകളിലും സമൂഹങ്ങളിലും എങ്ങനെ ക്രിസ്തുവിനെ പ്രഘോഷിക്കാം, പ്രേഷിതരാകാം എന്നതാവട്ടെ ഈ മാസത്തെ കൂട്ടായ്മകളിലെ ചിന്താവിഷയം.

4.**ആമുഖം**

**5. വചന ഗീതി**

**6. ദൈവ വചന പാരായണം:**

**മർക്കോ. 16:15-18, 20**

**7. വചന വിചിന്തനം**

'സഭ സ്വഭാവത്തിൽ തന്നെ പ്രേഷിതയാണ്' എന്ന ചൊല്ല് നമുക്കെല്ലാവർക്കും സുപരിചിതമാണ്. വല്ലപ്പോഴും ഉണ്ടാകുന്ന മനോഭാവങ്ങളെയോ പെരുമാറ്റരീതികളെയോ സ്വഭാവത്തിന്റെ ഭാഗമായി നാം കണക്കാക്കാറില്ല. പ്രേഷിതത്വം സഭയുടെ അന്തസത്തയും സഭാംഗങ്ങളുടെ എല്ലാം സ്ഥായിമനോഭാവവുമായതുകൊണ്ടാണ് സഭ സ്വഭാവത്താൽ പ്രേഷിതയാണെന്ന് പറയുന്നത്. പ്രേഷിതത്വം കൂടാതെ സഭയ്ക്കോ സഭാംഗങ്ങൾക്കോ നിലനിൽക്കുവാനാകില്ല.

ഇന്ന് വിചിന്തനത്തിനായി നൽകിയിരിക്കുന്ന വചനഭാഗത്തിൽ മാർക്കോസ് സുവിശേഷകൻ വളരെ വ്യക്തമായി പറയുന്നുണ്ട്. വിശ്വസിച്ച് സ്നാനം സ്വീകരിച്ച ഓരോ ക്രൈസ്തവന്റെയും ദൗത്യം എന്താണ് എന്ന്? ലോകമെങ്ങുംപോയി സകല സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുക. സുവിശേഷം അറിയിക്കുവാൻ അയയ്ക്കപ്പെട്ടവരാണ് പ്രേഷിതർ. ഏറ്റവും വലിയ സുവിശേഷ പ്രഘോഷകൻ യേശു തന്നെയാണ്. ദൈവത്തിൽ നിന്നുള്ള സത്വാർത്ത അഥവാ സുവിശേഷം എല്ലാവരോടും പ്രഘോഷിക്കുവാൻ പിതാവി

നാൽ അയയ്ക്കപ്പെട്ടവനാണ് യേശു. ഈ സുവിശേഷം ശ്രവിക്കുകയും അതിൽ വിശ്വസിക്കുകയും അതിന്റെ സന്തോഷം അനുഭവിക്കുകയും മാത്ര മല്ല, യേശുവിനെ അനുകരിച്ച് ഈ സുവിശേഷം മറ്റുള്ളവരോട് പങ്കുവയ്ക്കു കയും ചെയ്തുകൊണ്ട് യേശുവിനോ ടൊപ്പം സുവിശേഷ പ്രഘോഷകരായി തീരുമ്പോഴാണ് നാം സഭാംഗങ്ങളും ക്രിസ്തുശിഷ്യരും എന്ന പദവിക്ക് അർഹരായിത്തീരുന്നത്.

ജെറുസലേം എന്ന കൊച്ചുവട്ട ത്തിൽ തുടങ്ങിയ സഭ ഇന്ന് ലോകം മുഴുവനും പടർന്ന് കിടക്കുന്നെങ്കിൽ, രണ്ടായിരം വർഷത്തിനിപ്പുറവും സഭ നിലനിൽക്കുന്നുണ്ടെങ്കിൽ അതിന് കാരണം കാലാകാലങ്ങളിൽ വിശ്വാസ ദീപം തീക്ഷ്ണതയോടെ തെളിയിച്ച് നിർത്തിയ മിഷണറിമാരുടെ കരുത്താണ്. തണുത്തുറഞ്ഞുപോയ യൂറോപ്യൻ സഭയെ ചൂടുപിടിപ്പിക്കാൻ, ഉണർത്താൻ, ചെരുപ്പുകൾ വലിച്ചെറിഞ്ഞ് ചാക്കുവസ്ത്രം ധരിച്ച് കുഷ്ഠ രോഗികളെ ചുംബിക്കാൻ തെരിവിലേക്ക് ഇറങ്ങിയ അസ്സീസിയിലെ വിശുദ്ധ ഫ്രാൻസിസിന് കഴിഞ്ഞു. ഭാരതത്തിൽ വിശ്വാസം തെളിച്ച് നിർത്താൻ പാരിസ് സർവ്വകലാശാലയിലെ തന്റെ മോഹിപ്പിക്കുന്ന സ്ഥാനമാനങ്ങൾ വലിച്ചെറിഞ്ഞ് പതിനാറാം നൂറ്റാണ്ടിൽ ഗോവയുടെ കടൽത്തീരത്തിലൂടെ ഒരു കൈയിൽ കുരിശും മറുകൈയിൽ മണിയും കിലുക്കി എനിക്ക് ആത്മാക്കളെ തരിക; ബാക്കി ഉള്ളത് മുഴുവൻ എടുത്തുകൊൾക എന്ന് പറഞ്ഞുകൊണ്ട് നടന്ന ഒരു ഫ്രാൻസിസ് സേവ്യറിനും സാധിച്ചു. ഇന്ന് നാം വായിച്ച വചനഭാഗത്തിൽ എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവാനാണ് യേശു ശിഷ്യരോട് കല്പിക്കുന്നത്. പ്രപഞ്ചത്തോടും അതിലെ എല്ലാ ജീവജാലങ്ങളോടുമാണ് യേശുവിന്റെ സുവിശേഷം പ്രസംഗിക്കപ്പെടേണ്ടത്. കൊടുക്കലിന്റെയും ആത്മദാനത്തിന്റെയും വാർത്തയാണ് ക്രിസ്തുവിന്റെ സുവിശേഷം. അത് പ്രഘോഷിക്കുവാനുള്ള കടമയാണ് ‘നമ്മുടേത്’. എന്റെയും നിന്റെയും വീട്ടിലും വീടിന് ചുറ്റിലും നീ ഇടപെടുന്ന ജീവജാലങ്ങളോടും നീ ഇത് പ്രഘോഷിക്കണം. നിരന്തരമായ ബോധവത്ക്കരണത്തിലൂടെയും പ്രാർത്ഥനയിലൂടെയും പരിത്യാഗപ്രവർത്തികളിലൂടെയും പ്രേഷിത ചൈതന്യം കുടുംബ കൂട്ടായ്മകളിൽ ജ്വലിപ്പിക്കുവാൻ നമുക്കേവർക്കും സാധിക്കട്ടെ!

**8. റിപ്പോർട്ട്**

**9. ഹാജർ**

**10. ചർച്ച**

1) പ്രേഷിത ചൈതന്യം കുടുംബകൂട്ടായ്മകളിൽ നിലനിർത്താൻ നമ്മുടെ കുടുംബയൂണിറ്റിന് എന്തുചെയ്യുവാൻ സാധിക്കും?

2) ആഗോള സഭയുടെ പ്രേഷിത പ്രവർത്തനങ്ങൾക്കായി പ്രാർത്ഥനയിൽ ഒന്നു ചേരുവാൻ മാധ്യമവിമുക്ത മണിക്കൂർ എങ്ങനെ നമ്മുടെ യൂണിറ്റിൽ ഏകീകരിക്കാനാകും?

**11. പൊതു അറിയിപ്പ്, ശുശ്രൂഷാ സമിതികളുടെ പ്രവർത്തനങ്ങളും വിലയിരുത്തലും**

**12. വിശ്വാസികളുടെ പ്രാർത്ഥന**

**13. സമാപന ഗാനം**

**14. നന്ദി**

---

## *ഒരു ഇരട്ടസംഖ്യയും...*

*(പേജ് 32 ന്റെ തുടർച്ച)*

രു ഭൂപടരേഖയെ പൂരിപ്പിക്കാനുള്ള ഒരു പ്രതീകം കൂടിയാണ്. നാം വായിച്ചു പരിചയിച്ച സുവിശേഷത്തെ മലയാളമണ്ണിൽ കിളിർപ്പിച്ചെടുക്കുക എന്നൊരു ആത്മീയ വിപ്ലവ ക്രിയയാണ് ലിയോ തദേവൂസ് പരീക്ഷിക്കുന്നത്. പന്ത്രണ്ടിലെ ദേശം കൊച്ചിയാണ്. പശ്ചാത്തലം കൊച്ചി കടപ്പുറമാണ്. ആ മത്സ്യത്തൊഴിലാളികളുടെ ജീവിതത്തിലേക്ക് കേശു കടന്നെത്തുന്നു. മാത്രയിൽ ആ ജീവിതങ്ങളുടെ കലങ്ങിയ അവസ്ഥകൾ മാറ്റി മറിക്കപ്പെടുകയാണ്. സ്വർഗരാജ്യത്തിന്റെ കവാടത്തിലൂടെ അകത്തേക്കെന്നതിനേക്കാൾ വേഗത്തിൽ പുറത്തേക്കുപോകുന്ന ചിലരെ സിനിമ ചൂണ്ടിക്കാട്ടുന്നു. അത് ഒരു തരത്തിൽ സത്യം, നീതി, ധർമ്മം തുടങ്ങിയ സുകൃതങ്ങളെ വെള്ളിത്തുട്ടിനു വേണ്ടി ഒറ്റുകൊടുക്കുകയും പീലാത്തോസുമാരോടും ഹെറോദോസുമാരോടും പക്ഷം ചേരുന്നതിന്റെയും പ്രതീകാത്മമായ ദൃശ്യവാങ്മയമാണ്. ആത്മീയ പൊതുപ്രശ്നങ്ങൾ തുടികൊട്ടി നിൽക്കുന്ന നമ്മുടേതുപോലൊരു സമൂഹത്തിന്റെ സന്ദേഹങ്ങളെയാണ് സിനിമയുടെ മൊത്തം പ്ലോട്ട് ചൂണ്ടിക്കാട്ടുന്നത്.

## ആത്മാവിന്റെ ചക്രവാളത്തിലെ ഇരുൾ

ഒരു ആത്മീയ മനുഷ്യനിൽ ചേക്കേറുന്ന ശ്യാമദുഃഖങ്ങളുടെ പിന്നാലെ അലയുന്ന ചലച്ചിത്ര ഭാവനയുടെ വിതാനങ്ങളെ തൊട്ടുകാണിക്കാൻ ഒരു ചെറുപ്പക്കാരനായ യേശുവിനെ, ഇമ്മാനുവേലിനെ (ദേവ് മോഹൻ) ലിയോ ഇൻസെർട്ട് ചെയ്യുന്നിടത്താണ് ഈ സിനിമ വിജയിക്കുന്നത്. ഇമ്മാനുവേലിന്റെ കണ്ണിൽ വിരുയുന്നത് മുഴുവൻ തിളക്കമുള്ള ഒരു ആത്മീയഭാഷയാണ്. അയാളുടെ കണ്ണിൽ ജീവിക്കുന്ന യേശുവാണ് ആത്മീയതയുടെ അളവിനെ തിട്ടപ്പെടുത്തി കാട്ടുന്നത്. നോട്ടത്തിന്റെ രാഷ്ട്രീയം തിരയുമ്പോൾ നാം എത്തപ്പെടുക ഒരു ആത്മീയ മായികസൗന്ദ്ര്യത്തിലാണ്. ഒരു അതീന്ദ്രിയ ശക്തി ആ മിഴികളിൽ നിന്നും പുറത്തേക്ക് കുതിച്ചുവരുന്നതുകാണാം. കൊടുങ്കാറ്റടിക്കുമ്പോൾ ബോട്ടിലെ സ്രാങ്കിലേക്ക് ഇമ്മാനുവേൽ കണ്ണയയ്ക്കുന്നുണ്ട്. ആ ക്ഷണമാത്രയിൽ അയാളിൽ അല്പാൽപ്പമായി തെളിഞ്ഞു നിന്നിരുന്ന അലങ്കാരത്തിന്റെ കൂർപ്പിനെ ഇമ്മാനുവേലിന്റെ നോട്ടം മുറിച്ചിടുകയാണ്. ഇതിനെ കേന്ദ്രകഥാപാത്രങ്ങളായ ആന്ത്രോ (വിനായകൻ) പത്രോ (ഷൈൻ ടോം ചാക്കോ) എന്നീ സഹോദരങ്ങളിലേക്ക് ഇമ്മാനുവേൽ കണ്ണു പതിപ്പിക്കുന്നത് എന്തിനായിരിക്കും എന്ന് പ്രേക്ഷകൻ ചോദിച്ചേക്കാം. ഇവർ നേതൃത്വം നൽകുന്ന ക്വട്ടേഷൻ ഗ്രൂപ്പാണ് പന്ത്രണ്ടെന്ന് ഇമ്മാനുവേൽ തിരിച്ചറിയുന്നു. മീൻപിടിത്തമാണ് തൊഴിലെങ്കിലും അവരെക്കൊണ്ട് ഈ ഗുണ്ടാവേല ചെയ്യിക്കുകയാണ് പീലിപ്പോസിന്റെ (ലാൽ) ലക്ഷ്യം. സിനിമയുടെ പിന്നിടുന്ന സീനുകളിൽ ഇതിന്റെ മൊത്തം സ്വീക്വൻസ് മാറുകയാണ്. ഇമ്മാനുവേലിന്റെ മരണത്തെക്കുറിച്ചും, ആ കൊലയ്ക്കുപിന്നിലെ കാരണങ്ങളെക്കുറിച്ചും സിനിമ അന്വേഷിക്കുകയാണ്. ബൈബിൾ എന്ന ജീവിത തത്ത്വസംഹിതയിലെ പുതിയ നിയമപുസ്തകത്തെ ഏറ്റവും പുതിയ കാലത്തിൽ എങ്ങനെ വായിക്കാമെന്നും, പാരായണാനന്തരം ആത്മാവിന്റെ ചക്രവാളത്തിലെ ഇരുളിനെ എങ്ങനെ കറന്നുമാറ്റാമെന്നുമാണ് ഈ പരീക്ഷണ സിനിമ ആലോചിക്കുന്നത്. അതുകൊണ്ടുതന്നെ 'പന്ത്രണ്ട്' എന്നത് വെറും ഒരു ഇരട്ട ഡിജിറ്റല്ല മറിച്ച്, പുതിയ ആത്മീയവാദിയുടെ സന്ദേഹങ്ങളെ ലഘൂകരിക്കാനുള്ള ആൽക്കെമിയാണ്. ■

ജെ.സി.

# വിഴിഞ്ഞം ആദാനി തുറമുഖവിരുദ്ധ സമരം നിലനിൽപ്പിനായുള്ള പോരാട്ടം

കഴിഞ്ഞ കുറെ വർഷങ്ങളായി മത്സ്യത്തൊഴിലാളി സമൂഹം അതിജീവനഭീഷണി നേരിടുകയാണ്. കേരളത്തിന്റേതുൾപ്പെടെ തീരപ്രദേശങ്ങൾ ആശങ്കജനകമാംവിധം ശോഷിക്കുന്നുവെന്നും ജനങ്ങളുടെ ആവാസമേഖലയുടെ വിസ്തീർണം കുറഞ്ഞുവരുന്നുവെന്നും പഠനങ്ങളുണ്ട്. ഇതിനു പുറമെയാണ് കടലിലെ വലിയ നിർമാണ പദ്ധതികൾ തീരശോഷണത്തിന് ആക്കംകൂട്ടുന്നുവെന്ന ആശങ്ക. തിരുവനന്തപുരം ജില്ലയിലെ തീരദേശവാസികൾ ഏറെ കാലമായി അനുഭവിച്ചുവരുന്ന തീരശോഷണ കെടുതികൾ കൂടിക്കൂടി രൂക്ഷമായിരിക്കുന്നു. മൂന്നുറിലേറെ കുടുംബങ്ങൾ വാസയോഗ്യമല്ലാത്ത ക്യാമ്പുകളിൽ കഴിഞ്ഞ അഞ്ചു വർഷമായി കഴിയുന്നു. കൂടാതെ അനേകം വീടുകൾ ഭാഗികമായി തകർന്നു. മേൽപ്പറഞ്ഞ പ്രശ്നങ്ങളിൽ ചിലതിന് സർക്കാർ പരിഹാരം കാണാൻ സന്നദ്ധത പ്രകടിപ്പിച്ചെങ്കിലും ആദാനിയുടെ അന്താരാഷ്ട്ര തുറമുഖ നിർമ്മാണം മൂലം ഉണ്ടാകുന്ന തീരശോഷണത്തിന് ശാശ്വത പരിഹാരം കാണുകയെന്ന പ്രധാന പ്രശ്നത്തിന് ഇനിയും സർക്കാർ മുന്നോട്ട് വന്നിട്ടില്ല.



കഴിഞ്ഞ ജൂലൈ മാസം 20–ാം തീയതി ആരംഭിച്ച സമരം സെക്രട്ടേറിയറ്റ് നടയിലും, തുറമുഖകവാടം ഉപരോധിച്ചുകൊണ്ട് ഓഗസ്റ്റ് 16–ാം തീയതി ആരംഭിച്ച അനിശ്ചിതകാലസമരം തുടരുകയാണ് തിരുവനന്തപുരം ജില്ലയിലെ മുതലപ്പൊഴിയിലും കന്യാകുമാരി ജില്ലയിലെ തേങ്ങാപട്ടണത്തിലും നടത്തിയ അര കിലോമീറ്ററിന് താഴെ മാത്രം നീളമുള്ള പുലിമുട്ട് നിർമ്മാണത്തെ തുടർന്ന് അവിടെയുണ്ടായ തീരശോഷണവും അപകടങ്ങളും ഞെട്ടിപ്പിക്കുന്നവയാണ്. അപ്പോഴും വിഴിഞ്ഞം വാണിജ്യതുറത്തിനായി 3.2 കിലോമീറ്റർ പുലിമുട്ട് നിർമ്മിക്കുമ്പോൾ ഉണ്ടാകാനിടയുള്ള പ്രത്യാഘാതങ്ങൾ ഭയാനകവും പ്രവചനാതീതവുമായിരിക്കും.

ഇതിനകം തന്നെ വലിയകടപ്പുറത്ത് കമ്പിവേലികെട്ടിതിരിക്കുന്നതിനുള്ള നീക്കങ്ങൾ ആരംഭിച്ചുകഴിഞ്ഞു. കപ്പലുകളുടെ സുരക്ഷിതമായ പോക്കുവരവിന് സഹായകരമാകുന്ന നിലയിൽ പോർട്ട് ഏരിയയിൽ മത്സ്യബന്ധന യാനങ്ങൾ പ്രവേശിപ്പിക്കുന്നത് ഒഴിവാക്കാൻ പോർട്ട് നിയമങ്ങൾ ഉപയോഗിച്ച് വിഴിഞ്ഞം മുതൽ പൊഴിയൂർവരെ മത്സ്യബന്ധന നിരോധിത മേഖലയായി (SEZ) പ്രഖ്യാപിക്കാനുള്ള സാധ്യത ഏറെയാണ്. വിഴിഞ്ഞം മുതൽ പൊഴിയൂർവരെ കേന്ദ്ര ഗവേഷണ സ്ഥാപന (CMFRI) ത്തിന്റെ 2010 ലെ കണക്കനുസരിച്ച് 1882 മത്സ്യയൂണിറ്റുകൾ പ്രവർത്തിക്കുന്നു. ഇവയുടെ പ്രവർത്തനത്തെ ഇത് പ്രതികൂലമായി ബാധിക്കും. നിലവിലുള്ള വിഴിഞ്ഞം മത്സ്യബന്ധന ഹാർബറിന്റെ തെക്കേ പുലിമുട്ടിനേക്കാൾ 800 മീറ്റർ കടലിൽ തള്ളിനിൽക്കുന്ന പുതിയ പുലിമുട്ട് നിർമാണം ഹാർബറിലേക്ക് മണ്ണ് കയറുന്നതിനും തിരയിളക്കം ഉണ്ടാകുന്നതിനും കാരണമാകുമെന്ന് നിർമ്മാണം തുടങ്ങുന്നതിന് മുമ്പുതന്നെ മത്സ്യത്തൊഴിലാളികൾ അഭിപ്രായപ്പെട്ടതാണ്. നടപ്പാക്കുന്ന പദ്ധതികാരണം മത്സ്യബന്ധന ഹാർബറിൽ മണ്ണ് കയറി ആഴംകുറയുകയും ഇതിനകം 5 അപകടമരണങ്ങൾ ഉണ്ടാവുകയും ചെയ്തു.

കൂടാതെ പൂന്തുറ മുതൽ തുമ്പവരെ ഭീമമായ തോതിൽ കവരുകയും വീടുകളും സ്കൂളുകളും ദേവാലയങ്ങളും നിലനിൽപ്പ് ഭീഷണി നേരിടുകയുമാണ്. തുടർച്ചയായ ഡ്രഡ്ജിംഗ് കാരണം മത്സ്യ ആവാസ വ്യസ്ഥയെ തകർക്കുകയും മത്സ്യലഭ്യത ഇല്ലാതാവുകയും ചെയ്യും. തീരശോഷണത്തിന്റെ കാരണമറിയാൻ സുതാര്യമായ പഠനം നടത്തണമെന്നതാണ് പ്രധാന ആവശ്യം. തങ്ങളുടെ പ്രതിനിധികളെ കൂടി ഉൾപ്പെടുത്തി ശാസ്ത്രീയ പഠനം വേണമെന്നും അതുവരെ തുറമുഖ നിർമ്മാണം നിർത്തിവയ്ക്കണമെന്നും തീരദേശവാസികൾ ആവശ്യപ്പെടുന്നു. അതുകൊണ്ടുതന്നെ ഈ ആവശ്യം നിറവേറുംവരെ സമരം ശക്തമായി മുന്നോട്ടുകൊണ്ടുപോകാനാണ് സമരസമിതി പ്രഖ്യാപിച്ചിരിക്കുന്നത്. ഇത് കേരളത്തിന്റെ പ്രശ്നമാണ്. കേരള ജനത കോർപ്പറേറ്റുകളുടെ കടന്നുകയറ്റം എന്തുവിലകൊടുത്തും ചെറുത്തുനിർത്തുക പൊതുസമൂഹത്തിന്റെ ചരിത്രദൗത്യമാണ്. ■



NATIONAL BOARD of ACCREDITATION
Accredited *
MARIAN
ENGINEERING COLLEGE
Menamkulam, Kazhakuttom, Trivandrum- 695582
Affiliated to APJ Abdul KalamTechnological University
An ISO 9001-2015 Certified
Approved by AICTE
COLLEGE CODE
MCE
B.Tech
CivilEngineering
Mechanical Engineering
Computer Science & Engineering
Electronics & Communication Engineering
Electrical & Electronics Engineering
M.Tech
Geo Technical Engineering
MARIAN ENGINEERING COLLEGE
FOR ADMISSION CONTACT
8281377111
9188447588
web: www.marian.ac.in
email: admission@marian.ac.in
FIRST POSITION AMONG THE PRIVATE COLLEGES IN TRIVANDRUM AS PER THE FINAL SEMESTER 2019 AND 2020 BATCH RESULTS (KTU)
100% RESULT IN M.TECH WITH 79% STUDENTS SECURING SGPA 10.
102 STUDENTS PLACED THROUGH CAMPUS RECRUITMENT IN 2020 BATCH
SCHOLARSHIP WORTH 1.5 CRORES PER YEAR
VIBRANT START UP ECOSYSTEM, WITH ACTIVE IEDC
* B.Tech - ME & CSE
B. ARCH DEGREE EXAMINATION
UNIVERSITY RANK HOLDERS- CUSAT 2020
RANK 2
JISNA S JOSE
RANK 4
SUMAYYA S
m.CAP
Menamkulam, Kazhakuttom, Trivandrum- 695582
MARIAN COLLEGE OF ARCHITECTURE & PLANNING
Managed by the Latin Archdiocese of Trivandrum
Recognized by Cochin University of Science and Technology
Approved by Council Of Architecture, New Delhi
COLLEGE CODE
MCR
M.CAP
B.Arch Seats - 80
FOR ADMISSION CONTACT
8281388111
9495707555
web: www.mcap.edu.in
email: marianarch.in@gmail.com

Total Page 44 Pub. Date : 01.09.2022
RNI Registered NO. 36056/81 REG NO. KL/TV(S)266/2021-2023. WPP NO. KL/TV(S)WPP/171/2021-2023 JEEVANUM VELICHAVUM Rs. 25.00




Printed and Published by Fr. Eugine H. Pereira the Archdiocese of Trivandrum, Printed at Jeevajyothi Offset Press,
Vellayambalam, TVM - 695003. Phone: 0471-2311620. Published at Trivandrum, Animation Centre, Vellayambalam-695003. Editor : Fr. Deepak Anto